പതിമൂന്നാം കേരള നിയമസഭ
**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി VI

## (SUBJECT COMMITTEE VI)

**വിദ്യാഭ്യാസം**
**(EDUCATION)**

**പീരിയോഡിക്കൽ റിപ്പോർട്ട്**
(2014 മാർച്ച് 31 വരെയുള്ളത്)
**(PERIODICAL REPORT AS ON 31ST MARCH, 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂൺ 30-ാം തീയതി സമർപ്പിച്ചത്
(Presented on 30th June, 2014)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**
(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1019/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 82 |

## സബ്ജക്റ്റ് കമ്മിറ്റി VI

## വിദ്യാഭ്യാസം

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി

,, ഇ. ചന്ദ്രശേഖരൻ

ഡോ. എൻ. ജയരാജ്

,, കെ. ടി. ജലീൽ

ശ്രീ. ജോസഫ് വാഴക്കൻ

,, റ്റി. വി. രാജേഷ്

,, ഷാഫി പറമ്പിൽ

,, എം. ഉമ്മർ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

,, ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011-13, 2013-16 കാലയളവുകളിലുള്ള സമിതികൾ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെ സമിതി 10 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 6 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 1 യോഗം ബില്ലുകളുടെ പരിഗണനയ്ക്കായും 2 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കളുടെ സാധൂകരണം, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, പെൻഡിംഗ് ഫയലുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും 1 യോഗം 235 (എ) പ്രകാരം ഉള്ളതും ആയിരുന്നു. യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർനില 42.3 ശതമാനമായിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ 2012-13 വർഷത്തെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും ഒന്നാം അദ്ധ്യായമായും ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും ചട്ടം 236(6) പ്രകാരമുള്ള സമയപരിധി കഴിഞ്ഞ് ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും രണ്ടാം അദ്ധ്യായമായും സമിതി പരിശോധിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ചട്ടം 235(എ) പ്രകാരമുള്ള യോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായമായും ഉൾപ്പെടുത്തിയിരിക്കുന്നു.യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2014 ജൂൺ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ജൂൺ 26.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

# റിപ്പോർട്ട്

## അദ്ധ്യായം I

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 17-4-2013, 24-4-2013 എന്നീ തീയതികളിൽ യോഗം ചേർന്ന് വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിലുള്ള വിവിധ ശീർഷകങ്ങളിന്മേൽ 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച സമിതി യുടെ മൂന്നാമത് റിപ്പോർട്ടിന്റെ കരട് 7-5-2013-ലെ യോഗത്തിൽ അംഗീകരിക്കുകയും 10-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുളള പീരിയോഡിക്കൽ റിപ്പോർട്ട് 7-5-2013-ലെ സമിതിയോഗം അംഗീകരിക്കുകയും 24-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ (2012-13) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 20-6-2013-ലെ സമിതി യോഗം അംഗീകരിക്കുകയും 24-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതി 19-2-2014, 24-2-2014 എന്നീ തീയതികളിൽ യോഗം ചേർന്ന് വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ വിവിധ ശീർഷകങ്ങളിന്മേൽ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും 12-3-2014-ലെ യോഗത്തിൽ പ്രസ്തുത സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

### വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച മറുപടികളും

(i) **7-5-2013-ലെ യോഗത്തിൽ പരിഗണിച്ചവ**

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2000-01)

#### ശിപാർശ

എയ്ഡഡ് സ്കൂളുകൾക്ക് വർഷംതോറും നൽകിവരുന്ന മെയ്ന്റനൻസ് ഗ്രാന്റ് ഇനത്തിൽ നടപ്പുസാമ്പത്തികവർഷം തുക നീക്കി വച്ചിട്ടുള്ളതായി കാണുന്നില്ല. തുക അനുവദിക്കാത്തത് സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ള തിനാൽ ഈ ഇനത്തിൽ 63 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2000-01 സാമ്പത്തികവർഷത്തിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ തുടർവർഷങ്ങളിൽ ആവശ്യമായ തുക ഉൾക്കൊള്ളിക്കുകയും കുടിശ്ശിക ഉൾപ്പെടെ തുക അനുവദിച്ച് നൽകുകയും ചെയ്തു. നിലവിൽ കുടിശ്ശിക ഇല്ലാത്തതിനാൽ അധിക തുക ആവശ്യമില്ല എന്ന് അറിയിക്കുന്നു. ഈ സാമ്പത്തികവർഷത്തിൽ (2012-13-ൽ) ഈ ആവശ്യത്തിന് 24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 72948/എൽ1/2009/പൊ.വി.വ. തീയതി 20-3-2013)

ശിപാർശ

കണ്ണൂർ സർവ്വകലാശാലയ്ക്ക് കെട്ടിടനിർമ്മാണത്തിന് നീക്കിവച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് പ്ലാൻ ഇനത്തിൽ 5.75 കോടി രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

2000-01, 2004-05 കാലയളവിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 16% മുതൽ 43% വരെ വർദ്ധനവ് നൽകിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് പദ്ധതിയിനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. സർക്കാരിന്റെ വിഭവ ലഭ്യതയുടെ പരിമിതി കാരണം ഇപ്പോൾ അധിക തുക അനുവദിക്കാനാവില്ല.

(സർക്കാർ കത്ത് നമ്പർ 31175/ബി1/2012/ഉ.വി.വ. തീയതി 12-10-2012)

ശിപാർശ

ഡയറക്ടറേറ്റും അഞ്ച് മേഖലാ ഓഫീസുകളും നവീകരിക്കുന്നതിന് മൊത്തം പതിനഞ്ച് ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. കഴിഞ്ഞവർഷം ആരംഭിച്ച ഡയറക്ടറേറ്റ് നവീകരണം പൂർത്തിയാക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടെ നവീകരണത്തിനും ഈ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി ഈ കണക്കിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റും അതിന് കീഴിൽ വരുന്ന അഞ്ചു മേഖലാ ഓഫീസുകളും നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ സെക്ഷനുകളും ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ, പ്രിന്റർ, സ്കാനർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്, എല്ലാ സെക്ഷനുകളും ക്യാബിനായി തിരിച്ചിട്ടുണ്ട്. മേഖലാ ഓഫീസുകളും നവീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. 2012-13 സാമ്പത്തികവർഷം

ഡയറക്ടറേറ്റിന്റെയും ഓഫീസുകളുടെയും നവീകരണത്തിനായി 57 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 31175/ബി1/2012/ഉ.വി.വ. തീയതി 12-10-2012)

<u>ശിപാർശ</u>

സ്പെഷ്യൽ ഗ്രേഡ് കോളേജുകളെ വിശിഷ്ട കേന്ദ്രങ്ങളായി ഉയർത്തലും ആധുനീകരണവും മെച്ചപ്പെടുത്തലും എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

സ്പെഷ്യൽ ഗ്രേഡ് കോളേജുകളെ വിശിഷ്ട കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആധുനീകരിക്കുന്നതിനും 2202-03-103-82 ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2012-13 സാമ്പത്തികവർഷം കോളേജുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് 2202-03-103-75-01 ശീർഷകത്തിൽ 500 ലക്ഷം രൂപയും കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് 2202-03-800-52 ശീർഷകത്തിൽ 450 ലക്ഷം രൂപയും പൈതൃക കോളേജുകൾ ഉൾപ്പെടെ 10 കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 2202-03-103-69 ശീർഷകത്തിൽ 1000 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽപ്പെടുന്ന വിഷയങ്ങൾ മേൽ വകയിരുത്തലിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനാവുമെന്നതിനാൽ ഈ ഇനത്തിൽ തുക അനുവദിക്കേണ്ടതില്ലെന്നുകാണുന്നു.

(സർക്കാർ കത്ത് നമ്പർ 31175/ബി1/2012/ഉ.വി.വ. തീയതി 12-10-2012)

<u>ശിപാർശ</u>

ലോൺ സ്കോളർഷിപ്പ് വാങ്ങിയിട്ടുള്ള വിദ്യാർത്ഥികൾ അദ്ധ്യാപകനായിട്ടോ മിലിട്ടറി സേവനത്തിലോ ഏർപ്പെടുകയാണെങ്കിൽ അവർ വാങ്ങിയിട്ടുള്ള സ്കോളർഷിപ്പ് എഴുതിത്തള്ളുന്ന പദ്ധതിയാണിത്. ഇതിനായി ഒരു ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

അർഹരായ വിദ്യാർത്ഥികൾക്ക് അവർ വാങ്ങിയിട്ടുള്ള സ്കോളർഷിപ്പ് എഴുതിത്തള്ളിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31175/ബി1/2012/ഉ.വി.വ. തീയതി 12-10-2012)

<u>ശിപാർശ</u>

യു.ജി.സി. ഇംപ്ലിമെന്റേഷനും അനുബന്ധ ചെലവുകൾക്കുമായി 42 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകരുടെ ശമ്പളയിനത്തിൽ അധിക തുക ആവശ്യമായതിനാൽ 42 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതിനും അദ്ധ്യാപകരുടെ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിനും ആവശ്യമായ തുക തുടർ വർഷങ്ങളിൽ ലഭ്യമായതിനാൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31176/സി2/2012/ഉ.വി.വ. തീയതി 4-4-2013)

ശിപാർശ

മതിയായ ഫണ്ടില്ലാത്തതിനാൽ മുടങ്ങിക്കിടക്കുന്ന കോളേജ് കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

മതിയായ ഫണ്ടില്ലാത്തതിനാൽ മുടങ്ങിക്കിടക്കുന്ന കോളേജ് കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ തുക തുടർ വർഷങ്ങളിൽ ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കോളേജ്, ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. 2010-11 സാമ്പത്തികവർഷം 4202-01-203-99 ശീർഷകത്തിൽ 600 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക പുതുതായി ആരംഭിച്ച അമ്പലപ്പുഴ കോളേജിന്റെ കെട്ടിടനിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ 4202-01-203-89 ശീർഷകത്തിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി 350 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആറ്റിങ്ങൽ, തിരൂർ, വനിതാ കോളേജ് തിരുവനന്തപുരം, പേരാമ്പ്ര, തൃശൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം നടന്നുവരുന്നു.

(സർക്കാർ കത്ത് നമ്പർ 31178/എഫ്2/2012/ഉ.വി.വ. തീയതി 5-10-2012)

ശിപാർശ

സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന അന്തർദേശീയ ചലച്ചിത്രോത്സവങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയെങ്കിൽ മാത്രമേ വരുംകാലങ്ങളിൽ ഈ മേള നടത്തുവാൻ കഴിയുകയുള്ളൂവെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ ബഡ്ജറ്റിൽ അന്തർദേശീയ ചലച്ചിത്രോൽസവത്തിന് പ്രത്യേക ഹെഡ്ഡിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

അന്തർദേശീയ ചലച്ചിത്രോൽസവത്തിന് പ്രത്യേക ഹെഡ്ഡിൽ 10 കോടി രൂപ വകയിരുത്തണമെന്ന സമിതി ശിപാർശ നടപ്പിലാക്കാനായില്ലെങ്കിലും ഈ ഇനത്തിൽ ആവശ്യമായ തുക കാലാകാലങ്ങളിൽ സർക്കാർ അനുവദിച്ച് നൽകാറുണ്ട്. 2010-11-ൽ 5-1-2011-ലെ സ.ഉ. (സാധാ.) 11/11 സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയും 2011-12-ൽ 8-12-2011-ലെ സ.ഉ. (എംഎസ്.) 60/11/സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം 1.5 കോടി രൂപയും ഇതിലേക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31178/എഫ്2/2012/ഉ.വി.വ. തീയതി 5-10-2012)

<u>ശിപാർശ</u>

31-3-2000 വരെ സബ്സിഡി കുടിശ്ശിക ഇനത്തിൽ 75.75 ലക്ഷം രൂപ സിനിമാ നിർമ്മാതാക്കൾക്ക് കൊടുത്തു തീർക്കാനുണ്ട്. ഈ ഇനത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുളളത് തികച്ചും അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

സബ്സിഡി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി തുക വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം പരിഗണിക്കാനായില്ലെങ്കിലും സബ്സിഡി നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനായി 25-5-2012-ലെ സ.ഉ. (സാധാ.) 286/12/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൂടുതൽ തുക വകയിരുത്തുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 4101/ബി3/2010/സാം.കാ.വ. തീയതി 5-9-2012)

<u>ശിപാർശ</u>

രാജാറാം മോഹൻറോയി ലൈബ്രറി ഫൗണ്ടേഷന് മാച്ചിംഗ് ഗ്രാന്റിന് ആവശ്യമായ 25 ലക്ഷം രൂപയും 2205-105-97-പബ്ലിക് ലൈബ്രറി, തിരുവനന്തപുരം, ഈ ഹെഡ്ഡിൽ കുട്ടികളുടെ ലൈബ്രറിയുടെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

പബ്ലിക് ലൈബ്രറിയിലെ കുട്ടികളുടെ ലൈബ്രറിയുടെ പണി 2005-ൽ പൂർത്തീകരിച്ചിട്ടുണ്ട്. രാജാറാം മോഹൻറോയി ലൈബ്രറി ഫൗണ്ടേഷന് മാച്ചിംഗ് ഗ്രാന്റായി സർക്കാർ വിഹിതമായ തുക അനുവദിക്കണമെന്ന ശുപാർശയിന്മേൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായതിനാൽ

ടി സ്ഥാപനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ രാജാറാം മോഹൻറോയി ലൈബ്രറി ഫൗണ്ടേഷനിൽ അടയ്ക്കേണ്ട സർക്കാർ വിഹിതവും ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 32161/എ1/2012/ഉ.വി.വ. തീയതി 28-9-2012)

## സബ്ജക്ട് കമ്മിറ്റി X—ആഭ്യന്തരകാര്യങ്ങൾ

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2002-03)

ശിപാർശ

പുതിയ ആഗോള സാഹചര്യങ്ങളെക്കുറിച്ച് വളരുന്ന തലമുറയിൽ അവബോധം വളർത്തുക, വിവരസാങ്കേതികവിദ്യ പ്രദാനം ചെയ്യുന്ന സാധ്യതകൾ പ്രയോജനപ്പെടുത്താൻ അവരെ പ്രാപ്തരാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന സംസ്ഥാന യുവജന കേന്ദ്രത്തിനായി വകയിരുത്തിയിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2002-03 സാമ്പത്തികവർഷം സംസ്ഥാന യുവജനകേന്ദ്രത്തിനുള്ള തുക വർദ്ധിപ്പിച്ചിട്ടില്ല. 2007-08 സാമ്പത്തിക വർഷത്തിനുശേഷം സംസ്ഥാന യുവജന കേന്ദ്രത്തിനായി പ്രത്യേകം തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 1954/ബി2/2012/കാ.യു.വ. തീയതി 13-3-2013)

ശിപാർശ

കേരളത്തിലെ യുവജനങ്ങളുടെ സർഗ്ഗാത്മക കഴിവുകളെ വികസിപ്പിക്കുന്നതിനും പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിനുമായി ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാ/സംസ്ഥാന തലങ്ങളിൽ കേരളോത്സവം സംഘടിപ്പിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഉചിതമായ മാർഗ്ഗത്തിലൂടെ ഈ തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2002-03 സാമ്പത്തികവർഷം കേരളോത്സവത്തിന് തുക വർദ്ധിപ്പിച്ചിട്ടില്ല. കേരളോത്സവം സംഘാടനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യുവജനക്ഷേമ ബോർഡ് നൽകി വരുന്ന ഗ്രാന്റ് വർദ്ധിപ്പിച്ച് 25-5-2012-ലെ

സ.ഉ. (സാധാ.) നമ്പർ 131/12/കാ.യു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് — 15,000 രൂപ, ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ — 30,000 രൂപ, ജില്ലാ പഞ്ചായത്ത് — 1,00,000 രൂപ, സംസ്ഥാന കേരളോത്സവം — 10,00,000 രൂപ.

(സർക്കാർ കത്ത് നമ്പർ 1954/ബി2/2012/കാ.യു.വ. തീയതി 13-3-2013)

ശിപാർശ

2204-00-103-90-എന്ന ഹെഡ്ഡിന് 'യുവജനോത്സവം സംഭാവന' എന്ന പേര് അനുചിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത ഹെഡ്ഡിന്റെ പേര് നാടൻ കലാപരിശീലനം എന്നാക്കി മാറ്റുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

2204-00-103-90-എന്ന ശീർഷകം 'യുവജനോത്സവം സംഭാവന' എന്നതിനുപകരം 'നാടൻ കലാ പരിശീലനം' എന്ന് മാറ്റിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1954/ബി2/2012/കാ.യു.വ. തീയതി 13-3-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണ്. സ്കോളർഷിപ്പ് കുടിശ്ശിക നൽകുന്നതിന് മാത്രം 332 ലക്ഷം രൂപ അധികമായി വേണ്ടിവരും. മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലും ഇതിനായുള്ള തുക വർദ്ധിപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടിട്ടും യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല. ആയതിനാൽ അതിന്റെ ഗൗരവം കണക്കിലെടുത്ത് കുടിശ്ശിക തുകയായ 332 ലക്ഷം രൂപയും നടപ്പുസാമ്പത്തികവർഷത്തേക്ക് കൂടുതലായി ആവശ്യപ്പെട്ട തുകയും അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

മുസ്ലീം, നാടാർ, ആംഗ്ലോ ഇൻഡ്യൻ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് അധികതുകയൊന്നും 2003-04 സാമ്പത്തിക വർഷത്തിൽ വകയിരുത്തുകയുണ്ടായില്ല. നടപ്പ് സാമ്പത്തികവർഷത്തിൽ (2012-13) 744.92 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 63280/എൻ1/2012/പൊ.വി.വ. തീയതി 20-3-2013)

ശിപാർശ

ഈ വർഷം സതേൺ ഇൻഡ്യ സയൻസ് ഫെയർ കേരളത്തിൽ വച്ച് നടത്താൻ തീരുമാനിച്ച സാഹചര്യത്തിൽ കണക്ക്, സയൻസ് എന്നീ വിഷയങ്ങളിലെ പഠനം പുഷ്ടിപ്പെടുത്തുന്നതിന് ഈ വർഷം വകയിരുത്തിയിട്ടുളള 25 ലക്ഷം രൂപ പര്യാപ്തമാണോ എന്ന് പരിശോധിക്കണമെന്നും ആവശ്യമെങ്കിൽ അധിക തുക അനുവദിച്ചു നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് ടി സാമ്പത്തികവർഷം 9 ലക്ഷം രൂപ അധികമായി വകയിരുത്തുകയുണ്ടായി. 2012-13-ൽ 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 63280/എൻ1/2012/പൊ.വി.വ. തീയതി 20-3-2013)

## സബ്ജക്ട് കമ്മിറ്റി X—ആഭ്യന്തര കാര്യങ്ങൾ

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

ശിപാർശ

സംസ്ഥാനത്തെ ഒരു ബ്ലോക്കിൽ ഒരാൾ എന്ന നിലയിൽ 153 യൂത്ത് വെൽഫെയർ ഓഫീസർമാർ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ 17 പേർ മാത്രമേ ശേഷിക്കുന്നുള്ളൂ. യൂത്ത് വെൽഫെയർ ഓഫീസർമാരുടെ ഒഴിവുകൾ ഉദ്യോഗസ്ഥ പുനർവിന്യാസംവഴി നികത്താനുള്ള നടപടികൾ ആരംഭിച്ചതായി സമിതി മനസ്സിലാക്കുന്നു. ഒരു ബ്ലോക്കിന് ഒരു ഓഫീസർ എന്ന നിലയിൽ യൂത്ത് വെൽഫെയർ ഓഫീസർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നിലവിൽ കേരളത്തിലെ 14 ജില്ല കളിലും ജില്ലാ യുവജന കേന്ദ്രങ്ങളും ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാദമി ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. 14 ജില്ലാ യുവജനകേന്ദ്രങ്ങളിലും നിലവിൽ ജില്ലാ യൂത്ത് പ്രോഗ്രാം/ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ 14 ജീവനക്കാരുണ്ട്. കൂടാതെ രണ്ട് അഡ്വഞ്ചർ അക്കാഡമിയുടെയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം

വഹിക്കുന്നതിനായി 2 സ്പെഷ്യൽ ഓഫീസർമാരും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഉദ്യോഗസ്ഥർ യുവജനക്ഷേമ പ്രവർത്തനങ്ങളിൽ നിപുണത ഉള്ളവരും വിവിധ യുവജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന വരുമാണ്. സംസ്ഥാനത്തെ യുവജനക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിജയിപ്പിക്കുന്നതിനും ഇവർ പ്രാപ്തരാണ്. പ്രസ്തുത സാഹചര്യത്തിൽ ഓരോ ബ്ലോക്കിലും ഓരോ യൂത്ത് വെൽഫെയർ ഓഫീസർ എന്ന നിലയിൽ യൂത്ത്വെൽഫെയർ ഓഫീസർമാരെ നിയമിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 33443/ജെ2/2012/ഉ.വി.വ. തീയതി 18-3-2013)

ശിപാർശ

കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയാക്കിയതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന ചെലവ് കേന്ദ്ര ഗവൺമെന്റ് വഹിക്കുകയും സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യതയൊന്നുമില്ലാതെ വരുകയും ചെയ്തതിനാൽ 2203-00-104-97 എന്ന ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള 350.05 ലക്ഷം രൂപ പദ്ധതിയേതര വിഹിതത്തിൽ നിന്നും കുറവ് വരുത്താവുന്നതാണെന്നും പ്രസ്തുത തുക പ്രത്യുൽപ്പാദനപരമായ മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

2003-04 സാമ്പത്തികവർഷത്തിൽ പദ്ധതിയേതര വിഹിതത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്ക് (പഴയ കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജ്) 2203-00-104-97 എന്ന ശീർഷകത്തിൽ 350.05 ലക്ഷം രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും യാതൊരുവിധ അലോട്ടുമെന്റും 2203-00-104-97 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി നൽകിയിട്ടില്ല എന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 2003-04-ലെ കണക്കുകൾ സൂചിപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 33443/ജെ2/2012/ഉ.വി.വ. തീയതി 18-3-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2004-05)

ശിപാർശ

സ്കൂളുകളിലെ കായിക വിദ്യാഭ്യാസ പരിപാടിക്കുവേണ്ടി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ആതറൈസേഷൻ

മുഖേന ഇക്കാര്യത്തിന് ഫണ്ട് ലഭിക്കുകയുണ്ടായി. ഈ വർഷവും ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കായിക വിദ്യാഭ്യാസ പദ്ധതിക്കായി 7.79 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2004-05 സാമ്പത്തികവർഷം സമിതിയുടെ ശിപാർശ പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. സ്കൗട്ട്സ്, ഗൈഡ്സിന് 2012-13-ൽ 91 ലക്ഷം രൂപ പ്ലാനിലും നോൺ പ്ലാനിലുമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 52421/എസ്2/2012/പൊ.വി.വ. തീയതി 1-3-2013)

ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിന് ഈ വർഷം 3,34,37,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തികവർഷം 3.03 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ 3.50 കോടി രൂപയോളം കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ട്. ആയതിനാൽ, കുടിശ്ശിക തുകയായ 3.50 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

2004-05-ലെ സാമ്പത്തികവർഷത്തിൽ സ്കോളർഷിപ്പുകൾ നൽകുന്നതിന് 3,34,37,000 രൂപ വകയിരുത്തിയിരുന്നു. കൂടാതെ ഇതേ വർഷത്തെ സപ്ലിമെന്ററി ഗ്രാന്റായി 50 ലക്ഷം രൂപ സ്കോളർഷിപ്പ് ഇനത്തിൽ നൽകിയിട്ടുണ്ട്. അർഹരായ കുട്ടികൾക്ക് കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി ടി തുക എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 45204/എ1/2004/പൊ.വി.വ. തീയതി 20-3-2013)

ശിപാർശ

കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽനിന്ന് പിരിച്ചുവിട്ട ജീവനക്കാരുടെ ലയബിലിറ്റീസ് ഉടനെ കൊടുത്തു തീർക്കണമെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ, അതിനായും, മറ്റ് വികസന പ്രവർത്തനങ്ങൾക്കായും 10 കോടി രൂപ വകയിരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2004-05 മുതലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കേരള സ്റ്റേറ്റ് ഓഡിയോ വിഷൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്—ഓരോ സാമ്പത്തികവർഷവും ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ വർദ്ധനവ് നൽകിയിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കും പ്രകാരം ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധിക വിഹിതവും അനുവദിച്ചിട്ടുണ്ട്:

| *സാമ്പത്തിക വർഷം* | *ബഡ്ജറ്റ് എസ്റ്റിമേറ്റ്* | *കൂടുതൽ അനുവദിച്ചത്* | *ആകെ (തുക ലക്ഷത്തിൽ)* |
|---|---|---|---|
| 2004–05 | 18.03 | 10.00 | 28.03 |
| 2005–06 | 19.83 | 74.16 | 93.99 |
| 2007–08 | 25.00 | 10.00 | 35.00 |
| 2008–09 | 127.50 | 110.00 | 237.50 |
| 2010–11 | 183.27 | 50.00 | 233.27 |

മാത്രമല്ല നിലവിലുള്ള വിഭവലഭ്യതയുടെ പരിമിതി മൂലവും ചെലവ് നിയന്ത്രണ നിർദ്ദേശങ്ങളുടെ വെളിച്ചത്തിലും കേരളാ സ്റ്റേറ്റ് ഓഡിയോ വിഷൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് (ഇപ്പോൾ സി-ആപ്റ്റ്) 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 30126/കെ3/2012/ഉ.വി.വ. തീയതി 6-12-2012)

ശിപാർശ

കേരളത്തിലെ സ്കൂൾ-കോളേജ്തല വിദ്യാർത്ഥികൾക്കായി സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയാൽ അതിനനുസൃതമായ തുക കേന്ദ്ര സർക്കാർ നൽകുമെന്നും ഹോസ്റ്റൽ നടത്തിപ്പിനുള്ള ചെലവ് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ വഹിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ആവശ്യമായ തുക ഇതിലേക്കായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

കേരളത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 61/എ1/2012/കാ.യു.വ. തീയതി 3-10-2012)

ശിപാർശ

സ്പോർട്സ് യുവജന കാര്യാലയത്തിന് അനുയോജ്യമായ കെട്ടിടം സ്വന്തമായി ഇല്ലാത്തതിനാൽ ഇപ്പോൾ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലാണ്

പ്രവർത്തിക്കുന്നത്. ഈ കാര്യാലയത്തിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുകയും നിർമ്മാണത്തിനായി 35 ലക്ഷം രൂപ വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ വാട്ടർ അതോറിറ്റി സ്ഥലം ലഭ്യമാക്കാൻ വിമുഖത കാണിച്ചതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പുതിയ സ്ഥലം കണ്ടെത്തി, സ്പോർട്സ് യുവജന കാര്യാലയത്തിന്റെ പണി അടിയന്തിരമായി ആരംഭിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

കായിക യുവജനകാര്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി 35 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയാണുണ്ടായത്. പുതിയ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ കെട്ടിടം നിർമ്മാണത്തിനായി തുക വകയിരുത്താൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 61/എ1/2012/കാ.യു.വ. തീയതി 3-10-2012)

ശിപാർശ

മാവേലിക്കരയിലും തൃശ്ശൂരുമുള്ള ഫൈൻ ആർട്സ് കോളേജുകൾക്ക് കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകി ആവശ്യമായ തുക ഈ സാമ്പത്തിക വർഷം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

മാവേലിക്കര രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ പുതിയ കെട്ടിടം പണിയുന്നതിനുവേണ്ടി 31-3-2004-ലെ ജി.ഒ. (ആർറ്റി.) നമ്പർ 447/04/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകുകയും 282.07 ലക്ഷം രൂപ ചെലവിട്ട് പണി പൂർത്തീകരിക്കുകയും ചെയ്തു. തൃശൂർ ഫൈൻ ആർട്സ് കോളേജിൽ ക്ലാസ്മുറി പണിയുന്നതിനു വേണ്ടി 23-9-2009-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1539/2009/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകുകയും 38.56 ലക്ഷം രൂപ ചെലവിട്ട് പണി പൂർത്തീകരിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 881/ജെ1/2012/ഉ.വി.വ. തീയതി 17-7-2012)

ശിപാർശ

കേന്ദ്ര സംസ്ഥാന കലാകാര പെൻഷൻ പദ്ധതിക്ക് 2004-05 സാമ്പത്തികവർഷം 3 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായം നൽകാൻ 5 ലക്ഷം രൂപയെങ്കിലും ആവശ്യമായതിനാൽ 2 ലക്ഷം രൂപ കൂടി ഇതിലേക്കായി അനുവദിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

കേന്ദ്ര സംസ്ഥാന കലാകാര പെൻഷനായി 2004-05 വർഷം തെരഞ്ഞെടുക്കപ്പെട്ട എല്ലാ കലാകാരൻമാർക്കും 2004-05 വർഷത്തിൽ വകയിരുത്തിയ തുക പര്യാപ്തമായിരുന്നതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല. തുടർന്നുള്ള വർഷങ്ങളിൽ ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി തുക വകയിരുത്തിയിട്ടുണ്ട്. 2008-09 വർഷം മുതൽ 10 ലക്ഷം രൂപയും 2011-12 വർഷം മുതൽ 20 ലക്ഷം രൂപയും കേന്ദ്ര സംസ്ഥാന കലാകാര പെൻഷൻ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6635/സി3/2012/സാം.കാ.വ. തീയതി 6-3-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

ശിപാർശ

39 ടെക്നിക്കൽ സ്കൂളുകളിൽ ഗ്രേഡിംഗ് നടപ്പാക്കുന്നതിന് എൻ.സി.ഇ.ആർ.ടി.-യിൽ നിന്നും ചെലവഴിച്ച തുക തിരികെ നൽകുന്നതിനും ഹരിപ്പാട് ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം പണിയുന്നതിനും കോട്ടയം ആർ.ഐ.റ്റി.-യിൽ ആരംഭിച്ചിട്ടുള്ള പുതിയ എം.ടെക്. കോഴ്സിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 475 ലക്ഷം രൂപ കൂടി ഉചിതമായ മാർഗ്ഗത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

39 ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി സോഴ്സ് ബുക്ക് തയ്യാറാക്കുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നല്കിയതിനുമായി 61,00,855 രൂപ ചെലവായതായി പൂജപ്പുര എസ്.സി.ഇ.ആർ.റ്റി. ചട്ടാനുസരണം അറിയിച്ചതനുസരിച്ച് 30,00,000 രൂപ 28-3-2009-ൽ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഹരിപ്പാട് ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം പണിയുന്നതിനും കോട്ടയം ആർ.ഐ.റ്റി.-യിൽ ആരംഭിച്ചിട്ടുള്ള പുതിയ എം.ടെക്. കോഴ്സിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായുള്ള ചെലവുകൾ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്നതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ പൊതുമരാമത്ത് ബിൽഡിംഗ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

(സർക്കാർ കത്ത് നമ്പർ 33443/ജെ2/2012/ഉ.വി.വ. തീയതി 2-3-2013)

ശിപാർശ

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനായി നോൺ പ്ലാൻ ഇനത്തിൽ 285.75 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 323.75 ലക്ഷം രൂപയും ഉൾപ്പെടെ 609.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരള സംസ്ഥാന

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പ്ലാനറ്റോറിയം ഇൻഡ്യയിലെ തന്നെ ഏറ്റവും മികച്ച ഒന്നാണെന്നും ഇപ്പോൾ സ്ലൈഡ് പ്രൊജക്ഷൻ മാത്രമേ നടക്കുന്നുള്ളൂവെന്നും മോഡേൺ വീഡിയോ പ്രൊജക്ഷൻ സംവിധാനം കൂടി ഏർപ്പെടുത്തിയാൽ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുമെന്നും ഇതിന് 75 ലക്ഷം രൂപകൂടി വേണ്ടി വരുമെന്നും ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. ആയതിനാൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പുതുതായി വീഡിയോ പ്രൊജക്ഷൻ സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

2006-07 സാമ്പത്തികവർഷം മുതലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് '2203-00-800-97' എന്ന ശീർഷകത്തിൽ പദ്ധതി യിനത്തിൽ മതിയായ വിഹിതം വകയിരുത്തിയിട്ടുള്ളതായി കാണുന്നു. കൂടാതെ 2009-10 സാമ്പത്തികവർഷം '2203-00-800-79' (പ്ലാൻ) എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായം (One time ACA)-ആയും അനുവദിച്ചിട്ടുണ്ട്. അതായത് 2006-07-നുശേഷം 2008-09 മുതൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2008-09-ൽ 2006-07-നെ അപേക്ഷിച്ച് 100%-ഉം 2009-10-ൽ 200%-ഉം 2010-11-ൽ 450%ഉം വർദ്ധനവാണ് നൽകിയിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കണമെന്ന ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 18546/കെ2/2012/ഉ.വി.വ. തീയതി 15-10-2012)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

<u>ശിപാർശ</u>

എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ കുട്ടികൾ അടയ്ക്കുന്ന സ്പെഷ്യൽ ഫീസിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഈ ഇനത്തിൽ ഏകദേശം 14 കോടി രൂപയുടെ കുടിശ്ശികയുണ്ട്. ആയതിനാൽ സ്പെഷ്യൽ ഫണ്ട് റീകൂപ്പ് ചെയ്യുന്നതിനായി ഈ ഇനത്തിൽ നടപ്പുവർഷം 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2007-08 സാമ്പത്തികവർഷം സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് തുകയൊന്നും അധികമായി വകയിരുത്തുകയുണ്ടായില്ല. 2012-13-ൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 56584/ജി1/2012/പൊ.വി.വ. തീയതി 11-3-2013)

ശിപാർശ

തുല്യതാ പരിപാടി, വരുമാന വർദ്ധക പരിപാടികൾ, ജീവിത ഗുണനിലവാര ഉന്നമന പരിപാടികൾ, വ്യക്തിഗത താൽപ്പര്യപോഷണ പരിപാടികൾ, ഊർജ്ജിത സാക്ഷരതാ പരിപാടി എന്നീ തൊഴിലധിഷ്ഠിത പരിപാടികളും മറ്റു സാമൂഹ്യ ബോധവല്ക്കരണ പരിപാടികളും സാക്ഷരതാ മിഷൻ നടത്തി വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ധനസഹായമായി 2007-08 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ കഴിഞ്ഞ വർഷം അനുവദിച്ച ഒരുകോടി 71 ലക്ഷം രൂപ തന്നെ ഈ വർഷവും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

ശിപാർശ

സാക്ഷരതാ മിഷന്റെ കീഴിലുള്ള 4000 തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രേരക്/ അസിസ്റ്റന്റ് പ്രേരക്മാരായി പ്രവർത്തിക്കുന്ന 8000-ത്തോളം പേർക്ക് വളരെ തുച്ഛമായ ഓണറേറിയമാണ് നൽകി വരുന്നതെന്നും ഈ തുക തന്നെ കൃത്യമായി നൽകാറില്ലെന്നും സമിതിയിൽ ചർച്ച ചെയ്യപ്പെട്ടു. ഇന്ത്യയ്ക്ക് തന്നെ മാതൃകയായിട്ടുള്ള തുല്യതാ പരിപാടി ഉൾപ്പെടെയുള്ള പരിപാടികൾ നടപ്പാക്കുന്ന സാക്ഷരതാ മിഷന്റെ പ്രേരക്മാരുടെ ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കണമെന്നും ഇത് കൃത്യമായി അവർക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് സംസ്ഥാന സാക്ഷരതാ മിഷന് 2007-08 സാമ്പത്തികവർഷം 2 കോടി രൂപ അനുവദിച്ചിരുന്നു. പ്രേരക്മാരുടെ ഓണറേറിയം കൃത്യമായി അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 46790/എൻ1/2012/പൊ.വി.വ. തീയതി 20-3-2013)

ശിപാർശ

കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് 2007-08 വർഷത്തിൽ 25 ലക്ഷം രൂപയാണ് പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരിക്കുന്നത്. തിരുവനന്തപുരം ഹെഡ് ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, ഇ.പി.എഫ്., എൽ.ഐ.സി., വാടക എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 770 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

ശിപാർശ

2001-2002 വർഷത്തിനുശേഷം കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് പദ്ധതിയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതുവഴി കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് സ്വയം പര്യാപ്തമാകുന്നതിന് കഴിയും. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 2011.93 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2008-2009 കാലയളവ് മുതലുള്ള പദ്ധതി-പദ്ധതിയേതര ഇനങ്ങളിലെ മൊത്തം കണക്ക് പരിശോധിച്ചാൽ 2007-2008-നെ അപേക്ഷിച്ച് വൻ വർദ്ധനവാണ് സി-ആപ്റ്റിന് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിലും നിലവിലുള്ള ചെലവ് നിയന്ത്രണ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും കൂടുതൽ വിഹിതം അനുവദിക്കണ മെന്ന ശിപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 33126/കെ3/2012/ഉ.വി.വ. തീയതി 18-12-2012)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-2009)

ശിപാർശ

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിലുള്ള ചെലവുകൾ, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം, ഉത്തരക്കടലാസ് പാക്ക് ചെയ്ത് അയയ്ക്കാനുള്ള ചെലവുകൾ തുടങ്ങിയവയ്ക്ക് സ്കൂളുകളുടെ സ്പെഷ്യൽ ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തുന്നത്. ഈ ഇനത്തിൽ കുടിശ്ശിക തീർക്കുന്നതിനായി 7 കോടി രൂപയും പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചോദ്യപേപ്പർ അച്ചടിക്കുന്നതുൾപ്പെടെയുള്ള രഹസ്യസേവന ചെലവുകൾക്കുള്ള കുടിശ്ശിക തീർക്കുന്നതിനായി 1.73 കോടി രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 8.73 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിലുള്ള ചെലവുകൾ, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം തുടങ്ങിയവയ്ക്ക് സമിതി ശിപാർശ പ്രകാരമുള്ള നിർദ്ദേശത്തിന്മേൽ 2008-2009 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരുന്ന

10.27 കോടി രൂപ 13.77 കോടി രൂപയായി വർദ്ധിപ്പിച്ച് അനുവദിക്കുകയുണ്ടായി നടപ്പുസാമ്പത്തികവർഷം (2012-13)-ൽ 11.75 കോടി രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 10215/എ2/2013/പൊ.വി.വ. തീയതി 15-3-2013)

ശിപാർശ

ലൈബ്രറി മോഡണൈസേഷനും ക്യാമ്പസ് ഫെസിലിറ്റീസ് അപ്ഗ്രേഡ് ചെയ്യുന്നതിനുമായി 487 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ അത്രയും തുക ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തികവർഷം 2202-03-112-95(പ്ലാൻ) എന്ന ശീർഷകത്തിൽ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് വകകൊള്ളിച്ചിട്ടുള്ള 350 ലക്ഷം രൂപയിൽ ലൈബ്രറി ആധുനികവൽക്കരണം, കാമ്പസ് സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കുള്ള ചെലവും ഉൾപ്പെടുന്നതാണ്. വിഭവലഭ്യത പരിമിതികൂടി കണക്കിലെടുത്താൽ സബ്ജക്ട് കമ്മിറ്റി ശിപാർശയിൽ നൽകാൻ ആവശ്യപ്പെട്ടിരിക്കുന്ന തുക സർക്കാർ ഖജനാവിൽ നിന്നും കണ്ടെത്തുന്നത് പ്രായോഗികമല്ല. മേൽ സാഹചര്യത്തിൽ നടപ്പുവർഷത്തെ ബജറ്റ് വിഹിതത്തിന് പുറമേ അധികതുക അനുവദിക്കാൻ കഴിയുന്നില്ല.

(സർക്കാർ കത്ത് നമ്പർ 17246/ഇ1/2010/പ്ലാനിംഗ് തീയതി 27-9-2012)

ശിപാർശ

ഒരു മാസ്റ്റേഴ്സ് പ്രോഗ്രാം നടത്താൻ 100 ലക്ഷം രൂപ വാഗ്ദാനം ചെയ്തുവെങ്കിലും 50 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി ബാക്കി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. 2004-ൽ റിസർച്ചിനുവേണ്ടി സർക്കാർ അംഗീകരിച്ച 800 ലക്ഷം രൂപയുടെ ചെലവിനത്തിൽ 325 ലക്ഷം രൂപ മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. ബാക്കി തുക കഴിയുന്നതുംവേഗം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ സാമ്പത്തിക ശാസ്ത്രത്തിൽ മാസ്റ്റേഴ്സ് പ്രോഗ്രാം നടത്താൻ 100 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി 21-2-2011-ലെ ജി.ഒ. (ആർടി.)52/11/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം നൽകുകയും തുക 2011-12-ലെ അവസാന ബാച്ചിലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാൻഡിൽ ഉൾപ്പെടുത്തി അനുവദിക്കുകയും ചെയ്തു.

സി.ഡി.എസ്സിൽ റിസർച്ച് യൂണിറ്റ് ആരംഭിക്കുന്നതിനായി 370 ലക്ഷം രൂപ 30-3-2005-ലെ സ.ഉ. (എംഎസ്.) 29/05/പ്ലാനിംഗ്, 2-3-2007-ലെ സ.ഉ. (എംഎസ്.) 08/07/പ്ലാനിംഗ് എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. വിഭവലഭ്യത പരിമിതി സംബന്ധിച്ച സ്ഥിതിവിശേഷം ഇപ്പോഴും തുടരുന്നതിനാൽ അധികതുക അനുവദിക്കാൻ നിർവ്വാഹമില്ലായെന്നുള്ള കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(സർക്കാർ കത്ത് നമ്പർ 17246/ഇ1/2010/പ്ലാനിംഗ് തീയതി 27-9-2012)

ശിപാർശ

സംസ്ഥാന പുരാരേഖാ വകുപ്പിന് റഫറൻസ് മീഡിയായുടെ കമ്പ്യൂട്ടർ വൽക്കരണം, റിക്കാർഡുകൾ, താളിയോലകൾ, കയ്യെഴുത്തുപ്രതികൾ എന്നിവയുടെ ഡിജിറ്റലൈസേഷൻ, താളിയോലകൾ, കയ്യെഴുത്തുപ്രതികൾ എന്നിവയുടെ സംരക്ഷണം തുടങ്ങി വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 74.95 ലക്ഷം രൂപ പദ്ധതിയിനത്തിലും 16,14,100 രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

സംസ്ഥാന പുരാരേഖ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം, റിക്കോർഡുകൾ, താളിയോലകൾ, കൈയ്യെഴുത്തുപ്രതികൾ എന്നിവയുടെ ഡിജിറ്റലൈസേഷൻ താളിയോലകൾ, കൈയ്യെഴുത്തുപ്രതികൾ എന്നിവയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് അധികതുകയ്ക്ക് ശിപാർശ ഉണ്ടായിരുന്നത്. തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ ആവശ്യമായ തുക പദ്ധതിവിഹിതമായി നല്കുകയും പദ്ധതി നടപ്പിലാക്കിവരികയുമാണ്.

(സർക്കാർ കത്ത് നമ്പർ 1169/സി2/2013/സാം.കാ.വ. തീയതി 13-3-2013)

ശിപാർശ

സാംസ്കാരിക ഡയറക്ടറേറ്റിന് വാഹനം വാങ്ങുന്ന ആവശ്യത്തിലേക്ക് 6 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

സാംസ്കാരിക വകുപ്പധ്യക്ഷ കാര്യാലയത്തിന് ഒരു വാഹനം വാങ്ങുന്നതിനായി 2205-00-102-52 എന്ന കണക്ക് ശീർഷകത്തിൽ 2008-2009 വർഷത്തിൽ വാഹനത്തിന്റെ വിലയായി വരുന്ന 5.06 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1168/സി2/2013/സി.എ.ഡി. തീയതി 13-3-2013)

ശിപാർശ

അന്തരിച്ച പി. ജെ. ആന്റണിയുടെ വിധവ ശ്രീമതി മേരി ആന്റണിക്കുള്ള ധനസഹായയിനത്തിൽ ഈ വർഷത്തേക്ക് അനുവദിച്ച തുകയ്ക്കു പുറമെ 2007 മാർച്ച് മാസത്തിലെ കുടിശ്ശിക നൽകുന്നതിനായി ഈ ഇനത്തിൽ 2,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

അന്തരിച്ച പി. ജെ. ആന്റണിയുടെ വിധവ ശ്രീമതി മേരി ആന്റണിക്ക് 2006-2007, 2007-2008 എന്നീ സാമ്പത്തികവർഷങ്ങളിലെ മുഴുവൻ തുകയും എറണാകുളം കണയന്നൂർ തഹസിൽദാർ മുഖേന നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8161/സി3/2012/സാം.കാ.വ. തീയതി 11-12-2012)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-2010)

ശിപാർശ

സെക്കണ്ടറി സ്കൂളുകളിൽ 9,10 ക്ലാസ്സുകളിലെ സൗകര്യങ്ങൾ വിപുലീകരിക്കാനും നൂതന അധ്യയന പരിപാടികളിൽ കൂടി കുട്ടികളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള ഒറ്റത്തവണ അധിക കേന്ദ്രസഹായ പദ്ധതിയായ സക്സസിനായി ഈ സാമ്പത്തികവർഷം അധികമായി 15 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

2009-10 സാമ്പത്തികവർഷം വകയിരുത്തിയിരുന്ന 4 കോടി രൂപ 15 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതിയുടെ ശിപാർശയനുസരിച്ച് തനതുവർഷം തുകയൊന്നും അധികമായി അനുവദിക്കുകയുണ്ടായില്ല. എന്നാൽ തുടർന്ന് 2010-11 സാമ്പത്തികവർഷം RMSA Scheme-ന് 8.8 കോടി രൂപ വകയിരുത്തുകയുണ്ടായി. 2012-13-ൽ 2202-02-800-62, 2202-02-800-49 എന്നീ ശീർഷകങ്ങളിലായി 30 കോടി രൂപ വീതം ആകെ 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 53671/സി2/09/പൊ.വി.വ. തീയതി 8-4-2013)

ശിപാർശ

സെക്കണ്ടറി സ്കൂളുകളിൽ കളികളിലും കായിക വിദ്യാഭ്യാസ പ്രകടനങ്ങളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് സർക്കാർ വാഗ്ദാനം ചെയ്യുന്ന തുകയിനത്തിൽ നാലുവർഷത്തെ കുടിശ്ശിക നിലവിലുള്ളതിനാലും ഈ വർഷത്തെ

ദേശീയ ഗെയിംസ് കേരളത്തിൽവച്ച് നടത്തുന്നു എന്നതിനാലും ഈ ഇനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2009-10 സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 7 ലക്ഷം രൂപ 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതി ശിപാർശ പ്രകാരം പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും തുകയൊന്നും അധികമായി ടി സാമ്പത്തികവർഷം അനുവദിക്കുകയുണ്ടായില്ല. എന്നാൽ 2010-11 സാമ്പത്തികവർഷം ടി തുക 80 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 10215/എസ്2/2013/പൊ.വി.വ. തീയതി 15-3-2013)

ശിപാർശ

സ്കൂൾ കലാകായിക മത്സരങ്ങളിൽ പങ്കെടുത്ത് പ്രശസ്ത വിജയം കൈവരിക്കുന്ന കുട്ടികൾക്ക് സർക്കാർ ഇപ്പോൾ നൽകിവരുന്ന സമ്മാനത്തുകയിൽ വർദ്ധനവ് വരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് കലാ കായിക മത്സരങ്ങളിൽ പങ്കെടുത്ത് പ്രശസ്ത വിജയം കൈവരിക്കുന്ന കുട്ടികൾക്ക് സമ്മാനത്തുക വർദ്ധിപ്പിച്ച് നൽകുന്നതിന് തനതുസാമ്പത്തികവർഷം തുക വകയിരുത്തിയിട്ടുണ്ടായില്ല. ആയതിനാൽ സമ്മാനത്തുകയിൽ വർദ്ധനവ് നൽകിയില്ല. 2012-13-ൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

കേരളത്തിൽ വളരെ സജീവമായി നടന്നുകൊണ്ടിരിക്കുന്ന സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും, കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ പ്രേരക്മാർക്കായി പ്രത്യേകം അനുവദിച്ച 100 രൂപ പ്രതിമാസ ഓണറേറിയം നൽകുന്നതിനുമായി ഈ സാമ്പത്തികവർഷം 48 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

ശിപാർശ

സാക്ഷരതാ മിഷന്റെ കീഴിൽ സാക്ഷരതയും തുടർ വിദ്യാഭ്യാസത്തിനുമായുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ആന്റ് ട്രെയിനിംഗ് മന്ദിരത്തിന്റെ പുനർനിർമ്മാണത്തിനായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

ശിപാർശ

സംസ്ഥാനത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ നിശ്ചിത പ്രായപരിധിയിൽപ്പെട്ട ഏവർക്കും സമ്പൂർണ്ണ 4-ാംതരം തുല്യത പ്രാപ്യമാക്കുന്നതിന്റെ ഭാഗമായി മിഷൻ മോഡലിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കേണ്ടതാണെന്നും ഇതിനായി സംസ്ഥാന തലത്തിലുള്ള പരിശീലനത്തിനും പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും സാക്ഷരതാമിഷനുവേണ്ടി ബഡ്ജറ്റിൽത്തന്നെ തുക വകകൊള്ളിക്കേണ്ടത് ആവശ്യമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

കേരള നിയമസഭാ സബ്ജക്ട് കമ്മിറ്റി VI (സാമൂഹ്യസേവനം)-ന്റെ 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ 22, 23, 24 ഖണ്ഡികകളിലെ ശിപാർശ പരിഗണിച്ച് ആകെ 11 കോടി 84 ലക്ഷം രൂപ 2009-2010-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു വെങ്കിലും ടി തുക ഗവൺമെന്റിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നില്ല. എന്നാൽ ടി ആവശ്യങ്ങൾക്കായി വേണ്ടി വന്ന തുക സംസ്ഥാന സാക്ഷരതാ മിഷന്റെ തനത് ഫണ്ടിൽനിന്നും കണ്ടെത്തി ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 50353/എ1/2009/പൊ.വി.വ. തീയതി 20-3-2013)

ശിപാർശ

കോഴിക്കോട് കായിക വിദ്യാഭ്യാസ കോളേജിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം, മെച്ചപ്പെട്ട അടിസ്ഥാനസൗകര്യവികസനം ബോധനപരമായ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കേണ്ടതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ തുക വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

ശിപാർശ

സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകൾ വളരെ പഴക്കമുള്ളതായതിനാൽ കോളേജ് കെട്ടിടങ്ങളുടെ സ്ഥിതി വളരെ ദയനീയമാണെന്നും ടി കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നബാർഡ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതായ തിനാൽ കാലതാമസം വരുന്നതായി സമിതി വിലയിരുത്തി. ഇതിനായി ഒരു നിശ്ചിതതുക ബഡ്ജറ്റിൽ വകകൊള്ളിച്ചാൽ ഇത്തരം പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർക്കാർ കോളേജ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും ഈ ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

ശിപാർശ

ഉന്നത വിദ്യാഭ്യാസ നയ ഗവേഷണ കേന്ദ്രം, മാനവ വിഭവശേഷി വികസന കേന്ദ്രം, കോളേജ് ക്ലസ്റ്ററിന്റെ രൂപീകരണം, പാഠ്യപദ്ധതി വികസനത്തിനും പരീക്ഷാ പരിഷ്കരണത്തിനുമുള്ള കേന്ദ്രം, ഗവേഷണ ആവശ്യങ്ങൾക്കായി ഗ്രന്ഥശാലാ രൂപീകരണം, ഉന്നത വിദ്യാഭ്യാസ ഡേറ്റാബേസ് രൂപീകരണം തുടങ്ങി കൗൺസിലിന്റെ വിവിധ പദ്ധതികൾക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ അപര്യാപ്ത മാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇതിലേക്കായി 85 ലക്ഷം രൂപ അധിക ഗ്രാന്റ്-ഇൻ-എയ്ഡ് ആയി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

കേരള നിയമസഭാ സബ്ജക്ട് കമ്മിറ്റി VI (സാമൂഹ്യസേവനം)-ന്റെ 2009-10-ലെ ശിപാർശകൾ തുടർന്നുള്ള വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് നിശ്ചയിക്കുന്ന അവസരത്തിൽ പരിഗണിക്കുകയും പര്യാപ്തമായ ഫണ്ട് ശിപാർശ ചെയ്ത ഇനങ്ങൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 25665/സി2/2009/ഉ.വി.വ. തീയതി 6-12-2012)

ശിപാർശ

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻപ്രകാരം എഞ്ചിനീയറിംഗ് കോളേജു കളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2203-00-112-73 എന്ന ഹെഡിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുകളിൽ സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 200 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക വിനിയോഗിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 33438/ജി2/2012/ഉ.വി.വ. തീയതി 13-2-2013)

ശിപാർശ

ബ്രെയിൽ പ്രസ്സ്, കോൺഫിഡൻഷ്യൽ പ്രിന്റിംഗ് യൂണിറ്റ് തുടങ്ങിയ യന്ത്രസാമഗ്രികൾ ആധുനികവൽക്കരിക്കുന്നതിനായി പദ്ധതിയിനത്തിൽ 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

2008–2009 വർഷത്തെ അപേക്ഷിച്ച് സി-ആപ്റ്റിന് 2009-2010-ൽ പദ്ധതിയിനത്തിൽ 50%-ഉം, 2010-11, 2011-12 എന്നീ വർഷങ്ങളിൽ 33%-ഉം വർദ്ധനവ് നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 173 ലക്ഷം രൂപയുടെ പദ്ധതി വിഹിതം ബ്രെയിൽ പ്രസ്സ്, കോൺഫിഡൻഷ്യൽ പ്രിന്റിംഗ് യൂണിറ്റ് തുടങ്ങിയവ നടപ്പിൽവരുത്തുന്നതിനുവേണ്ടി കൂടിയാണ്. മാത്രമല്ല നിലവിലുള്ള വിഭവലഭ്യതയുടെ പരിമിതിമൂലവും ചെലവുനിയന്ത്രണ നിർദ്ദേശങ്ങളുടെ വെളിച്ചത്തിലും അധികതുക അനുവദിക്കണമെന്ന ശിപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 33440/കെ3/2012/ഉ.വി.വ. തീയതി 13–2–2013)

ശിപാർശ

സെന്ററിന്റെ സഞ്ചിതനഷ്ടം നികത്തി പുരോഗതിയുടെ പാതയിലേക്ക് സെന്ററിന്റെ പ്രവർത്തനം കൊണ്ടുവരുന്നതിന് സർക്കാർഫണ്ടിനെ മാത്രം ആശ്രയിക്കാതെ ഐ.ഡി.ബി.ഐ. പോലുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കി ആധുനികവത്കരിച്ച് ലാഭകരമാക്കുന്ന സ്ഥിതിയിലേക്ക് സെന്ററിനെ എത്തിക്കുന്നതിനുള്ള ശ്രമം നടപ്പിലാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

സെന്ററിന്റെ പ്രവർത്തനം പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർഫണ്ടിനെ മാത്രം ആശ്രയിക്കാതെ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് എം.ഡി. കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ (ഇപ്പോൾ സി-ആപ്റ്റ്) അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 33440/കെ3/2012/ഉ.വി.വ. തീയതി 13–2–2013)

ശിപാർശ

സംസ്ഥാന പുരാരേഖ വകുപ്പിന്റെ 2009-2010 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 245.95 ലക്ഷം രൂപയും പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 259.188 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

സംസ്ഥാന പുരാരേഖ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള അമൂല്യരേഖകളുടെ ഡിജിറ്റലൈസേഷനും മറ്റ് ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് അധികതുകയ്ക്ക് ശിപാർശ ഉണ്ടായിരുന്നത്. തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ ഡിജിറ്റലൈസേഷന് ആവശ്യമായ തുക പദ്ധതിവിഹിതമായി നൽകുകയും പദ്ധതി നടപ്പിലാക്കിവരുകയുമാണ്.

(സർക്കാർ കത്ത് നമ്പർ 107/സി2/2013/സി.എ.ഡി. തീയതി 13–3–2013)

(ii) **20-6-2013-ലെ യോഗത്തിൽ പരിഗണിച്ചവ**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-2009)

ശിപാർശ

സെക്കണ്ടറി സ്കോളർഷിപ്പ്, വിവിധ ദേശീയ സ്കോളർഷിപ്പുകൾ എന്നിവയ്ക്കായി തുക വിനിയോഗിക്കുന്ന ഈ പദ്ധതിയേതരയിനത്തിൽ കഴിഞ്ഞവർഷം 2,20,00,000 രൂപ ജില്ലാ പഞ്ചായത്തുകൾക്കും 76.5 ലക്ഷം രൂപ മുനിസിപ്പാലിറ്റികൾക്കും 27.5 ലക്ഷം രൂപ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും അനുവദിച്ചിരിക്കുന്നു. എന്നാൽ ഈ വർഷം വകയിരുത്തിയിട്ടുള്ള തുക സ്കോളർഷിപ്പ് നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ കഴിഞ്ഞവർഷം അനുവദിച്ച തുക തന്നെ ഈ വർഷവും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2008–2009 സാമ്പത്തികവർഷം 2202-02-191-50, 2202-02-192-50, 2202-02-196-50 എന്നീ ശീർഷകങ്ങളിൽ അധികതുക അനുദിക്കണമെന്ന ശിപാർശയിന്മേലുള്ള നിർദ്ദേശപ്രകാരം ടി സാമ്പത്തികവർഷത്തിൽ തുകയൊന്നും അധികമായി ലഭ്യമാക്കിയില്ല. എന്നാൽ തുടർന്ന് 2009-10 സാമ്പത്തികവർഷം 2202-02-192-50 എന്ന ശീർഷകത്തിൽ 51.50 ലക്ഷം രൂപ എന്നത് 55 ലക്ഷം രൂപയായും 2202-02-196-50 എന്ന ശീർഷകത്തിൽ 16.5 ലക്ഷത്തിൽ നിന്നും 21 ലക്ഷം രൂപയായും ഉയർത്തി വകയിരുത്തുകയുണ്ടായി. 2012-13-ൽ ആകെ 744.92 ലക്ഷം രൂപ ഈ ആവശ്യത്തിലേക്കായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 50898/എൻ1/2008/പൊ.വി.വ. തീയതി 9–5–2013)

ശിപാർശ

2008–2009 വർഷത്തിൽ സാക്ഷരതാ മിഷന് ധനസഹായമായി 3 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് ഇപ്പോഴും 27 ലക്ഷത്തിലധികം നിരക്ഷരർ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. 100% സാക്ഷരത കൈവരിക്കുന്നതിന് നടത്തുന്ന പരിശ്രമങ്ങളോടൊപ്പംതന്നെ തുടർസാക്ഷരതാ പ്രവർത്തനങ്ങളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നടത്തുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 810 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2008-2009 സാമ്പത്തികവർഷത്തിൽ സാക്ഷരതാ മിഷന് ധനസഹായമായി വകയിരുത്തിയിരുന്ന 3 കോടി രൂപയ്ക്കു പുറമേ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം 48 ലക്ഷം രൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 50898/എൻ1/2008/പൊ.വി.വ. തീയതി 9-5-2013)

ശിപാർശ

സാക്ഷരതാ മിഷന്റെ കീഴിലുള്ള പ്രേരക്മാർക്ക് വളരെ തുച്ഛമായ വേതനമാണ് ഓണറേറിയം ഇനത്തിൽ ഇപ്പോൾ നൽകിവരുന്നതെന്നും വളരെ ശോചനീയമായ അവസ്ഥയാണിതെന്നും കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം നൽകിവരുന്ന പ്രതിദിന വേതനംപോലും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഇവർക്ക് ലഭിക്കുന്നില്ലെന്നും സ്തുത്യർഹമായ സാമൂഹ്യ പ്രവർത്തനം നടത്തുന്ന ഇവർ സാക്ഷരതാ പ്രവർത്തനം മാത്രമല്ല പഞ്ചായത്തിന്റെ പലകാര്യങ്ങളിലും ഇടപെട്ട് സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെന്നും സമിതി വിലയിരുത്തി. അക്ഷരങ്ങൾക്കും അക്കങ്ങൾക്കുമപ്പുറം തുടർവിദ്യാഭ്യാസത്തിലും തുല്യതയെന്ന മഹത്തായ ആശയവും സംസ്ഥാനത്ത് സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യവും സാക്ഷാത്കരിക്കാൻ പ്രയത്നിക്കുന്ന സാക്ഷരതാമിഷന്റെ പ്രേരക്മാരുടെ ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കണമെന്നും അതിനായി 2 കോടി രൂപ വകയിരുത്തണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും വകയിരുത്തിയിരുന്ന 3 കോടി രൂപയ്ക്കു പുറമേ 48 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിരുന്നത്. പ്രേരക്മാരുടെ ഓണറേറിയം 24-8-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) 4084/12/പൊ.വി.വ. പ്രകാരം 60% വർദ്ധനവ് വരുത്തി. 2210-2012ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 5078/12/പൊ.വി.വ. പ്രകാരം 1-1-2012 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്താനായി പ്രേരക്മാരുടെ വേതനം 40% കണ്ട് വർദ്ധിപ്പിക്കുന്നതിന് 5-3-2013-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 50898/എൻ1/2008/പൊ.വി.വ. തീയതി 9-5-2013)

ശിപാർശ

കാലിക്കറ്റ് ലാ കോളേജിന് പ്ലേ ഗ്രൗണ്ട്, ഹോസ്റ്റൽ, തിരുവനന്തപുരം ലോ കോളേജിന് കെട്ടിടനിർമ്മാണം, എറണാകുളം ലാ കോളേജിന് സ്റ്റേജ്, തൃശ്ശൂർ ലാ കോളേജിന് ഹോസ്റ്റൽ ബ്ലോക്ക് എന്നീ ആവശ്യങ്ങൾക്കായി രണ്ട് കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

2008-2009 സാമ്പത്തികവർഷം 4202-01-203-99 കണക്കിനത്തിൽ ബഡ്ജറ്റ് വിഹിതമായ 3,60,00,000 രൂപയ്ക്ക് ഉപരിയായി 5.22 കോടി രൂപ അധികമായി അനുവദിച്ചിരുന്നു.

തിരുവനന്തപുരം ലാ കോളേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള കെട്ടിടത്തിന് മുകളിലായി 2 ക്ലാസ്സ് റൂമുകളുടെയും മിനി കോൺഫറൻസ് ഹാളിന്റെയും നിർമ്മാണപ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

എറണാകുളം ലാ കോളേജിന് സ്റ്റേജ് നിർമ്മിക്കുന്നതിനായി പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല.

തൃശ്ശൂർ ലാ കോളേജിൽ വനിത ഹോസ്റ്റൽ നിലവിലില്ല. ഹോസ്റ്റൽ നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്നതിനുവേണ്ടി പ്രിൻസിപ്പൽ ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും ഹോസ്റ്റൽ നിർമ്മാണത്തിന് അനുയോജ്യമായ പുറമ്പോക്ക് ഭൂമി തൃശ്ശൂർ താലൂക്ക് പരിധിയിൽ ലഭ്യമല്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

കാലിക്കറ്റ് ലാ കോളേജിൽ പുരുഷ/വനിത ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. പ്ലേ ഗ്രൗണ്ട്, സിന്തറ്റിക് ട്രാക്ക് നിർമ്മാണം എന്നിവയ്ക്കായി അധികതുക തുടർന്നുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 5146/സി2/2013/ഉ.വി.വ. തീയതി 30-5-2013)

ശിപാർശ

കേരള ചരിത്ര ഗവേഷണ കൗൺസിലിന് പദ്ധതിയേതരയിനത്തിൽ അനുവദിച്ച 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

### സ്വീകരിച്ച നടപടി

വിഭവ ലഭ്യതക്കുറവുമൂലം കേരള ചരിത്ര ഗവേഷണ കൗൺസിലിന് 2008-2009 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ധനസഹായ മൊന്നും നല്കാൻ കഴിഞ്ഞില്ല. 2011 മുതൽ കേരള ചരിത്ര ഗവേഷണ കൗൺസിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

(സർക്കാർ കത്ത് നമ്പർ 1171/സി2/2012/സാം.കാ.വ. തീയതി 7–5–2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-2010)

### ശിപാർശ

പാഠപുസ്തക ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കു മായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി തുക 60 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

### സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരം പാഠപുസ്തക ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന നോൺ പ്ലാൻ വിഹിതം 60 കോടി രൂപയായി വർദ്ധിക്കണമെന്ന പ്രൊപ്പോസലിൻമേൽ തുകയൊന്നും അധികമായി അനുവദിച്ചിട്ടില്ല. എന്നാൽ 2012–13 സാമ്പത്തികവർഷത്തിൽ 52.26 കോടി രൂപ ടി ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9287/പി2/2010/പൊ.വി.വ. തീയതി 24–5–2013)

### ശിപാർശ

കേരള ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായമായി ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക 3 ലക്ഷം രൂപ യായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1.25 ലക്ഷം രൂപ 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശപ്രകാരം തുകയൊന്നും പ്രസ്തുത സാമ്പത്തികവർഷം അനുവദിക്കുകയുണ്ടായില്ല. എന്നാൽ 2012-13 സാമ്പത്തികവർഷം 1.80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9287/പി2/2010/പൊ.വി.വ. തീയതി 24–5–2013)

ശിപാർശ

എസ്.സി.ഇ.ആർ.റ്റി.-ക്ക് ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതിയേതര ഇനത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ 248.71 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ അനുസരിച്ച് 248.71 ലക്ഷം രൂപ അനുവദിക്കണമെന്ന നിർദ്ദേശപ്രകാരം തുകയൊന്നും നൽകാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 9287/പി2/2010/പൊ.വി.വ. തീയതി 24-5-2013)

(iii) **10-9-2013-ൽ പരിഗണിച്ചവ**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2004-2005)

ശിപാർശ

ഹയർ സെക്കൻഡറി ഡയറക്ടറേറ്റും, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്പോഴുള്ള വാടകക്കെട്ടിടത്തിലെ സ്ഥലത്തിന്റെ അപര്യാപ്തത വകുപ്പുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതുകൂടാതെ, ഭീമമായ തുക വാടകയിനത്തിലും നൽകേണ്ടതായിവരുന്നു. ഹയർ സെക്കൻഡറി ഡയറക്ടറേറ്റിനും വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിനും കൂടി ഒരു പുതിയ കെട്ടിടം പണിയുവാൻ 2002-2003-ൽ സർക്കാർ ഭരണാനുമതി നൽകിയെങ്കിലും ഇതിലേക്കായി 2004-2005 വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ പ്രവൃത്തിയുടെ അടിയന്തരസ്വഭാവം കണക്കിലെടുത്ത്, 2004-2005 വർഷം 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

സമിതി 2004-2005 സാമ്പത്തികവർഷം ഹയർ സെക്കൻഡറി ഡയറക്ടറേറ്റിനും, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിനും കൂടി ഒരു പുതിയ കെട്ടിടം പണിയുവാനായി 2 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തെങ്കിലും ആ സാമ്പത്തികവർഷമോ 2008-2009 സാമ്പത്തികവർഷം വരെയോടി ആവശ്യത്തിനായി തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2009-2010 സാമ്പത്തിക വർഷം 4202-01-202-96(പ്ലാൻ) എന്ന ശീർഷകത്തിൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെയും വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെയും കെട്ടിടനിർമ്മാണത്തിനായി 3,00,00,000 രൂപ (3 കോടി രൂപ) വകയിരുത്തിയിട്ടുണ്ടായിരുന്നു. വീണ്ടും 2011-12 സാമ്പത്തികവർഷത്തിൽ 4202-01-202-96 എന്ന

ശീർഷകത്തിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റുകൾക്ക് കെട്ടിടനിർമ്മാണത്തിനായി 6 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക ചെലവഴിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ഉൾക്കൊള്ളിക്കാനായി ഒരു ആറുനിലക്കെട്ടിടം പണികഴിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. 6 കോടി രൂപ ഇതിന് അപര്യാപ്തമായതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് വിശദമായ പ്രൊപ്പോസൽ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സർക്കാർ കത്ത് നമ്പർ 76626/എസ്.സി3/2011/പൊ.വി.വ. തീയതി 20-6-2013)

ശിപാർശ

ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ ഇപ്പോൾ രണ്ട് വാഹനങ്ങൾ മാത്രമാണുള്ളത്. കേരളത്തിലെ എല്ലാ ജില്ലകളിലുമായി മൂന്ന് ലക്ഷത്തിൽപ്പരം വിദ്യാർത്ഥികളാണ് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നത്. വാഹനദൗർലഭ്യം പരീക്ഷയുടെ നടത്തിപ്പിനെ സാരമായി ബാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തരമായി രണ്ട് വാഹനങ്ങളെങ്കിലും വാങ്ങുന്നതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ഹയർ സെക്കൻഡറി പരീക്ഷാ നടത്തിപ്പിനായി 2004-2005 സാമ്പത്തികവർഷം രണ്ട് വാഹനങ്ങളെങ്കിലും വാങ്ങുന്നതിനായി ആവശ്യമായ തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്തെങ്കിലും ആ സാമ്പത്തികവർഷം പ്രസ്തുത ആവശ്യത്തിനായി തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ഈ ആവശ്യത്തിനായി 2005-2006 സാമ്പത്തിക വർഷത്തിൽ 2202-02-001-94-34 OC (NP) എന്ന ശീർഷകത്തിൽ 4,02,610 രൂപ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് ഒരു വാഹനം വാങ്ങുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 76626/എസ്.സി3/2011/പൊ.വി.വ. തീയതി 20-6-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-2006)

ശിപാർശ

സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് എന്ന ശീർഷകത്തിൽ 130 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ തുക തികച്ചും അപര്യാപ്തമാണ്. ഈ ഇനത്തിൽ 100 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം സമിതിയുടെ ശിപാർശയനുസരിച്ച് 100 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന നിർദ്ദേശപ്രകാരം തുകയൊന്നും നൽകാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 2668/പി2/2010/പൊ.വി.വ. തീയതി 13-6-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-2007)

ശിപാർശ

എസ്.സി.ഇ.ആർ.ടി. (സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി) എന്ന ശീർഷകത്തിൽ ഓരോ വർഷവും തുക കുറഞ്ഞുവരുന്നതായും വർക്ക് കൂടിവരുന്നതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. കഴിഞ്ഞവർഷം പ്ലാനിൽ 1 കോടി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 68 ലക്ഷം രൂപയേ റിലീസ് ചെയ്തു കിട്ടിയുള്ളൂ എന്നും നോൺ പ്ലാനിൽ 1 കോടി 83 ലക്ഷം രൂപ വകയിരുത്തിയതിൽ 70 ലക്ഷം രൂപ റിലീസ് ചെയ്തുവെന്നും ഈ വർഷം പ്ലാനിൽ 1 കോടി 25 ലക്ഷം രൂപയും നോൺ പ്ലാനിൽ 1 കോടി 97 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും റിലീസ് ചെയ്ത് ലഭിച്ചിട്ടില്ലെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. എസ്.സി.ഇ.ആർ.ടി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തുന്ന തുക മുഴുവൻ റിലീസ് ചെയ്തു ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം 2006-2007 സാമ്പത്തികവർഷത്തിൽ പദ്ധതിയേതര ഇനത്തിൽ എസ്.സി.ഇ.ആർ.ടി.-ക്ക് 197 ലക്ഷം രൂപ റിലീസ് ചെയ്യണമെന്ന സമിതിയുടെ നിർദ്ദേശപ്രകാരം മുഴുവൻതുകയും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 18708/പി2/2010/പൊ.വി.വ. തീയതി 13-6-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-2009)

ശിപാർശ

വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ചെയ്തുതീർത്ത ജോലികൾക്ക് പ്രതിഫലം നൽകുന്നതിനുമായി പദ്ധതിയിനത്തിൽ 94 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 19 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

വൈലോപ്പിള്ളി സംസ്കൃതി ഭവന് ചെയ്തുതീർത്ത ജോലികൾക്ക് പ്രതിഫലം നൽകുന്നതിന് പദ്ധതിയിനത്തിൽ അധിക ധനസഹായമായി 18 ലക്ഷം രൂപ 3-11-2009-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 479/09/സാം.കാ.വ. ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുകയ്ക്കുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 1771/ബി2/2010/സാം.കാ.വ. തീയതി 3-8-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-2010)

ശിപാർശ

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ഗ്രന്ഥശാല, കമ്പ്യൂട്ടർ സെന്റർ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നവീകരിക്കുന്നതിനുവേണ്ടി 241.37 ലക്ഷം രൂപകൂടി ഈ സാമ്പത്തികവർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

സെന്റർ ഫോർ ഡെവലപ്മെന്റ് സ്ററഡീസിന്റെ ഗ്രന്ഥശാല, കമ്പ്യൂട്ടർ സെന്റർ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നവീകരിക്കുന്നതിനുവേണ്ടി 241.37 ലക്ഷം രൂപകൂടി 2009-10 സാമ്പത്തികവർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സെന്ററിൽ പ്രസ്തുത നവീകരണത്തിന്റെ അടിയന്തര ആവശ്യം കണക്കിലെടുത്ത് ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച് (ICSSR)അനുവദിച്ച ഗ്രാന്റിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തിയും സെന്ററിന്റെ ചില ആഭ്യന്തര വിഭവ സമാഹരണംവഴിയും അവശ്യം വേണ്ട നവീകരണം നടത്തിയിട്ടുണ്ട്. ആയതിനാൽ സബ്ജക്ട് കമ്മിറ്റി VI (2009-2010) ശിപാർശ ചെയ്ത ഖണ്ഡിക 25 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കേണ്ട ആവശ്യമില്ല. ഇക്കാര്യം സി.ഡി.എസുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 15357/ഇ1/2012/പ്ലാനിംഗ്, തീയതി 11-6-2013)

ശിപാർശ

സാംസ്കാരികരംഗത്ത് വളരെയധികം ശ്രദ്ധപതിപ്പിച്ച ഒരു സ്ഥാപനമായ തൃപ്പൂണിത്തുറ ഹിൽ പാലസ് കേന്ദ്രമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ 2009-10 സാമ്പത്തികവർഷത്തെ പദ്ധതിപ്രവർത്തനങ്ങളായ പുതിയ കോഴ്സുകൾ ആരംഭിക്കൽ, ലൈബ്രറി, പൈതൃകപ്രദേശങ്ങളുടെ പ്രാമാണീകരണം,

പുസ്തക പ്രസിദ്ധീകരണം, ജൈവ വൈവിധ്യ വികസനപദ്ധതി എന്നിവയ്ക്കായി 30 ലക്ഷം രൂപ കൂടി വേണ്ടിവരുമെന്നതിനാൽ ആയത് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത ആവശ്യങ്ങൾക്കായി 22-8-2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 46/11 സാം.കാ.വ. ഉത്തരവ് പ്രകാരം 50 ലക്ഷം രൂപ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇതേ ആവശ്യങ്ങൾക്കായി 2013-14 സാമ്പത്തികവർഷത്തെ ആദ്യ SDG മുഖേന 1 കോടി രൂപ അധിക ധനസഹായമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

(സർക്കാർ കത്ത് നമ്പർ 7210/ബി2/2010/സാം.കാ.വ. തീയതി 29-7-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)

<u>ശിപാർശ</u>

2010 ഏപ്രിൽ 1 മുതൽ നിലവിൽവരുന്ന വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വികസനപരവും സാങ്കേതികവുമായ പ്രവർത്തനങ്ങൾ അടിയന്തരമായി കേരളത്തിൽ നടപ്പാക്കേണ്ടതാണ്. ഈ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ സാധ്യതകളെപ്പറ്റി പഠിച്ച് തീരുമാനമെടുക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിനും വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനും ഈ ബഡ്ജറ്റിൽ ഒരു ലക്ഷം രൂപയുടെ ടോക്കൺ വിഹിതം മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇത് ഈ പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിഘാതമായി തീരുമെന്നതിനാൽ ഈ തുക അടിയന്തരമായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം 2010-11 സാമ്പത്തികവർഷം അധികതുക വകയിരുത്തുകയുണ്ടായില്ല. എന്നാൽ തുടർന്ന് 2011-12-ൽ 2202-02-800-60 എന്ന ശീർഷകത്തിൽ 16.75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. 2012-13-ൽ 2202-02-800-50 ശീർഷകത്തിൽ 17.55 കോടി രൂപയും 2202-02-800-60-ൽ 19.50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 27147/ജെ1/2013/പൊ.വി.വ. തീയതി 27-6-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

ശിപാർശ

2011-12 സാമ്പത്തികവർഷം കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിക്കായി വകയിരുത്തിയിട്ടുള്ള തുക അക്കാഡമി തുടർന്നുവരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 16-ാമത് അന്തർദേശീയ ചലച്ചിത്രമേളയുടെ നടത്തിപ്പിനായി 300 ലക്ഷം രൂപ തലസ്ഥാന നഗരിയിൽ അക്കാഡമി ആസ്ഥാന മന്ദിരവും തിയേറ്റർ കോംപ്ലക്സും പണിയുന്നതിന് 5 കോടി രൂപ ദേശീയ നിലവാരത്തിലുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിനായി 2 കോടി രൂപ എന്നിങ്ങനെ പദ്ധതിയിനത്തിൽ അധികമായി 110 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തികവർഷത്തിൽ 16-ാമത് അന്തർദേശീയ ചലച്ചിത്രമേളയുടെ നടത്തിപ്പിനായി ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഒരു കോടി രൂപ കൂടി അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തികവർഷത്തിൽ 17-ാമത് അന്തർദേശീയ ചലച്ചിത്രമേളയുടെ നടത്തിപ്പിനായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 1.75 കോടി രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

തലസ്ഥാന നഗരിയിൽ ആസ്ഥാന മന്ദിരവും തിയേറ്റർ കോംപ്ലക്സും പണിയുന്നതിന് സ്ഥലം കണ്ടെത്തിയിട്ടില്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 7278/ബി3/2011/സാം.കാ.വ. തീയതി 22-7-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-2013)

ശിപാർശ

കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കോട്ടയം സെന്റർ തുടങ്ങുന്നതിന് 50% കേന്ദ്ര സർക്കാർ ഗ്രാന്റും 50% സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായ 7.25 കോടി രൂപ കൂടി ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോട്ടയം സയൻസ് സെന്റർ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 725 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ നമ്പർ 18 പ്രകാരം കോട്ടയത്ത് സയൻസ് സിറ്റിക്കായി എസ്.ഡി.ജി. മുഖേന 7.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23296/കെ2/2012/ഉ.വി.വ. തീയതി 18-6-2013)

<u>ശിപാർശ</u>

2009-10 സാമ്പത്തികവർഷത്തിൽ ആരംഭിച്ചതും അഞ്ചുവർഷക്കാലം നീണ്ടു നിൽക്കുന്നതുമായ ശാസ്ത്ര അവബോധ പ്രചരണ പരിപാടി എന്ന തുടർപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. രക്ഷാകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും വളരെ സ്വീകാര്യതയുള്ള ഈ പദ്ധതി രണ്ടു വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കായി 2012-13 സാമ്പത്തികവർഷം 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം ശാസ്ത്ര അവബോധത്തിന് 75 ലക്ഷം രൂപ അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 23296/കെ2/2012/ഉ.വി.വ. തീയതി 18-6-2013)

<u>ശിപാർശ</u>

കേരളത്തിലെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവയുടെ സംരക്ഷണത്തിനും പ്രചാരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റി (വൈലോപ്പിള്ളി സംസ്കൃതി ഭവൻ) നടപ്പുവർഷം അടിസ്ഥാന സൗകര്യ വികസന രംഗത്തും കലാ-സാംസ്കാരിക രംഗത്തും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിപുലമായ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിനത്തിൽ 162 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പള ഇനത്തിലുള്ള ചെലവുകൾക്കായി 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

വൈലോപ്പിള്ളി സംസ്കൃതി ഭവന് 2012-13 സാമ്പത്തികവർഷത്തിൽ പദ്ധതിയേതര ഇനത്തിൽ അധിക ധനസഹായമായി 3.5 ലക്ഷം രൂപ (മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) 2205-00-102-40-36 (എൻ.പി.) ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കാനായില്ല.

(സർക്കാർ കത്ത് നമ്പർ 6606/ബി2/2012/സാം.കാ.വ. തീയതി 19-6-2013)

<u>ശിപാർശ</u>

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കൈരളി-കോഴിക്കോട്, ശ്രീ-കോഴിക്കോട്, കൈരളി-തൃശ്ശൂർ, ശ്രീ-തൃശ്ശൂർ, കലാഭവൻ-തിരുവനന്തപുരം എന്നീ തിയേറ്ററുകൾ പുനരുദ്ധാരണത്തിനും റീമോഡലിംഗിനുമായി ഈ വർഷം 5 മാസത്തോളം അടച്ചിടേണ്ടതായിവരുമ്പോൾ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിനായി പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 300 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 128.32 ലക്ഷം രൂപയ്ക്കു പുറമേ 300 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്നാണ് സബ്ജക്ട് കമ്മിറ്റി ശിപാർശ. 2205-00-102-65 ശീർഷകത്തിൽ മലയാള ചലച്ചിത്രങ്ങൾക്കുള്ള സബ്സിഡിക്കായി വകയിരുത്തിയിരുന്ന 128.32 ലക്ഷം രൂപ അനുവദിച്ചു. 8-8-2012-ലെ സ.ഉ. (പി.) 442/12/ധന. നമ്പർ ധനവ്യയ നിയന്ത്രണം സംബന്ധിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും വിഭവലഭ്യതയുടെ പരിമിതി കാരണവും അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്നും എന്നാൽ അനുയോജ്യമായ ധനപുനഃക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ ചെലവിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിലും വിഭവലഭ്യതയും കണക്കിലെടുത്ത് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ അറിയിച്ചിരുന്നുവെങ്കിലും അനുയോജ്യമായ ധനപുനഃക്രമീകരണ നിർദ്ദേശം ലഭ്യമാകാത്തതിനാൽ അധികതുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 6603/ബി3/2012/സാം.കാ.വ. തീയതി 19-7-2013)

ശിപാർശ

മൃൂസിയം മൃഗശാല വകുപ്പിൽ മൃഗങ്ങളുടെ പരിപാലനത്തിനും പൂന്തോട്ടത്തിലെ ആവശ്യത്തിനും മറ്റുമായി ജലത്തിന്റെ ഉപയോഗം വളരെ കൂടുതലാണ്. ഈയിനത്തിൽ വാട്ടർ അതോറിറ്റിക്ക് 1,52,41,217 രൂപ കുടിശ്ശികയുണ്ട്. ആയതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്കു പുറമെ കുടിശ്ശിക തീർപ്പാക്കാൻ 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

മൃൂസിയവും മൃഗശാലയും വകുപ്പിന് വെള്ളക്കരം കുടിശ്ശിക തീർക്കുന്നതിനായി 1,50,00,000 രൂപ (ഒരു കോടി അമ്പത് ലക്ഷം രൂപ മാത്രം) 2205-00-107-99-01 ശീർഷകത്തിൽ അനുവദിക്കുന്നതിന് 14-11-12-ലെ സ.ഉ. (സാധാ.) നമ്പർ 533/12/ സാം.കാ.വ. ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും 11-1-13-ലെ സ.ഉ. (സാധാ.)നമ്പർ 288/13/ധന. ഉത്തരവുപ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5177/ബി2/2012/സാം.കാ.വ. തീയതി 7-6-2013)

(iv) **5-12-2013-ൽ പരിഗണിച്ചവ**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2002-2003)

ശിപാർശ

നാടാർ/മുസ്ലീം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതിനായി 4 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമാകയാൽ അധികമായി വേണ്ടിവരുന്ന തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

മുസ്ലീം/നാടാർ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പ്രോത്സാഹന ത്തിനായി സർക്കാർ ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പ് ഇപ്പോൾ പ്രസ്തുത സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്കൊപ്പം മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിനികൾ, മുന്നോക്ക സമുദായത്തിൽപ്പെട്ടവരും ദാരിദ്ര്യരേഖയ്ക്ക്

താഴെയുള്ളവരുമായ വിദ്യാർത്ഥിനികൾ എന്നിവർക്കുകൂടി അനുവദിച്ചുവരുന്നു. സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, സർക്കാർ/എയ്ഡഡ് ആർട്ട്സ് ആന്റ് സൻസ് കോളേജുകളിൽ ഒന്നാംവർഷ ക്ലാസ്സിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥിനികൾക്കാണ് ഈ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നത്. ഈ പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകരുടെ കുടുംബ വാർഷികവരുമാനം 18,000 രൂപയിൽ കവിയരുത്. പ്രതിവർഷം ഒരു വിദ്യാർത്ഥിനിക്ക് 125 രൂപ മാത്രമാണ് സ്കോളർഷിപ്പ് തുകയായി ലഭിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശപ്രകാരം തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതിക്ക് അധിക തുക അനുവദിച്ചുവരുന്നെങ്കിലും സ്കോളർഷിപ്പ് പദ്ധതിയുടെ വ്യവസ്ഥകളുടെ പോരായ്മകൾ കാരണം അപേക്ഷകരുടെ എണ്ണം വളരെ കുറവാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക ചെലവാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇതേത്തുടർന്ന് 2012-13 വർഷം മുതൽ ഈ സ്കോളർഷിപ്പ് പദ്ധതിക്ക് അനുവദിക്കുന്ന തുക കേവലം 60,000 രൂപ മാത്രമാണ്. 2006-07 മുതൽ 2012-13 വർഷം വരെയുള്ള മുസ്ലീം-നാടാർ സ്കോളർഷിപ്പ് വിതരണത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

| *സ്കോളർഷിപ്പിന്റെ പേര്* | *വർഷം* | *ബഡ്ജറ്റ് വിഹിതം (രൂപ)* | *വിദ്യാർത്ഥികളുടെ എണ്ണം* | *ചെലവായ തുക* |
|---|---|---|---|---|
| മുസ്ലീം/ നാടാർ സ്കോളർഷിപ്പ് | 2006-07 | 6 ലക്ഷം | 683 | 2,14,500 |
| | 2007-08 | 6 ലക്ഷം | 1626 | 2,03,250 |
| | 2008-09 | 6 ലക്ഷം | 1188 | 1,48,500 |
| | 2009-10 | 6 ലക്ഷം | 663 | 82,875 |
| | 2010-11 | 6 ലക്ഷം | 25 | 3,125 |
| | 2011-12 | 6 ലക്ഷം | 34 | 4,250 |
| | 2012-13 | 60,000 | 38 | 4,750 |

കണക്കുകൾ പ്രകാരം ഈ സ്കോളർഷിപ്പ് പദ്ധതിയുടെ അപേക്ഷകരുടെ എണ്ണം വർഷംതോറും കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തുക ലഭിക്കുന്ന മറ്റ് സ്കോളർഷിപ്പ് പദ്ധതികൾ വിദ്യാർത്ഥിനികൾ തെരഞ്ഞെടുക്കുന്നതിനാൽ ലഭിക്കുന്ന

വിദ്യാർത്ഥിനികൾ ഈ സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച കാരണങ്ങളാൽ മുസ്ലീം-നാടാർ സ്കോളർഷിപ്പ് പദ്ധതിയുടെ തുകയും വരുമാന പരിധിയും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 18009/സി2/2013/ഉ.വി.വ. തീയതി 13-9-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-2004)

### ശിപാർശ

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ ടീച്ചിംഗ് ഗ്രാന്റിന് 2002-2003 വർഷത്തിൽ 723 കോടി രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ നടപ്പുവർഷത്തിൽ ഏകദേശം 100 കോടി രൂപയുടെ കുറവ് വന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ കുറവ് നികത്തുന്നതിന് അധികമായി ആവശ്യം വരുന്ന 100 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണം സമിതിയുടെ ശിപാർശയനുസരിച്ച് ടി സാമ്പത്തികവർഷം അധികമായി തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ തുടർവർഷങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധന വരുത്തുകയുണ്ടായി. 2012-13 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 2219.59 കോടി രൂപ വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 63233/പി2/2013/പൊ.വി. തീയതി 9-9-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-2006)

### ശിപാർശ

മിനിമം പഠനനിലവാരം ആർജ്ജിക്കൽ പരിപാടിക്കായി 160 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമാണ്. ഈ ഹെഡിൽ ഈ പദ്ധതിക്കായി 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

2005-2006 സാമ്പത്തികവർഷത്തിൽ ശിപാർശ പ്രകാരം അധിക തുകയൊന്നും വകയിരുത്തിയിരുന്നില്ല. 2012-13 സാമ്പത്തികവർഷം ഇതേ ശീർഷകത്തിൽ 168 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 58914/ഡി3/2012/പൊ.വി. തീയതി 7-9-2013)

ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ സ്കോളർഷിപ്പ് ഇനത്തിൽ സ്കോളർഷിപ്പുകൾ നൽകുന്നതിന് ഈ വർഷം അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഇനത്തിൽ കുടിശ്ശികയുള്ളതിനാൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാവശ്യമായ തുക കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടിച്ചട്ടങ്ങൾ ലഘൂകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ സ്കോളർഷിപ്പ് പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പുമുഖേനയാണ് വിതരണം ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി അല്ല. ഇതിനുള്ള തുകയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്. ഈ സ്കോളർഷിപ്പ് പദ്ധതിയുടെ വിതരണത്തിൽ കുടിശ്ശിക നിലവിലില്ല. പദ്ധതിപ്രകാരമുള്ള വരുമാന പരിധിയും സ്കോളർഷിപ്പുകളുടെ തുകയും എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 18009/സി2/2013/ഉ.വി.വ. തീയതി 13-9-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-2009)

ശിപാർശ

ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ മേഖലാ ഓഫീസുകളുടെ നവീകരണത്തിനും വിദ്യാർത്ഥികളുടെ വിവിധ സേവനമേഖലയിലേക്കും ആവശ്യമായ തുക വകയിരുത്തുന്ന ഈ പ്ലാൻ ഹെഡിൽ ഈ വർഷം തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ്, കലാക്ഷേത്ര, റെമഡിയൽ കോച്ചിംഗ് എന്നീ തുടർ പദ്ധതികളുടെ നടത്തിപ്പിനായി 64.28 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

സാമ്പത്തികപരിമിതിമൂലം 64.28 കോടി രൂപ അധികം അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയനുസരിച്ച് തുകയൊന്നും നൽകാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 27016/പി2/2010/പൊ.വി. തീയതി 9-9-2013)

ശിപാർശ

എസ്.സി.ഇ.ആർ.ടി.-ക്ക് കഴിഞ്ഞ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 356 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 100 ലക്ഷം രൂപയാണ് ലഭിച്ചത്. പദ്ധതിയേതര ഇനത്തിൽ 216.81 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമേ ലഭിച്ചുള്ളൂ. എന്നാൽ 2008-09 സാമ്പത്തികവർഷത്തേക്ക് പ്ലാൻ ഇനത്തിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നോൺ പ്ലാൻ ഇനത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമെ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ കഴിഞ്ഞ വർഷത്തെ തുകതന്നെ ഈ വർഷവും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം 216.81 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയനുസരിച്ച് തുകയൊന്നും നൽകാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 27016/പി2/2010/പൊ.വി. തീയതി 9-9-2013)

ശിപാർശ

മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളിലെ 50 കുട്ടികളിൽ കൂടുതലുള്ള 124 എൽ.പി. സ്കൂളുകൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നയപരമായ തീരുമാനം എടുക്കാത്തതിനാൽ അതു നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 124 എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ 111 മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ എൽ.പി. സ്കൂളാക്കി മാറ്റുവാനുള്ള ശിപാർശ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ആയത് എൽ.പി. സ്കൂളാക്കി മാറ്റിയതിനുശേഷം മാത്രമേ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. മാത്രമല്ല സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് നയപരമായ അന്തിമതീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 52286/എഫ്1/2013/പൊ.വി. തീയതി 30-11-2013)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-2010)

## ശിപാർശ

കേരളത്തിലെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവയുടെ സംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയ സംഘത്തിന്റെ 2009-10 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളായ ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ, കൂത്തമ്പലത്തിൽ ലൈറ്റ് & സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ മേൽക്കൂര നിർമ്മാണം, കെട്ടിടങ്ങളുടെ മെയിന്റനൻസ്, ഫോട്ടോ ഗ്യാലറി-മ്യൂസിയം സജ്ജമാക്കൽ, ലൈബ്രറി വിപുലീകരണം തുടങ്ങിയവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 115 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 23 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

## സ്വീകരിച്ച നടപടി

വൈലോപ്പിള്ളി സംസ്കൃതി ഭവന് വിവിധ പ്രവർത്തനങ്ങൾക്കായി 2010-11 സാമ്പത്തികവർഷത്തിൽ പ്ലാൻ ഫണ്ടിനത്തിൽ 40 ലക്ഷം രൂപയും ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് പുനഃക്രമീകരണം വഴി 19 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 21,66,500 രൂപ ചെലവാക്കി ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ മേൽക്കൂര നിർമ്മാണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ഫോട്ടോ ഗ്യാലറി-മ്യൂസിയം സജ്ജീകരിക്കൽ എന്നിവയ്ക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. ലൈബ്രറി വിപുലീകരണത്തിന്റെ ഭാഗമായി 2011-12 സാമ്പത്തികവർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് 60,399 രൂപ ചെലവഴിച്ചിട്ടുണ്ട്.

2011-12 സാമ്പത്തികവർഷം വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയത്തിന് പ്ലാൻ ഫണ്ടിൽ 45 ലക്ഷം രൂപയും മാമ്പഴക്കാലം അവധിക്കാല ക്യാമ്പ്, കുട്ടികൾക്കായുള്ള ഓപ്പൺ സ്കൂൾ എന്നിവ സംഘടിപ്പിക്കുന്നതിനായി പുനഃക്രമീകരണംവഴി 10 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2012-13 സാമ്പത്തികവർഷത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും അനുവദിച്ചിരുന്നു. വിഭവലഭ്യതയുടെ കുറവുമൂലം 2009-10 വർഷം അധിക ധനസഹായം നൽകാൻ കഴിഞ്ഞില്ലെങ്കിലും തുടർവർഷങ്ങളിൽ സമിതി ശിപാർശ പ്രകാരം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ധനസഹായം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 7210/ബി2/2010/സാം.കാ.വ. തീയതി 18-10-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

### ശിപാർശ

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിലും അനദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ സർവ്വീസ് സ്കെയിലിലും പരിഷ്കരിച്ച ശമ്പളം നൽകുന്നതിനായി 2011-12-ൽ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ 293.51 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

### സ്വീകരിച്ച നടപടി

സി.ഡി.എസിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണത്തിന് സർക്കാരിന്റെ അനുമതി സി.ഡി.എസ്. ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ആവശ്യത്തിന് സർക്കാർ സാധൂകരണം നല്കുകയോ മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 2011-12 സാമ്പത്തികവർഷം അവസാനിച്ചിട്ടുള്ളതിനാൽ ടി വർഷത്തേക്ക് ഇനിയും അധികതുക അനുവദിക്കാൻ കഴിയുകയില്ല.

(സർക്കാർ കത്ത് നമ്പർ 15427/ഇ 1/2012/പ്ലാനിംഗ് തീയതി 21-10-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-2013)

### ശിപാർശ

സി.ഡി.എസിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും പരിഷ്കരിച്ച ശമ്പളം നൽകുന്നതിന് 45% തുക കേന്ദ്ര സർക്കാരിനുകീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ചും 45% തുക സംസ്ഥാനവും നൽകുന്നു. ബാക്കി 10% തുക സി.ഡി.എസ്. സ്വന്തംനിലയിൽ കണ്ടെത്തേണ്ടതാണ്. സി.ഡി.എസ്-ന് പദ്ധതിയേതര ഇനത്തിൽ ഈ വർഷം വകയിരുത്തിയിട്ടുള്ള 165 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ആയത് 293.51 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

സി.ഡി.എസിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണത്തിന് സർക്കാരിന്റെ അനുമതി സി.ഡി.എസ്. ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ആവശ്യത്തിന് സർക്കാർ സാധൂകരണം നല്കുകയോ മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 2012-13 സാമ്പത്തികവർഷം അവസാനിച്ചിട്ടുള്ളതിനാൽ ടി വർഷത്തേക്ക് ഇനിയും അധികതുക അനുവദിക്കാൻ കഴിയുകയില്ല.

(സർക്കാർ കത്ത് നമ്പർ 14246/ഇ 1/2012/പ്ലാനിംഗ് തീയതി 13-11-2013)

<u>അദ്ധ്യായം II</u>

**(എ) ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ (7-5-2013-ൽ പരിഗണിച്ചവ)**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)

<u>ശിപാർശ</u>

സെക്കണ്ടറി സ്കൂളുകളിൽ ഫർണിച്ചർ വിതരണം ചെയ്യുന്നതിനായി 2010-11 സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി തുക 30 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള വിഭവലഭ്യതയുടെ പരിമിതികാരണം ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. അവശ്യ ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ അധിക വിഹിതം കണ്ടെത്താനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 68636/പി2/11/പൊ.വി. തീയതി 25-9-2012)

<u>ശിപാർശ</u>

ലൈബ്രറി പുസ്തകങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ, ശാസ്ത്രീയ ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള റാക്കുകളും അലമാരകളും വാങ്ങി സർക്കാർ ഹൈസ്കൂളുകളിൽ നൽകുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ടി ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശയനുസരിച്ച് 2202-02-800-91 എന്ന ശീർഷകത്തിലെ മുൻകാല ചെലവുകണക്ക് ചുവടെ ചേർക്കുന്നു:

| *സാമ്പത്തികവർഷം* | *ബഡ്ജറ്റ് വിഹിതം (ലക്ഷം)* | *ചെലവാക്കിയ തുക (ലക്ഷം)* |
|---|---|---|
| 2007-08 | 30.00 | 25.97 |
| 2008-09 | 30.00 | 28.72 |
| 2009-10 | 30.00 | 29.13 |
| 2010-11 | 30.00 | 31.52 |

മുൻ വർഷങ്ങളിലെ വിഹിതം പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ ടി ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 68636/പി2/11/പൊ.വി. തീയതി 25-9-2012)

<u>ശിപാർശ</u>

ആദ്യകാലങ്ങളിൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് നടപ്പിലാക്കിയിരുന്ന അപകടങ്ങൾക്കെതിരെ സ്കൂൾക്കുട്ടികൾക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനുള്ള പദ്ധതി 2003 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടത്തിവരുന്നത്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 68.20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ടി തുക 100 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

2010-11 സാമ്പത്തിക വർഷം വകയിരുത്തിയ 68.20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷമാക്കി വർദ്ധിപ്പിക്കണമെന്ന സമിതി ശിപാർശ പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് ടി സാമ്പത്തിക വർഷം അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. എന്നാൽ തുടർന്ന് 2011-12 സാമ്പത്തികവർഷം ഈ തുക 100 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകുകയുണ്ടായി. ഈ സാമ്പത്തികവർഷം 2012-13-ൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 48496/ജി1/12/പൊ.വി.വ. തീയതി 30-3-2013)

ശിപാർശ

കേരള ചിൽഡ്രൻസ് ഫിലിം സൊസൈറ്റിക്ക് 2010-11 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 1.37 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 2.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

1997 മുതൽ 2009 വരെ 1.25 ലക്ഷം രൂപയായിരുന്ന വിഹിതം നടപ്പുസാമ്പത്തിക വർഷമാണ് 1.37 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. 2010-11 സാമ്പത്തിക വർഷം മുതൽ വിഹിതത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുള്ളതിനാൽ ശിപാർശ പ്രകാരമുള്ള വൻ വർദ്ധനവ് അനുവദിക്കാൻ വിഭവലഭ്യതയുടെ അപര്യാപ്തതമൂലം കഴിയില്ല.

(സർക്കാർ കത്ത് നമ്പർ 68636/പി2/11/പൊ.വി. തീയതി 25-9-2012)

ശിപാർശ

സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും നീതീകരിക്കാനാകാത്തതും അപര്യാപ്തവുമാകയാൽ ടി തുക 7 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2010-11-ൽ വകയിരുത്തിയിരുന്ന 3.6 ലക്ഷം രൂപ 7 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതി ശിപാർശയിന്മേലുള്ള നിർദ്ദേശമനുസരിച്ച് അധിക തുക വകയിരുത്തുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരികയാണ്.

(സർക്കാർ കത്ത് നമ്പർ 56737/എസ്2/2010/പൊ.വി.വ. തീയതി 20-3-2013)

ശിപാർശ

2205-00-101-95 എസ്.ആർ.വി. സംഗീത സ്കൂൾ, തൃശ്ശൂർ എന്ന ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള വിഭവ ലഭ്യതയുടെ പരിമിതി കാരണം ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. അവശ്യ ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ അധിക വിഹിതം കണ്ടെത്താനുള്ള സാധ്യത പരിശോധിക്കുന്നതാണ്. SRV മ്യൂസിക് സ്കൂളിന് വർഷങ്ങളായി ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായുള്ള വിഹിതം മാത്രമാണ് നല്കിവരുന്നത്. ടി സ്കൂളിലെ അറ്റകുറ്റപ്പണികൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനും സർക്കാർ സഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതതലത്തിൽ തീരുമാനിച്ച് വിഭവശേഷിയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 68636/പി2/2011/പൊ.വി.വ. തീയതി 25-9-2012)

<u>ശിപാർശ</u>

ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും നവീകരണത്തിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ വൽക്കരണത്തിനും മറ്റ് സംവിധാനങ്ങൾക്കും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് പദ്ധതി പ്രവർത്തനങ്ങളും അവയ്ക്കുള്ള വിഹിതവും വിഭാവനം ചെയ്തിരിക്കുന്നത്. വിഭവ ലഭ്യതയുടെ പരിമിതി കാരണം പദ്ധതിയിനത്തിൽ കൂടുതൽ തുക അനുവദിക്കുന്നത് പ്രായോഗികമല്ല. എന്നാൽ മുൻഗണനയുള്ള പരിപാടികൾക്കായി ഉചിതമായ ധനപുനഃക്രമീകരണ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 68636/പി2/11/പൊ.വി. തീയതി 25-9-2012)

<u>ശിപാർശ</u>

എസ്.സി.ഇ.ആർ.ടി.-ക്ക് നടപ്പുസാമ്പത്തിക വർഷം പദ്ധതിയിതര ഇനത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിട്ടുള്ളൂ. ആയതിനാൽ ശമ്പളവും മറ്റ് ബാദ്ധ്യതകളും നിറവേറ്റുന്നതിനായി പദ്ധതിയേതര ഇനത്തിൽ 718 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

എസ്.സി.ഇ.ആർ.ടി.-യിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ ആവശ്യപ്പെടുകയുണ്ടായെങ്കിലും ഇതുവരേയും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയ ശേഷം മുൻ വർഷങ്ങളിൽ അനുവദിച്ച ഫണ്ടിന്റെ വിനിയോഗം കൂടി വിലയിരുത്തിയ ശേഷം ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 68636/പി2/11/പൊ.വി. തീയതി 25-9-2012)

<u>ശിപാർശ</u>

ശാസ്ത്ര സാങ്കേതിക കൗൺസിൽ ഇപ്പോൾ വിവിധ സ്ഥാപനങ്ങളും സൊസൈറ്റികളും സമർപ്പിക്കുന്ന പ്രോജക്ടുകൾ വിലയിരുത്തി അതാതു സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയിഡ് നൽകി സഹായിക്കുന്നുണ്ട്. ഇതിലേക്കായി 200 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 120 ലക്ഷം രൂപയാണ് പദ്ധതി വിഹിതമായി അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 80 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

2010-11 സാമ്പത്തിക വർഷം H/A 3425-60-200-71(P)-ൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതിക്കുള്ള സംസ്ഥാന സമിതി ധനസഹായം നൽകുന്നതിലേക്കായി 120 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. 2010-11 സാമ്പത്തിക വർഷം ധനസഹായം നൽകുന്നതിലേക്കായി മൂന്ന് സ്ഥാപനങ്ങളാണ് പ്രോജക്ടുകൾ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ സമർപ്പിച്ചിരുന്നത്. പ്രോജക്ടുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ IRTC-ക്ക് 29 ലക്ഷം രൂപയും STIC-ന് 55 ലക്ഷം രൂപയും MBGS-ന് 36 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. അതിൽ STIC, MBGS എന്നീ സ്ഥാപനങ്ങൾ യഥാസമയം Statement of Expenditure, Utilization Certificate എന്നിവ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരുന്ന തുക പൂർണ്ണമായും അനുവദിച്ചുകൊടുത്തു. എന്നാൽ IRTC ഒരു ഗഡു ആവശ്യപ്പെടാത്ത സാഹചര്യത്തിൽ അവസാന ഗഡു ആയി 7.68 ലക്ഷം രൂപ അനുവദിച്ചില്ല. അതിനാൽ മൊത്തം 120 ലക്ഷം രൂപ അനുവദിച്ചതിൽ 112.32 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ.

(സർക്കാർ കത്ത് നമ്പർ 293/എ 4/11/ശാ.സാ.വ. തീയതി 7-12-2012 )

<u>ശിപാർശ</u>

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കാര്യാലയത്തിന്റെ അത്യാവശ്യ ഓഫീസ് ചെലവുകൾ, വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ചെലവുകൾ, നിലവിലുള്ള ലൈബ്രറി ശക്തിപ്പെടുത്തൽ, ശാസ്ത്ര സാങ്കേതിക ആവശ്യങ്ങൾക്കായുള്ള ഇലക്ട്രോണിക് റഫറൽ ലൈബ്രറി സ്ഥാപിക്കൽ, വിവിധ മീറ്റിംഗുകൾ തുടങ്ങിയവയുടെ ആവശ്യത്തിലേക്കായി വകയിരുത്തിയിരിക്കുന്ന 100 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

3425-60-200-71 സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കായി 100 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 30.31 ലക്ഷം രൂപ ചെലവായി. ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട ചെലവുകൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അറ്റകുറ്റപ്പണികൾ, Purchase of Furniture and Equipments, നിലവിലുള്ള കൗൺസിൽ ലൈബ്രറി മെച്ചപ്പെടുത്തൽ, ശാസ്ത്ര സാങ്കേതിക പ്രോത്സാഹന വിഭാഗത്തിന് ഒരു ഇലക്ട്രോണിക് റഫറൽ ലൈബ്രറി സ്ഥാപിക്കൽ, Information Network, Various Meetings എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ഇൻഫർമേഷൻ നെറ്റ്‌വർക്ക്, ഇലക്ട്രോണിക് റഫറൽ ലൈബ്രറി സ്ഥാപിക്കൽ, നിലവിലുള്ള കൗൺസിൽ ലൈബ്രറി, ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ മുതലായവയുടെ പ്രവർത്തനങ്ങളിൽ വേണ്ടത്ര പുരോഗതി ഉണ്ടായില്ല. ആയതിനാൽ മേൽപ്പറഞ്ഞ ഹെഡുകളിൽ അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 293/എ 4/11/ശാ.സാ.വ. തീയതി 7-12-2012)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

<u>ശിപാർശ</u>

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് തുടർ വിദ്യാഭ്യാസ കേന്ദ്രം. ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി പൊന്നാനിയിൽ സ്ഥാപിച്ച തൊഴിൽ വികസന ഇൻസ്റ്റിറ്റ്യൂട്ടിനായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

സെന്റർ ഫോർ കണ്ടിന്യുയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽവരുന്ന പൊന്നാനി സെന്ററിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് 2011-12 സാമ്പത്തികവർഷത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. ഇതിൽ 50 ലക്ഷം രൂപ പ്രസ്തുത സാമ്പത്തികവർഷം അനുവദിച്ചെങ്കിലും ആ തുക ഉപയോഗിക്കാതെ ലാപ്സാക്കുകയാണ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള ചെയ്തത്. തുടർന്ന് വീണ്ടും 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടെങ്കിലും ആ തുകയോ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുകയോ അനുവദിക്കാതിരുന്നത് താഴെപ്പറയുന്ന കാരണങ്ങൾകൊണ്ടാണ്. G.O. (Rt.)17-11-2009-ലെ ജി.ഒ. (ആർടി.)204/2009/H.Edn. പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച്, പൊന്നാനിയിൽ സ്ഥാപിക്കുന്നതിന് ഭരണ അനുമതി നൽകുകയും 297.89 ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ഈ ഉത്തരവ് പ്രകാരം ഹാബിറ്റാറ്റ് ഗ്രൂപ്പിനെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഡയറക്ടർ ഈ വഴിക്കുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനുപകരം 2010 മേയ്-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ഹാബിറ്റാറ്റിന് നല്കാനാവില്ലെന്നും അത് ബി.എസ്.എൻ.എൽ. സിവിൽ വിങ്ങിനെ ഏൽപ്പിക്കാൻ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള തീരുമാനിച്ചുവെന്നും ആയതിന് അനുമതി നൽകണമെന്നും സർക്കാരിനോടഭ്യർത്ഥിച്ചു. സർക്കാർ ഈ ആവശ്യം പരിഗണിക്കുകയും അതിന് അനുമതി നൽകുന്നതിനായി തീരുമാനമെടുക്കുകയും ചെയ്ത ഘട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കാനാവില്ലെന്നും അത് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കണമെന്നും സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള ഡയറക്ടർ ആവശ്യപ്പെട്ടു. ഈ ഘട്ടമായപ്പോൾ 2010-11 സാമ്പത്തികവർഷം അവസാനിക്കുകയും 2011-12 സാമ്പത്തികവർഷം തുടങ്ങുകയും ചെയ്തു. 2012 ജൂണിലാണ് പൊന്നാനി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ചിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ആദ്യ തീരുമാനപ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ ഹാബിറ്റാറ്റിനെ ഏൽപ്പിച്ചിരുന്നുവെങ്കിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള പണം അനുവദിക്കാനും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനും കഴിയുമായിരുന്നു. എന്നാൽ ഡയറക്ടർ നിരന്തരമായി ഏജൻസികളെ മാറ്റണമെന്ന് ആവശ്യപ്പെടുകയും സമിതി ശിപാർശപ്രകാരമുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിക്കാതിരുന്നതും കൊണ്ടാണ് സമിതി ശിപാർശ നടപ്പിലാക്കാൻ കഴിയാതെവന്നത്.

(സർക്കാർ കത്ത് നമ്പർ 42031/എ 1/2011/ഉ.വി.വ. തീയതി 9-8-2012,
സർക്കാർ കത്ത് നമ്പർ 33028/എൽ1/2012/ഉ.വി.വ. തീയതി 8-10-2012)

<u>ശിപാർശ</u>

സ്പോർട്സ് ഹോസ്റ്റലുകളുടെ നിർമ്മാണം, കായിക ഉപകരണങ്ങൾ, യൂണിഫോം, ട്രാക്ക് സ്യൂട്ട് തുടങ്ങിയവ വാങ്ങൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പഞ്ചായത്ത് യുവജന ക്രീഡ ഓർ ഖേൽ അഭിയാൻ(പൈക്ക) സംസ്ഥാന വിഹിതം, കളിസ്ഥല നിർമ്മാണത്തിനായി സ്കൂൾ/കോളേജ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 7 കോടി രൂപയും പദ്ധതിയേതര യിനത്തിൽ 5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>ശിപാർശ</u>

കഴിഞ്ഞവർഷം കോമൺ വെൽത്ത് ഗെയിംസ് ജേതാക്കൾക്ക് അടിയന്തരമായി സമ്മാനത്തുക വിതരണം ചെയ്തുമൂലം 2008-09, 2009-10 വർഷങ്ങളിലെ മത്സര ജേതാക്കൾക്ക് അർഹതപ്പെട്ട തുക വിതരണം ചെയ്യാൻ കഴിഞ്ഞില്ല. ആയതിനാൽ പദ്ധതിയിനത്തിൽ 4.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

2011-12 വർഷം ബഡ്ജറ്റ് വിഹിതത്തിനുപുറമേ പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ അധിക ധനസഹായമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. സാമ്പത്തിക പരിമിതിമൂലം കൂടുതൽ തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 2879/എ 1/2012/കാ.യു.വ. തീയതി 3-4-2013)

<u>ശിപാർശ</u>

കേരള കലാമണ്ഡലത്തിന് കല്പിത സർവ്വകലാശാല പദവി നൽകിയതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളം നൽകുക, കാലപ്പഴക്കംവന്ന കൈയ്യെഴുത്തുപ്രതികളും താളിയോലകളും ഡിജിറ്റൽ രൂപത്തിലാക്കുക, പുതിയ ലൈബ്രറി കെട്ടിടം നിർമ്മിക്കുക, കളരി, കൂത്തമ്പലം എന്നിവയുടെ നവീകരണം തുടങ്ങിയവയ്ക്കായും ഹോസ്റ്റലുകൾ, ഓഫീസ് ബിൽഡിംഗ് എന്നിവയുടെ നിർമ്മാണത്തിനായും പബ്ലിക്കേഷൻ

വിഭാഗത്തിന്റെ പ്രവർത്തനം, രംഗാവതരണം, സെമിനാർ എന്നിവയ്ക്കായും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 6.11 കോടി രൂപയും പദ്ധിതിയേതര ഇനത്തിൽ 284 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

ശിപാർശ

സാഹിത്യ അക്കാഡമിയുടെ സുവർണ്ണ ജൂബിലി മന്ദിരനിർമ്മാണം, ലോക മലയാള സമ്മേളനം, അഖിലേന്ത്യാ കവിസമ്മേളനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 3.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

ശിപാർശ

ജീവനക്കാരുടെ ശമ്പള വർദ്ധനവ്, അക്കാഡമി നൽകുന്ന വിവിധ അവാർഡുകളുടെ തുകയിൽ വന്ന വർദ്ധനവ് എന്നീ ചെലവുകൾ വഹിക്കുവാൻ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 27.40 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

ശിപാർശ

ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിയവരുടെ സാംസ്കാരിക-കലാ-ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ഭാരത് ഭവന്റെ ലക്ഷ്യം. ഭാരത് ഭവന്റെ പദ്ധതിനിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 26.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

ശിപാർശ

അക്കാഡമി 2011-12 വർഷം പുതുതായി സ്ഥാപിക്കുന്ന തെയ്യം, പടയണി എന്നിവയുടെ പ്രദർശനത്തിനായുള്ള പി.കെ. കാളൻ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം,

കൊടക്കാട് കണ്ണൻ പെരുവണ്ണാൻ സ്മാരക തെയ്യം കലാഗ്രാമം, നാടൻകലാ ഗവേഷണ കേന്ദ്രം തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

ശിപാർശ

അന്താരാഷ്ട്ര നാടകോത്സവത്തിനായി കേരള സംഗീതനാടക അക്കാഡമിക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് പദ്ധതിയേതരയിനത്തിൽ 8 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

കലാമണ്ഡലത്തിന് നടപ്പു സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം 1.25 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 45.54 ലക്ഷം രൂപ അധികം അനുവദിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, കലാമണ്ഡലത്തിന് ഈ വർഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കൂടുതൽ തുക അനുവദിക്കുവാൻ നിർവ്വാഹമില്ല. സാഹിത്യ അക്കാദമിക്ക് 2012-13 സാമ്പത്തിക വർഷത്തിൽ വിശ്വമലയാള മഹോത്സവത്തിന് 2 കോടി രൂപ പദ്ധതിയിനത്തിൽ അനുവദിക്കുകയുണ്ടായി. 2011-12 സാമ്പത്തികവർഷത്തിൽ, ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഭാരത് ഭവന് 5.00 ലക്ഷം രൂപ ധനപുനഃക്രമീകരണത്തിലൂടെയും ഫോക്‌ലോർ അക്കാദമിക്ക് 25.00 ലക്ഷം രൂപ രണ്ടാം SDG-യിലൂടെയും സംഗീത നാടക അക്കാദമിക്ക് 1.5 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേനയും അനുവദിച്ച് നൽകിയിട്ടുണ്ട്. മാത്രവുമല്ല ടി സ്ഥാപനങ്ങൾക്ക് നടപ്പു വർഷം വർദ്ധിപ്പിച്ച തോതിലുള്ള വിഹിതം ഉൾപ്പെടുത്തിയിട്ടുമുണ്ട്.

സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് മേൽ സ്ഥാപനങ്ങൾക്ക് കഴിയുന്നത്ര അധിക വിഹിതം ഈ വർഷം ബജറ്റിൽ അനുവദിച്ചിട്ടുള്ളതിനാൽ കൂടുതൽ തുക ഇനി വകയിരുത്താൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 6946/എ 1/11/സി.എ.ഡി. തീയതി 17-1-2013)

<u>ശിപാർശ</u>

സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ധനസഹായം നൽകുന്ന ഈ പദ്ധതി പ്രകാരം 1780 ഗുണഭോക്താക്കൾ നിലവിലുണ്ട്. പെൻഷൻ നൽകുന്നതിനായി 2011-12 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 22.2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സ്വീകരിച്ച നടപടി</u>

2011-12 വർഷത്തിന്റെ ആദ്യം (4/2011) 1813 ഗുണഭോക്താക്കളുണ്ടായിരുന്ന കലാകാര പെൻഷന് പിന്നീട് കൂടുതൽപേരെ തെരഞ്ഞെടുക്കുകയും മാർച്ച് 2012-ൽ 2473 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉണ്ടാവുകയും ചെയ്തിരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 1.82 കോടി രൂപ എല്ലാ ഗുണഭോക്താക്കൾക്കും കൃത്യമായി പെൻഷൻ നൽകുവാൻ തികയുമെന്നതിനാലും ബന്ധപ്പെട്ട അക്കാഡമികളുടെ ശിപാർശ ഉള്ള അപേക്ഷകരുടെ അഭാവംനിമിത്തം കൂടുതൽ പേർക്ക് പെൻഷൻ അനുവദിക്കേണ്ടി വന്നില്ല. എന്നതിനാലും സമിതി ശിപാർശ ചെയ്ത 22.2 ലക്ഷം രൂപ അധികമായി വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 6776/സി3/11/സാം.കാ.വ. തീയതി 23-3-2013)

<u>ശിപാർശ</u>

അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കും സിനിമ, ടി.വി. സീരിയൽ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും അടിയന്തര ചികിത്സാ സഹായം നല്കുന്നതിനുള്ള പദ്ധതി പ്രകാരം കൂടുതൽപേർക്ക് ചികിത്സാധനസഹായം നർകുന്നതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

2011-12 വർഷത്തിൽ ബന്ധപ്പെട്ട അക്കാഡമികൾ ശിപാർശ ചെയ്തും നേരിട്ടും ലഭിച്ച അപേക്ഷകൾ സർക്കാർ പരിശോധിക്കുകയും ഒട്ടാകെ 36 പേർക്ക് അടിയന്തര ചികിത്സാധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചികിത്സാധനസഹായം നൽകുന്നതിനുള്ള പദ്ധതിയിലെ ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷ സമർപ്പിച്ചതും

ബന്ധപ്പെട്ട അക്കാഡമികളുടെ ശിപാർശ ഉള്ളവരുമായ അപേക്ഷകർക്ക് സഹായം അനുവദിക്കുന്നതിന് 2011-12-ൽ വകയിരുത്തിയ 8 ലക്ഷം രൂപ മതിയാകുമെന്നതിനാലും സമിതി ശിപാർശ ചെയ്ത 5 ലക്ഷം രൂപ അധികമായി വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 6776/സി3/11/സാം.കാ.വ. തീയതി 23-3-2013)

ശിപാർശ

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന് പുരാരേഖകളുടെ സംരക്ഷണത്തിനും പുരാരേഖകളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനത്തിനുമായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തികവർഷത്തിൽ 8-8-2011-ലെ സ.ഉ. (സാധാ.) 408/11/സി.എ.ഡി. പ്രകാരം പുരാരേഖകളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനത്തിന് 25,00,000 രൂപയുടെ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 7438/സി2/11/സാം.കാ.വ. തീയതി 27-11-2012)

ശിപാർശ

സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി എന്നിവയിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ നൽകുന്ന ശീർഷകത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയേതര വിഹിതമായി 119 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് 2011-12 സാമ്പത്തികവർഷത്തിൽ 2205-00-800-73 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 3,31,00,000 രൂപ വകയിരുത്തിയിരുന്നു. തുടർന്ന് 11-1-2012-ലെ സ.ഉ. (സാധാ.) 20/12/സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം 1,08,00,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 7438/സി2/11/സാം.കാ.വ. തീയതി 27-11-2012)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-2013)

ശിപാർശ

2012-13 സാമ്പത്തികവർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറാഫീസ് എന്ന ശീർഷകത്തിൽ പദ്ധതിവിഹിതമായി 80 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

ശിപാർശ

2012-13 സാമ്പത്തികവർഷത്തിൽ മേൽനോട്ടം-ജോയിന്റ് ഡയറക്ടറേറ്റുകൾ എന്ന ശീർഷകത്തിൽ പദ്ധതിവിഹിതമായി വകയിരുത്തിയിരുന്ന തുകയ്ക്കുപുറമേ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

ശിപാർശ

ഈ സാമ്പത്തികവർഷം പരീക്ഷാ വിഭാഗം എന്ന ശീർഷകത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിവിഹിതമായി 70 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി VI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ 12 മുതൽ 14 വരെയുള്ള ഖണ്ഡികകൾ പ്രകാരം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുകകൾ അനുവദിച്ച് നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് 2012-13 സാമ്പത്തിക വർഷത്തെ ആദ്യ SGD-യിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ 12, 13, 14, ശിപാർശകളിൽ തുക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തുക അനുവദിച്ച നൽകുന്നതിനുള്ള Additional Authorization Proposal സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 23290/ജി2/2012/ഉ.വി.വ. തീയതി 18-8-2012)

ശിപാർശ

കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ത്രൂ പോളിടെക്നിക് എന്ന കേന്ദ്ര ഗവൺമെന്റ് സ്കീമിൽ നിന്നും തുക ലഭ്യമാക്കുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം അവസാനത്തിൽ ആരംഭിച്ച ഈ പുതിയ ശീർഷകത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 864 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ഒന്നാംഘട്ട സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ 326 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിൽ 248 ലക്ഷം രൂപയും ഉൾപ്പെടെ 574 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23290/ജി2/2012/ഉ.വി.വ. തീയതി 18-8-2012)

ശിപാർശ

ദൃശ്യമാധ്യമ രംഗത്തെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങളിൽ യുവജനങ്ങൾക്ക് അവസരം ലഭ്യമാക്കുന്നതിന് അന്തർദേശീയ നിലവാരത്തിൽ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ കീഴിൽ സ്ഥാപിച്ച കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന സ്ഥാപനത്തിൽ 2013 ജൂണിൽ ക്ലാസ്സുകൾ ആരംഭിക്കത്തക്കരീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി 2000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന സ്ഥാപനത്തിന്റെ ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ പ്രാരംഭ ചെലവുകൾക്കായി 4 കോടി രൂപ 2012 DG-യിൽ അനുവദിച്ചിരുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ അധികതുക അനുവദിക്കുന്നതിനായി KRNNIVSA സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസൽ വീണ്ടും ധനവകുപ്പിലേക്കയച്ചപ്പോൾ അനുവദിച്ച തുകപോലും പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ KRNNIVSA

സെക്രട്ടറിയുടെ പ്രൊപ്പോസൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചുവെന്ന് ധനവകുപ്പ് അറിയിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 23292/എൽ1/2012/ഉ.വി.വ. തീയതി 16-4-2013)

ശിപാർശ

കുട്ടികളിലെ കലാ-സാംസ്കാരിക-സാഹിത്യ-ശാസ്ത്ര-പരിസ്ഥിതി മണ്ഡലങ്ങളിലുള്ള അഭിരുചി കണ്ടെത്തി അവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകി അതാതു രംഗങ്ങളിൽ പ്രാഗത്ഭ്യം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ജവഹർ ബാലഭവനുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. കൂടാതെ മുൻവർഷങ്ങളിലെ ഗ്രാന്റ് തുക കുടിശ്ശികയാണെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാലഭവനുകൾക്ക് കുടിശ്ശിക തീർക്കുന്നതിനും ഇപ്പോഴത്തെ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ അഞ്ച് ബാലഭവനുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

ശിപാർശ

1958-ൽ തോന്നയ്ക്കലിൽ ആരംഭിക്കുകയും 1999-ൽ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തപ്പെടുകയും ചെയ്ത കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ആശാൻ സ്മാരക സംരക്ഷണം തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

ശിപാർശ

നൃത്ത-സംഗീത കലകളെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ഗുരുഗോപിനാഥ് നടനഗ്രാമത്തിന് അന്താരാഷ്ട്ര നിലവാരമുള്ള ദേശീയ നൃത്തമ്യൂസിയം സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും ഗ്രാൻഡ് അനുവദിച്ചെങ്കിലും സംസ്ഥാനവിഹിതം ലഭിക്കാത്തതിനാൽ പദ്ധതി സ്തംഭനാവസ്ഥയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 300 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് പ്രവർത്തനങ്ങൾക്കും ബന്ധപ്പെട്ട ചെലവുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 11 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>ശിപാർശ</u>

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള അനാവർത്തന ധനസഹായം ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>ശിപാർശ</u>

പ്രമുഖ കലാകാരൻമാർക്കും സാഹിത്യകാരന്മാർക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ പദ്ധതിയിനത്തിലും 5 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജവഹർ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 35 ലക്ഷം രൂപയും തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും വട്ടിയൂർക്കാവ് ഗുരു ഗോപിനാഥ് നടനഗ്രാമത്തിന് പദ്ധതിയിനത്തിൽ 28 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 28.97 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്നതിന് 45 ലക്ഷം രൂപയും പ്രശസ്തരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 125 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ നിലവിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല. എന്നിരിക്കിലും വിവിധ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിക്കുന്ന കാര്യം, അർഹമായ അപേക്ഷകളിൽ സംസ്ഥാനത്തിന്റെ അപ്പോഴത്തെ ധനസ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 5169/എ 2/2012/സി.എ.ഡി. തീയതി 10-12-2012)

ശിപാർശ

സാംസ്കാരിക ഡയറക്ടറേറ്റുവഴി സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ധനസഹായം നൽകുന്ന പദ്ധതി പ്രകാരം കലാകാരപെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന 2470 കലാകാരന്മാർക്ക് 550 രൂപയാണ് പെൻഷനായി നൽകുന്നത്. കലാകാരപെൻഷൻ 1,000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുള്ള സാഹചര്യത്തിൽ ആ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മുന്നൂറിൽപ്പരം പുതിയ അപേക്ഷകർക്ക് ഉൾപ്പെടെ കലാകാരപെൻഷൻ 1,000 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമേ 169.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി നിലനിൽക്കുന്നതിനാൽ നടപ്പുസാമ്പത്തികവർഷം കൂടുതൽ തുക വകയിരുത്താൻ കഴിയുകയില്ല. എങ്കിലും കലാകാരപെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 5183/സി3/2012/സി.എ.ഡി. തീയതി 26-11-2012)

ശിപാർശ

സംസ്ഥാനത്തെ മലയാള ചലച്ചിത്ര-ടെലിവിഷൻ മാധ്യമങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും പരിപോഷണത്തിനുമായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയേതര ഇനത്തിലെ ശമ്പളാനുകൂല്യങ്ങൾ, വാടക, വൈദ്യുതി ചാർജ്, പെട്രോൾ തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമേ 24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പദ്ധതിയേതര ശീർഷകങ്ങളിൽ ആകെ 147.9 ലക്ഷം രൂപ അവശേഷിക്കുന്ന സാഹചര്യത്തിൽ പദ്ധതിയേതര ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തീരുന്നമുറയ്ക്ക് മാത്രം അധിക ധനസഹായം അനുവദിക്കുന്ന വിഷയം പരിഗണിക്കുവാൻ ധനവകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 4906/എ 3/2012/സി.എ.ഡി. തീയതി 29-10-2012)

<u>ശിപാർശ</u>

സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണ മേഖലയിലും ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടും പ്രവർത്തിച്ചുവരുന്ന പുരാവസ്തു വകുപ്പിലെ ദിവസക്കൂലി ജീവനക്കാരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമേ 25 ലക്ഷം രൂപയും പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം പ്രവർത്തിക്കുന്ന ശ്രീപാദം കൊട്ടാരത്തിന്റെ 2007 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും മാനന്തവാടി പഴശ്ശികുടീരം പ്രോജക്ട് കെട്ടിടത്തിന്റെ 2006 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും അടയ്ക്കുന്നതിന് 2.15 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

പുരാവസ്തു വകുപ്പിലെ ദിവസക്കൂലി ജീവനക്കാരുടെ വേതന വർദ്ധനവിനത്തിൽ 25 ലക്ഷം രൂപയും പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം പ്രവർത്തിക്കുന്ന ശ്രീപാദം കൊട്ടാരത്തിന്റെ 2007 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും മാനന്തവാടി പഴശ്ശികുടീരം പ്രോജക്ട് കെട്ടിടത്തിന്റെ 2006 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും അടയ്ക്കുന്നതിന് 2.15 ലക്ഷം രൂപയും 23-1-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 617/13 ധന. ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5719/ബി1/2012/സാം.കാ.വ. തീയതി 17-3-2013)

**20-6-2013-ൽ പരിഗണിച്ചവ**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)

<u>ശിപാർശ</u>

സെക്കണ്ടറി സ്കൂളുകളിൽ കളികൾക്കും കായികാഭ്യാസ പ്രകടനങ്ങൾക്കും വേണ്ടി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന 8 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ തുക 15 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

2010-2011 സാമ്പത്തികവർഷം സമിതിയുടെ ശിപാർശ പ്രകാരം അധികതുക ലഭ്യമാക്കുകയുണ്ടായില്ല. എന്നാൽ 2011-12-ൽ ഇത് 8 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ച് വകയിരുത്തുകയുണ്ടായി. 2012-13-ലും 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 50956/പി2/2010/പൊ.വി.വ. തീയതി 9-5-2013)

ശിപാർശ

സെക്കണ്ടറി സ്കൂളുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനോടൊപ്പം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മിനിമം പഠന നിലവാരം സ്വായത്തമാക്കുന്നതിന് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയ പദ്ധതിക്കായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

2010-11-ൽ വകയിരുത്തിയിരുന്ന 10 കോടി രൂപയ്ക്കു പുറമേ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശ അനുസരിച്ചുള്ള നിർദ്ദേശപ്രകാരം അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. 2012-13-ൽ ഇതിലേക്കായി 168 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 48561/ഡി3/2012/പൊ.വി.വ. തീയതി 30-3-2013)

ശിപാർശ

24 ഗവൺമെന്റ് ടി.ടി.ഐ.-കൾക്കും 14 സമാന സ്ഥാപനങ്ങൾക്കുമായുള്ള ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന 30 ലക്ഷം രൂപയ്ക്കു പുറമേ 20 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന സമിതിയുടെ നിർദ്ദേശത്തിന്മേൽ അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. 2012-13-ൽ 40 ലക്ഷം രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 48561/ഡി3/2012/പൊ.വി.വ. തീയതി 30-3-2013)

ശിപാർശ

ഇന്ത്യാ ഗവൺമെന്റ് 2008-09 അദ്ധ്യായന വർഷം മുതൽ ഇൻസെന്റീവ് ടു ഗേൾസ് ഫോർ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ പദ്ധതി പ്രകാരം അർഹരായ ഓരോ വിദ്യാർത്ഥിനിയുടെയും പേരിൽ സ്കോളർഷിപ്പ് തുകയായ 3,000 രൂപ ബാങ്കിൽ നിക്ഷേപിക്കുകയും 18 വയസ് പൂർത്തിയാക്കുകയും പത്താംക്ലാസ് വിജയിക്കുകയും

ചെയ്യുന്നവേളയിൽ ഈ തുക തിരിച്ചെടുക്കാവുന്നതുമാണ്. ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ മതിയായ തുക പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2010-11 സാമ്പത്തികവർഷം വകയിരുത്തിയിരുന്ന 7 കോടി രൂപ അപര്യാപ്തമായതിനാൽ മതിയായ തുക പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന സമിതി ശിപാർശയിന്മേലുള്ള നിർദ്ദേശമനുസരിച്ച് അധിക തുകയൊന്നും ടി വർഷം വകയിരുത്തുകയുണ്ടായില്ല. 2011-12 സാമ്പത്തികവർഷത്തിൽ ഇതിലേക്കായി 7 കോടി രൂപയും, 2012-13-ൽ 679.41 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 46267/എൻ1/2010/പൊ.വി.വ. തീയതി 20-5-2013)

<u>ശിപാർശ</u>

ഇംഗ്ലീഷ് ഭാഷയെ പ്രായോഗികമായി സ്വായത്തമാക്കുക, ഭാഷയുടെ ശരിയായ ഉപയോഗം, നവീന രീതികൾ, നവീന സമീപനം, നവീന വിദ്യ എന്നിവയിലൂടെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകരെ വിദഗ്ധരാക്കുവാൻ പരിശീലനം നൽകുന്ന പദ്ധതിക്കായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

2010-11 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ 30 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ശിപാർശയനുസരിച്ച് ടി വർഷം അധിക തുകയൊന്നും അനുവദിക്കുകയുണ്ടായില്ല. എന്നാൽ നടപ്പുസാമ്പത്തികവർഷം (2012-13) 30 ലക്ഷം രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 50956/പി2/2010/പൊ.വി.വ. തീയതി 9-5-2013)

<u>ശിപാർശ</u>

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻകീഴിലുള്ള ഏക കായിക വിദ്യാഭ്യാസ കോളേജിൽ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനുമാത്രം അഞ്ചു കോടിയിലേറെ രൂപ ചെലവു പ്രതീക്ഷിക്കുന്നതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന

1 കോടി രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന് 400 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ വിഭവലഭ്യതയുടെകൂടി അടിസ്ഥാനത്തിലാണ് പദ്ധതി വിഹിതം നിശ്ചയിക്കുന്നത്. വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലും സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള ഭരണനടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്കും ഈ ഇനത്തിൽ കൂടുതൽ വിഹിതം ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 29561/സി2/2010/ഉ.വി.വ. തീയതി 11-4-2013)

<u>ശിപാർശ</u>

സർക്കാർ കോളേജുകളിലെ നിലവിലുള്ള കളിസ്ഥലങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണെന്നും സംസ്ഥാനത്തിന്റെ കായികവികസനത്തിനും കായികതാരങ്ങളുടെ വളർച്ചയ്ക്കും കളിസ്ഥലങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുകയും ആയതിനാൽ എല്ലാ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വിദ്യാർത്ഥികളുടെ കായികക്ഷമത ഉറപ്പാക്കുന്നതിന് മതിയായ കായിക പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കായിക പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബഡ്ജറ്റിൽ പദ്ധതിവിഹിതമായി ഉൾപ്പെടുത്തിയിരുന്ന 50 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. തുടർന്ന് 2011-12 വർഷത്തിലും 50 ലക്ഷം രൂപ ഈ ആവശ്യത്തിനായി ഉൾപ്പെടുത്തിയിരുന്നു. നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട് വിവിധ സ്പോർട്സ് സ്റ്റേഡിയങ്ങളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി ആവശ്യമുള്ള തുക ഇതിനകം അനുവദിച്ചിട്ടുണ്ട്. ആ നിലയ്ക്ക് അധികമായി തുക അനുവദിക്കുന്നത് പ്രായോഗികമല്ല.

(സർക്കാർ കത്ത് നമ്പർ 29561/സി2/2010/ഉ.വി.വ. തീയതി 11-4-2013)

ശിപാർശ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടെയും ഓഫീസുകളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ആധുനികവത്കരണം, ഓഫീസ് ക്യാബിനുകളുടെ നിർമ്മാണം എന്നിവയ്ക്കായി ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2202-03-800-81(P) ശീർഷകത്തിൽ 2010-11 സാമ്പത്തികവർഷം അനുവദിച്ച 30 ലക്ഷം രൂപയ്ക്കു പുറമേ ധനപുന:ക്രമീകരണം വഴി 15 ലക്ഷം രൂപ കൂടി അനുവദിക്കുക യുണ്ടായി. ഈ തുക പൂർണ്ണമായി ചെലവഴിക്കുകയുണ്ടായില്ല. തുടർന്ന് 2011-12 വർഷത്തിലും ഈ ഇനത്തിൽ 50 ലക്ഷം രൂപ അനുവദിച്ചെങ്കിലും ഈ തുകയും ചെലവഴിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ആവശ്യത്തിനായി കൂടുതൽ തുക അനുവദിക്കുന്നതിനു ന്യായീകരണമില്ല.

(സർക്കാർ കത്ത് നമ്പർ 29561/സി2/2010/ഉ.വി.വ. തീയതി 11-4-2013)

ശിപാർശ

സർക്കാർ കോളേജുകളിലെ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

4202-01-203-89(P) ഹെഡിൽ സർക്കാർ കോളേജുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി ബഡ്ജറ്റ് വിഹിതമായി രണ്ടു കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ഒരു കോടി പതിനെട്ട് ലക്ഷത്തി അറുപത്തി ഒന്നായിരം രൂപ (1,18,61,000) മാത്രമേ ചെലവാക്കിയിട്ടുള്ളൂ. ബാക്കിയുള്ള 81,39,000 രൂപ സറണ്ടർ ചെയ്യുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ അധികതുക വകയിരുത്തേണ്ടതില്ല.

(സർക്കാർ കത്ത് നമ്പർ 29561/സി2/2010/ഉ.വി.വ. തീയതി 11-4-2013)

ശിപാർശ

ഉന്നതവിദ്യാഭ്യാസ നയ ഗവേഷണ സ്ഥാപനം, പാഠ്യ വിഷയവികസനത്തിനും പരീക്ഷാ പരിഷ്കരണത്തിനുമുള്ള കേന്ദ്രം, മാനവവിഭവശേഷി വികസന കേന്ദ്രം എന്നിവയുടെ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതിനും 322 ലക്ഷം രൂപ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

2202-03-800-73(P) ഹെഡിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽവഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി ഈ ശീർഷകത്തിനുകീഴിൽ 2010-11 വർഷത്തിൽ 5 കോടി രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും മൂന്നു കോടി അൻപതു ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്. ആയതിനാൽ കൂടുതൽ തുക അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.

(സർക്കാർ കത്ത് നമ്പർ 29561/സി2/2010/ഉ.വി.വ. തീയതി 11-4-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

ശിപാർശ

ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ജീർണ്ണിച്ച കെട്ടിടത്തിലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. ആയതിനാൽ പുതിയ കെട്ടിടനിർമ്മാണം അനിവാര്യമാണ്. കെട്ടിട നിർമ്മാണ പൂർത്തീകരണം, പുസ്തക നിർമ്മാണം, ഭാഷാ നവീകരണം, സമഗ്ര ഭാഷാ രചന, മൺമറഞ്ഞ സാഹിത്യകാരന്മാരുടെ ശതാബ്ദി ആഘോഷം എന്നിവ ഏറ്റെടുക്കുന്നതിനു വേണ്ടി പദ്ധതിവിഹിതത്തിൽ 150 ലക്ഷം രൂപയും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും, ക്ഷാമബത്ത കുടിശ്ശിക നല്കുന്നതിനും, ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുമായി പദ്ധതിയേതര വിഹിതത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതി വിഹിതം 150 ലക്ഷം രൂപയായും പദ്ധതിയേതര വിഹിതം 50 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 7439/സി1/2011/സി.എ.ഡി. തീയതി 15-4-2013)

<u>ശിപാർശ</u>

സംസ്ഥാന പുരാവസ്തു ഇൻസ്റ്റിറ്റ്യൂട്ട്-കലാ ചരിത്ര സംരക്ഷണം എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കാലക്രമത്തിൽ ഈ ശീർഷകംതന്നെ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും. ആയതിനാൽ തൃപ്പൂണിത്തുറ ഹിൽ പാലസ് പരിസര സംരക്ഷണം, ഡിയർ പാർക്ക് പരിപാലനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും, നിലവിലുള്ള കോഴ്സുകളുടെ നടത്തിപ്പ്, ലാബ് വികസനം, ലൈബ്രറി വികസനം, കുട്ടികളുടെ പാർക്കിന്റെ പുനരുദ്ധാരണം എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 130 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സ്വീകരിച്ച നടപടി</u>

2011-12-ൽ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് 2205-00-103-85 ശീർഷകത്തിൽ പദ്ധതി വിഹിതമായി 25 ലക്ഷം രൂപയും പദ്ധതിയേതര വിഹിതമായി ടോക്കൺ പ്രൊവിഷനും വകയിരുത്തിയിരുന്നു. എന്നാൽ ബന്ധപ്പെട്ട വിഹിതം ചെലവഴിച്ചതിനുള്ള വിശദാംശങ്ങൾ ലഭ്യമാക്കാത്തതു കാരണം ഈ ഇനത്തിൽ അധികതുക അനുവദിക്കാൻ കഴിഞ്ഞില്ല. എന്നിരുന്നാലും 22-8-11-ലെ സ.ഉ. (കയ്യെഴുത്ത്)46/11/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 7277/ബി1/2011/സാം.കാ.വ. തീയതി 7-5-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-2013)

<u>ശിപാർശ</u>

കുട്ടികളുടെ വിജ്ഞാന വളർച്ചയും സർഗ്ഗാത്മകവിജ്ഞാനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പുസ്തക പ്രസിദ്ധീകരണം, അവാർഡുകൾ, സെമിനാറുകൾ, സാഹിത്യ പ്രചരണം, കെട്ടിടസമുച്ചയ നിർമ്മാണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതി ഇനത്തിൽ 106 ലക്ഷം രൂപയും ശമ്പളം, വാഹനം തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 620 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിവിഹിതം 106 ലക്ഷം രൂപയായും പദ്ധതിയേതര വിഹിതം 620 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല. എന്നതിനാൽ മൊത്തം വിഹിതത്തിൽ മാറ്റംവരാതെ ഗ്രാന്റിനുള്ളിൽ അനുയോജ്യമായ ധനപുനഃക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണെന്ന വിവരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിരുന്നെങ്കിലും 2012-13 സാമ്പത്തികവർഷം നിർദ്ദേശമൊന്നും ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 6014/സി1/2012/സാം.കാ.വ. തീയതി 29-5-2013)

<u>ശിപാർശ</u>

മലയാള ഭാഷയുടെ വളർച്ചയ്ക്കും വികസനത്തിനും പ്രോത്സാഹനം നൽകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ് ആയതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടനിർമ്മാണം, പുസ്തകനിർമ്മാണം, ഭാഷാനവീകരണം, പുസ്തക പ്രദർശനം തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ പദ്ധതിയിനത്തിൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>ശിപാർശ</u>

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ക്ഷാമബത്ത കുടിശ്ശിക പി.എഫിലേക്ക് ലയിപ്പിക്കുന്നതിനും ശമ്പള പരിഷ്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിവിഹിതം 150 ലക്ഷം രൂപ അധികവും പദ്ധതിയേതര വിഹിതം 50 ലക്ഷം രൂപ അധികവും വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല. മൊത്തം വിഹിതത്തിൽ മാറ്റംവരാതെ ഗ്രാന്റിനുള്ളിൽ അനുയോജ്യമായ

ധനപുനഃക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണെന്ന വിവരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിരുന്നെങ്കിലും നിർദ്ദേശമൊന്നും ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 6014/സി1/2012/സാം.കാ.വ. തീയതി 29-5-2013)

ശിപാർശ

സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ഇൻസ്റ്റിറ്റ്യൂട്ടിന്റെ കറന്റ് ചാർജ്, വെള്ളക്കരം, ഓഫീസ് ഭരണച്ചെലവ് തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകുന്ന സാഹചര്യങ്ങളിൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശികയായ 214.48 ലക്ഷം രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനായി പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 150 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 300 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിവിഹിതം 150 ലക്ഷം രൂപ അധികവും പദ്ധതിയേതര വിഹിതം 300 ലക്ഷം രൂപ അധികവും വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല. മൊത്തം വിഹിതത്തിൽ മാറ്റംവരാതെ ഗ്രാന്റിനുള്ളിൽ അനുയോജ്യമായ ധനപുന:ക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ പരിഗണിക്കാവുന്ന താണെന്ന വിവരവും ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിരുന്നെങ്കിലും നിർദ്ദേശമൊന്നും ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 6014/സി1/2012/സാം.കാ.വ തീയതി 29-5-2013)

ശിപാർശ

കേരളത്തിൽ ക്ലാസ്സിക്കൽ കലകളുടെ ഉന്നമനത്തിനും പരിശീലനത്തിനും വേണ്ടി നിലകൊള്ളുന്ന കല്പിത സർവ്വകലാശാലയായ കേരള കലാമണ്ഡലത്തിന് യു.ജി.സി. റിവ്യൂ കമ്മിറ്റി നിഷ്കർഷിച്ചിരിക്കുന്ന ഭൗതികസൗകര്യ വികസനരംഗത്തും അക്കാദമിക് തലത്തിലും ചെയ്യേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതി-പദ്ധതിയേതര ചെലവുകളിൽ വർദ്ധനവ് ആവശ്യമാണ്. ആയതിനാൽ യു.ജി.സി. കമ്മിറ്റി നിർദ്ദേശിച്ച

കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടിയ അക്കാദമിക് ബ്ലോക്ക്, ആഡിറ്റോറിയം എന്നിവ അടിയന്തരമായി നിർമ്മിക്കുന്നതിനും വിദേശ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ആധുനിക സൗകര്യങ്ങളുള്ള റിസർച്ച് & ലൈബ്രറി സെന്റർ, സ്റ്റുഡിയോ-കം-ഡോക്യുമെന്റേഷൻ സെന്റർ, പുതിയ കളരികൾ എന്നിവ നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ പദ്ധതിയിനത്തിൽ 8 കോടി രൂപയും അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളം നൽകുന്നതിനായി പദ്ധതിയേതര ഇനത്തിൽ 4 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

ശിപാർശ

മലയാള ഭാഷയുടേയും സാഹിത്യത്തിന്റെയും വളർച്ച ലക്ഷ്യമിട്ട് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കേരള സാഹിത്യ അക്കാദമി ലോക മലയാള സമ്മേളനം, പുസ്തക പ്രസിദ്ധീകരണം, സാഹിത്യ സാംസ്കാരിക പരിപാടികൾ, ലൈബ്രറി നവീകരണം, സ്കോളർഷിപ്പ് തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ ഈ വർഷം നടത്തിവരുന്നുണ്ട്. സാഹിത്യ അക്കാദമിയിൽ തുച്ഛമായ വേതനത്തിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന നിരവധി ജീവനക്കാരുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേരള സാഹിത്യ അക്കാദമിയുടെ നടപ്പുവർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചു നൽകുന്നതിനുമായി പദ്ധതിയിനത്തിൽ 560 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

ശിപാർശ

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിയ വിവിധ ഭാഷാ ന്യൂനപക്ഷങ്ങളുടെ കലാക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കേരളത്തിന്റെ സാംസ്കാരിക പൈതൃകം, കല, ചരിത്രം എന്നിവ മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുക, വിവിധ സംസ്ഥാനങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടി സംഘടിപ്പിക്കുക തുടങ്ങിയ സ്ഥാപിത ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഭാരത് ഭവന്റെ നടപ്പുവർഷത്തെ പദ്ധതികളായ അതിഥിദേവോഭവ, ദേശീയോദ്ഗ്രഥന പരിപാടികൾ, നാഷണൽ ട്രാൻസിലേഷൻ ക്യാമ്പ്, അറേബ്യൻ സാംസ്കാരിക മേളകൾ, മറുനാടൻ ആയോധന ഉത്സവം തുടങ്ങിയ വിവിധ പരിപാടികളുടെ നടത്തിപ്പിനായി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

ശിപാർശ

കേരള സംഗീത നാടക അക്കാദമിയുടെ നടപ്പുവർഷത്തെ പദ്ധതികളായ അമേച്വർ നാടക മത്സരം, ലൈബ്രറി വികസനം, കേളി പ്രസിദ്ധീകരണം സാംസ്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പ്രവർത്തനം, ശിൽപ്പശാലകൾ, കലോത്സവങ്ങൾ, സ്കോളർഷിപ്പ്, സംഗീതോത്സവം തുടങ്ങിയ പരിപാടികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

ശിപാർശ

അന്യംനിന്നു പോയിക്കൊണ്ടിരിക്കുന്ന നാടോടിക്കലകളുടെ പ്രചരണം, സംരക്ഷണം, രേഖപ്പെടുത്തൽ, നാടൻ കലാകാരൻമാർക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്ന കേരള ഫോക്‌ലോർ അക്കാദമിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 20 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

ശിപാർശ

കൊടക്കാട് കണ്ണപെരുവണ്ണാൻ സ്മാരക തെയ്യം കലാഗ്രാമം തുടങ്ങുന്നതിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

സർക്കാരിന്റെ പരിമിതമായ വിഭവലഭ്യത കാരണം ഈ വർഷം ബഡ്ജറ്റ് വിഹിതത്തിനുപുറത്ത് അധികവിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല. 8-8-2012-ലെ

ജി.ഒ.(പി) നമ്പർ 442/12/ധന. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചെലവുചുരുക്കൽ നടപടികളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ 5168/എ 1/2012/സി.എ.ഡി. തീയതി 3-5-2013)

ശിപാർശ

ഭാരതീയ വാസ്തുവിദ്യയുടേയും അനുബന്ധ വിഷയങ്ങളുടേയും പ്രചരണത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന വാസ്തുവിദ്യാഗുരുകുലത്തിന് ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 45 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

ആറന്മുള വാസ്തുവിദ്യാഗുരുകുലത്തിന് (2012-13) സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ 2205-00-102-68-36(NP) ശീർഷകത്തിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ വർഷം ഈ സ്ഥാപനത്തിന് നോൺ പ്ലാനിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അധികമായി തുക ആവശ്യമായി വരുന്നില്ലെന്ന് 2013-14-ലെ സബ്ജക്ട് കമ്മിറ്റിയുടെ കുറിപ്പിൽ പ്രസ്താവിക്കുന്ന സാഹചര്യത്തിൽ അധികതുക വകയിരുത്തേണ്ടതായി കാണുന്നില്ല.

(സർക്കാർ കത്ത് നമ്പർ 5270/ബി3/2012/സാം.കാ.വ. തീയതി 15-5-2013)

ശിപാർശ

സംഗീത നാടക അക്കാദമിയുടെ സുവർണ്ണ ജൂബിലി ഉപഹാരമെന്ന നിലയിൽ ഓരോ വർഷവും ഇന്റർനാഷണൽ തീയറ്റർ ഫെസ്റ്റിവൽ ഓഫ് കേരള എന്ന പേരിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിന്റെ നടത്തിപ്പിനായി ഒരു കോടി രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

അന്താരാഷ്ട്ര നാടകോത്സവത്തിന്റെ നടത്തിപ്പിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5168/എ 1/2012/സി.എ.ഡി. തീയതി 3-5-2013)

ശിപാർശ

കേരളത്തിന്റെ ചരിത്രപരവും ഭരണപരവുമായ രേഖകൾ സംരക്ഷിക്കുന്നതിനായി നിലകൊളളുന്ന കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പിലെ റഫറൻസ് മീഡിയായുടെ കമ്പ്യൂട്ടർവൽക്കരണം, റിക്കാർഡുകൾ, താളിയോലകൾ, കൈയെഴുത്ത് പ്രതികൾ എന്നിവയുടെ ഡിജിറ്റൈസേഷൻ, താളിയോലകൾ, കൈയെഴുത്ത് പ്രതികൾ എന്നിവയുടെ സംരക്ഷണം തുടങ്ങി വിവിധങ്ങളായ പ്രവൃത്തികൾക്കും അവയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 145 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആർക്കൈവ്സ് വകുപ്പിന്റെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുളള തുകയ്ക്കുപുറമേ പദ്ധതി ഇനത്തിൽ 66 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

പുരാരേഖാ വകുപ്പിന് 2012-13 സാമ്പത്തിക വർഷത്തേക്ക് പദ്ധതി വിഹിതമായി അനുവദിച്ച 145 ലക്ഷം രൂപ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത ഇനങ്ങൾക്ക് പര്യാപ്തമല്ലെങ്കിലും ബജറ്റ് വഹിതത്തേക്കാൾ കൂടുതലായി സമിതി ശുപാർശ ചെയ്ത 66 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കിയാലും അവ ചെലവഴിച്ച് പരിമിതമായ സമയത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 2013-14 സാമ്പത്തികവർഷം അതിനുള്ള നടപടികൾ തുടരുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 6002/സി2/2012/സാം.കാ.വ. തീയതി 12-6-2012)

**10-9-2013-ൽ പരിഗണിച്ചവ**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

ശിപാർശ

തൊഴിലിനെപ്പറ്റിയും തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും ശരിയായ ധാരണ ലഭിക്കുന്നതിനായി പത്താം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെപ്പറ്റി പൂർണ്ണമായ അറിവ് ഉണ്ടായിരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി ഓരോ ഹൈസ്കൂളുകളിലും ഓരോ തൊഴിലധിഷ്ഠിത കോഴ്സ് വീതം ആരംഭിക്കുന്നതിനായുള്ള പദ്ധതിക്ക് 2011-12 സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്കായി 34.5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2010-11 സാമ്പത്തികവർഷത്തിൽ സമിതിയുടെ ശുപാർശ പ്രകാരം പ്രസ്തുത പദ്ധതിക്കായി തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2011-12 സാമ്പത്തികവർഷം 2202-02-800-53 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ ടി പദ്ധതിക്ക് വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 76071/പി2/2012/പൊ.വി.വ. തീയതി 18-7-2013)

<u>ശിപാർശ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾക്ക് സന്നദ്ധ സാങ്കേതിക പിന്തുണ നൽകുന്നതിനും പ്രസ്തുത സംരംഭങ്ങൾക്ക് സമൂഹത്തെ സജ്ജവും പ്രാപ്തവും ആക്കുന്നതിനും വേണ്ടിയാണ് കരകുളം ഗ്രാമീണ പഠനകേന്ദ്രം 2008-09-ൽ ആരംഭിച്ചത്. സ്വന്തമായി ആസ്ഥാനവും പഠിതാക്കൾക്ക് താമസം, പരിശീലനം മുതലായ സൗകര്യം ഒരുക്കുന്നതിനുവേണ്ടി പ്രസ്തുത ഗ്രാമീണ പഠനകേന്ദ്രത്തിന് കഴിഞ്ഞ സാമ്പത്തികവർഷം 15 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

2011-12 സാമ്പത്തികവർഷത്തിൽ പ്രസ്തുത സ്ഥാപനത്തിനായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന വിഷയനിർണ്ണയ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അധിക ധനാഭ്യർത്ഥന മുഖേന സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 2696/12/ധന. തീയതി 23-3-2012 പ്രകാരം 8 ലക്ഷം രൂപ അനുവദിക്കുകയും ആയത് എം.4/5105/2012/ഡി.പി.ഐ. തീയതി 26-3-2012 നമ്പർ നടപടിക്രമം അനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ വിതരണം ചെയ്യുകയുമുണ്ടായി.

(സർക്കാർ കത്ത് നമ്പർ 76071/പി2/2012/പൊ.വി.വ. തീയതി 18-7-2013)

<u>ശിപാർശ</u>

ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും വേണ്ടിയുള്ള പദ്ധതിയേതര വിഹിതത്തിൽ 2011-12 വർഷം ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ടി ശീർഷകത്തിൽ 1 കോടി 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

വിഷയനിർണ്ണയ സമിതിയുടെ നിർദ്ദേശപ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ എസ്.സി.ഇ.ആർ.ടി.ക്ക് 170 ലക്ഷം രൂപ അനുവദിക്കണമെന്ന ശുപാർശ വിഭവ ലഭ്യതയുടെ പരിമിതി കാരണം നൽകുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 76071/പി2/2012/പൊ.വി.വ. തീയതി 18-7-2013)

<u>ശിപാർശ</u>

സർവ്വവിജ്ഞാനകോശം, സാഹിത്യ വിജ്ഞാനകോശം തുടങ്ങിയവയുടെ പരിഷ്കരിച്ച പതിപ്പുകളുടെ പ്രസിദ്ധീകരണം, ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം, ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 2011-12 സാമ്പത്തികവർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാനുദ്ദേശിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിനായി പദ്ധതിയിനത്തിൽ 100 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചുള്ള അധിക ധനസഹായം വകയിരുത്തുന്നതിനാവശ്യമായ പദ്ധതി/പദ്ധതിയേതര പ്രൊപ്പോസലുകളൊന്നും തന്നെ 2011-12 വർഷത്തിൽ കേരള സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിക്കാത്തതിനാൽ സർക്കാരിന് അനന്തരനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 7439/സി1/2011/സി.എ.ഡി. തീയതി 29-5-2013)

**5-12-2013-ൽ പരിഗണിച്ചവ**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

<u>ശിപാർശ</u>

സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും നീതീകരിക്കാനാകാത്തതും അപര്യാപ്തവുമാകയാൽ ടി തുക 7 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സ്വീകരിച്ച നടപടി

2010-11-ൽ വകയിരുത്തിയിരുന്ന 3.6 ലക്ഷം രൂപ 7 ലക്ഷം രൂപയായി സമിതി ശിപാർശ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പരിഗണിച്ച് സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകുന്ന ധനസഹായം 1,000 രൂപയിൽനിന്നും 1,500 രൂപ യായി വർദ്ധിപ്പിച്ച് സ.ഉ. (ആർറ്റി.) നമ്പർ 2426/13/പൊ.വി. തീയതി 13-6-2013 പ്രകാരം ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 56737/എസ്2/2010/പൊ.വി.വ. തീയതി 6-11-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

### ശിപാർശ

ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 62.46 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### ശിപാർശ

ഗവൺമെന്റേതര പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ഔദ്യോഗിക യാത്രാബത്തയിനത്തിൽ കുടിശ്ശികയുൾപ്പെടെയുള്ള തുക യഥാസമയം അനുവദിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 146.36 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### ശിപാർശ

ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ഔദ്യോഗിക യാത്രകൾ യഥാസമയം നടത്തുന്നതിനായി യാത്രാബത്ത അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 37.36 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

### ശിപാർശ

ഗവൺമെന്റേതര സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ഔദ്യോഗിക യാത്രാചെലവുകൾ കുടിശ്ശികയുൾപ്പെടെ യഥാസമയം നൽകുന്നതിനായി 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

ശിപാർശ

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്തയിന ത്തിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 63.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

ശിപാർശ

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

ശിപാർശ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോഫീസിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 43.67 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

ശിപാർശ

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രാ ബത്ത ഇനത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

ശിപാർശ

പൊതുവിദ്യാഭ്യാസ വകുപ്പിലെ നിരവധി ഓഫീസുകൾ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കുടിശ്ശികയിനത്തിൽ 60 ലക്ഷം രൂപ ഇനിയും നൽകേണ്ട തായിട്ടുണ്ട്. ഇതിലേക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമായതി നാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണം 8-8-2012-ൽ പുറപ്പെടുവിച്ച സ.ഉ. (പി) നമ്പർ 442/12/ധന. ഉത്തരവ് പ്രകാരമുള്ള ചെലവ് നിയന്ത്രണ നടപടി കൾക്ക് വിധേയമായി 2012-13 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിത ത്തിൽ പരിമിതപ്പെടുത്തേണ്ടതിനാൽ സമിതിയുടെ ശുപാർശയനുസരിച്ച് അധിക തുക യൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 37422/പി2/2012/പൊ.വി.വ. തീയതി 6-11-2013)

ശിപാർശ

കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനിൽ സാക്ഷരതാ പ്രേരക്മാരായും അസിസ്റ്റന്റ് പ്രേരക്മാരായും പ്രവർത്തിക്കുന്നവർക്ക് നൽകി വരുന്ന ഓണറേറിയം വർഷങ്ങളായി വർദ്ധിപ്പിച്ചു നൽകിയിട്ടില്ല. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിലുള്ളവർക്ക് ഇന്നു ലഭിക്കുന്ന തുക 1,300 മുതൽ 2,400 രൂപ വരെയാണ്. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ തൊഴിലാളികൾക്കു ലഭിക്കുന്ന തുകപോലും ഇവർക്കു ലഭിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവർക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ഓണറേറിയത്തിൽ 100% വർദ്ധനവ് നൽകണമെന്നും ഈ വർദ്ധനവ് വരുത്തുന്നതിനാവശ്യമായ തുക ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

24-8-2012-ലെ സ.ഉ. (സാധാ.) നമ്പർ 4084/12/പൊ.വി., സ.ഉ. (സാധാ.) നമ്പർ 5078/12/പൊ.വി. എന്നീ ഉത്തരവുകൾ പ്രകാരം കേരള സാക്ഷരതാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാർക്കും അസിസ്റ്റന്റ് പ്രേരക്മാർക്കും 2012 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ ഓണറേറിയം 60% വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 37422/പി2/2012/പൊ.വി.വ. തീയതി 6-11-2013)

ശിപാർശ

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നൂതന യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് അച്ചടി ജോലികളും പരിശീലനവും നടത്തി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അതുവഴി സഞ്ചിത നഷ്ടം ഇല്ലാതാക്കി സെന്ററിന്റെ വരുമാനം ഉയർത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 450 ലക്ഷം രൂപ അധിക സഹായധനമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതികാരണം അധിക തുക അനുവദിക്കുക പ്രായോഗികമല്ല. വിഭവദൗർലഭ്യതയുടെ കാലഘട്ടത്തിൽപോലും നടപ്പുവർഷം ടി സ്ഥാപനത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തികവർഷം അധിക തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സർക്കാർ കത്ത് നമ്പർ 24363/കെ3/13/ഉ.വി.വ. തീയതി 27-11-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

### ശിപാർശ

വായനാശീലം വളർത്തിയെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ നടപ്പുവർഷത്തെ പദ്ധതികളായ പുതിയ ശാഖകൾ തുറക്കുന്നതിനും കേന്ദ്ര ഓഫീസ് നിർമ്മിക്കുന്നതിനും ജില്ലാ/താലൂക്ക് പുസ്തകമേള നടത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ 133 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

### സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് അധിക തുക അനുവദിക്കുന്നകാര്യം പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 6014/സി1/2012/സാം.കാ.വ. തീയതി 21-10-2013)

### ശിപാർശ

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പുതിയ നാല് ശാഖകൾ തുറക്കുന്നതിനും കേന്ദ്ര ഓഫീസ് നിർമ്മാണത്തിനും ജില്ലാ താലൂക്കുകളിലായി 50 കേന്ദ്രങ്ങളിൽ പുസ്തകമേള നടത്തുന്നതിനും ടി ശീർഷകത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 1.33 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

### സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ ശിപാർശ അനുസരിച്ചുള്ള അധിക ധനസഹായം വകയിരുത്തുന്നതിനാവശ്യമായ പദ്ധതി/പദ്ധതിയേതര പ്രൊപ്പോസലുകളൊന്നുംതന്നെ 2011-12 വർഷത്തിൽ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സമർപ്പിക്കാത്തതിനാൽ സർക്കാരിന് അനന്തരനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച് കേരള ബുക്ക് മാർക്ക് 11-7-2013-ൽ തന്ന പ്രൊപ്പോസൽ പരിഗണനയ്ക്കായി ധനകാര്യവകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 7439/സി1/2011/സാം.കാ.വ. തീയതി 1-10-2013)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

ശിപാർശ

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ലൈബ്രറി കോംപ്ലക്സ് നിർമ്മാണം പബ്ലിക്കേഷൻ അക്കാദമികളുടെ പുനഃസംഘടന, വർക്ക്ഷോപ്പുകളും സെമിനാറുകളും കൺസർവേഷൻ ലബോറട്ടറി നവീകരണം തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 421.69 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

ചെലവുനിയന്ത്രണ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് 421.69 ലക്ഷം രൂപ അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ മൊത്തം വിഹിതത്തിൽ മാറ്റം വരാതെ ഗ്രാന്റിനുള്ളിൽ അനുയോജ്യമായ ധനഃപുനക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന വിവരം സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിനെ അറിയിച്ചിരുന്നെങ്കിലും നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 5719/ബി1/2012/സാം.കാ.വ. തീയതി 26-9-2013)

(ബി) **ചട്ടം 236(6) പ്രകാരം ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

### ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

| *ക്രമ നമ്പർ* | *വകുപ്പ്* | *സാമ്പത്തിക വർഷം* | *റഫറൻസ് നമ്പർ* | *സഭയിൽ സമർപ്പിച്ച തീയതി* |
|---|---|---|---|---|
| 1 | പൊതുഭരണ സർവ്വീസസ് | 2012-13 | 6516/എസ്.ഡി.1/13/ പൊ.ഭ.വ. തീയതി 8-5-2013 | 8-7-2013 |
| 2 | ശാസ്ത്ര സാങ്കേതിക വകുപ്പ് | 2012-13 | 105/എ4/13/ശാ.സാ.വ. തീയതി 3-7-2013 | 8-7-2013 |

(സി) ചട്ടം 236(6) പ്രകാരമുള്ള സമയ പരിധിക്കുശേഷം, 20-12-2013-ൽ ലഭ്യമായ സാംസ്കാരികകാര്യ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 21-1-2014-ന് സഭയിൽ സമർപ്പിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 5-3-2014-ൽ ലഭ്യമായിട്ടുണ്ട്.

## അദ്ധ്യായം III

(എ) **ബില്ലുകളുടെ പരിശോധന**

1. 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ 23-1-2014-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലും 28-1-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ 23-1-2014-ലെ യോഗം ഭേദഗതിയോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജകട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 28-1-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) **ചട്ടങ്ങളുടെ പരിശോധന**

10-9-2013-ലെ യോഗത്തിൽ സമിതി 'ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്', 2013 കരട് ചട്ടം പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

(സി) **എസ്.ആർ.ഒ.-കളുടെ സാധൂകരണം**

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ താഴെ പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു:

1. ദി കേരള സ്റ്റേറ്റ് കൊളിജിയേറ്റ് എഡ്യൂക്കേഷൻ (മ്യൂസിക് കോളേജസ്) സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്-2011

   (എസ്.ആർ.ഒ. നമ്പർ 260/2011, 261/2011)

   (ഫയൽ നമ്പർ 929/സബ്.സി.ഇ1/2012/ലെജി.)

   (സർക്കാർ കത്ത് നമ്പർ 26231/സി1/2008/ഉ.വി.വ. തീയതി 6-2-2012, 26831/സി1/08/ഉ.വി.വ. തീയതി 20-10-2012)

2. കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2012

   (എസ്.ആർ.ഒ. നമ്പർ 728/2012)

   (ഫയൽ നമ്പർ 1762/സബ്.സി.ഇ1/2013/ലെജി.)

   (സർക്കാർ കത്ത് നമ്പർ 34147/എൽ2/95/ഉ.വി.വ.)

3. കേരള കൊളിജിയേറ്റ് എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ്, 2012

(എസ്.ആർ.ഒ. നമ്പർ 729/2012)

(ഫയൽ നമ്പർ 1762/സബ്.സി.ഇ1/2013/ലെജി.)

(സർക്കാർ കത്ത് നമ്പർ 34147/എൽ2/95/ഉ.വി.വ.)

4. ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2012

(എസ്.ആർ.ഒ. നമ്പർ 101/2012, 102/2012)

(ഫയൽ നമ്പർ 1414/സബ്.സി.ഇ1/2012/ലെജി.)

(സർക്കാർ കത്ത് നമ്പർ 48710/ജെ2/2011/പൊ.വിവ. തീയതി 8-3-2012

27014/ജെ2/2011/പൊ.വി.വ. തീയതി 12-6-2013)

(ഡി) **ചട്ടം 235(എ) അനുസരിച്ച് ചേർന്ന യോഗം**

5-12-2013-ലെ യോഗം 2013-14 സാമ്പത്തികവർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികളുടെ അവലോകനം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ കുറിപ്പുകൾ അംഗീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി അഭിപ്രായങ്ങൾ സ്വരൂപിക്കുകയും നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്തു.

തിരുവനന്തപുരം,
2014 ജൂൺ 26.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

അനുബന്ധം

## 17-4-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ യോഗം 2013 ഏപ്രിൽ 17-ന് ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. കെ. ടി. ജലീൽ, എം.എൽ.എ.
3. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. പ്രൊഫ. വി. എൻ. രാജശേഖരൻ പിള്ള, എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്
3. ശ്രീ. കേശവേന്ദ്ര കുമാർ, ഡയറക്ടർ, ഡി.എച്ച്.എസ്.ഇ.
4. പ്രൊഫ. കെ. എ. ഹാഷിം, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം
5. ശ്രീ. എസ്. അജികുമാരൻ, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
6. പ്രൊഫ. സജിത് വിജയരാഘവൻ, എം.ഡി., സി-ആപ്റ്റ്
7. ശ്രീ. എ. ഷാജഹാൻ, ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
8. ശ്രീ. സയിദ് റഷീദ്, ഡയറക്ടർ, എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി.
9. ഡോ. ജെ. ലത, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ
10. ഡോ. വത്സല കുമാർ, ഡയറക്ടർ, സീമാറ്റ്, കേരള
11. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്

12. ശ്രീ. യു. സുഭാഷ്, ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ

13. ശ്രീ. എം. ഷംസുദ്ദീൻ, ഡയറക്ടർ ഇൻ ചാർജ്, ഐ.എച്ച്.ആർ.ഡി.

14. ശ്രീ. എം. ഷെരീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

15. ഡോ. എ. രാമചന്ദ്രൻ, രജിസ്ട്രാർ, കുസാറ്റ്

16. ഡോ. എൻ. പ്രശാന്ത് കുമാർ, രജിസ്ട്രാർ, എസ്.എസ്.യു.എസ്.

17. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, പി&ഇ.എ.ഡി.

18. ശ്രീ. എൽ. റിയാസ്, എസ്.പി.ഡി., എസ്.എസ്.എ.

19. ഡോ. പ്രകാശ്, എസ്.എൽ.ഒ., എൻ.എസ്.എസ്.

20. ശ്രീ. സി. രാമൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

21. ശ്രീ. ജോജിത് മാത്യു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

22. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

23. ശ്രീമതി പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി.

24. ശ്രീമതി ശ്രീലത, കെ., ഡെപ്യൂട്ടി ഡയറക്ടർ, കേരള സ്റ്റേറ്റ് ശാസ്ത്ര സാങ്കേതിക മ്യൂസിയം.

സമിതി 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII(വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം)-ന്റെ കീഴിലുള്ള വിവിധ ശീർഷകങ്ങളിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ സെക്കന്ററി തലത്തിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതിയിൽ 112 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും ഒൻപതും പത്തും ക്ലാസ്സുകൾക്കുവേണ്ടിയുള്ള ഈ പദ്ധതിയിൽ സംസ്ഥാനത്ത് നിലവിലുള്ള സമ്പ്രദായ പ്രകാരം യു.പി.സ്കൂളുകളിൽ 7-ാം ക്ലാസ്സ്‌വരെ മാത്രം ഉള്ളതിനാൽ എട്ടും ഒൻപതും ക്ലാസുകൾ ഒരുമിച്ച് തുടങ്ങേണ്ടതായിവന്നുവെന്നും പൊതുവിദ്യഭ്യാസ വകുപ്പ് സെക്രട്ടറി അറിയിച്ചു. അടുത്ത അദ്ധ്യയനവർഷംമുതൽ യു. പി. വിഭാഗത്തിൽ എട്ടാം ക്ലാസ്സ് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ഹയർ സെക്കന്ററി വകുപ്പിലെ മേഖലാ ഓഫീസുകളിലേക്ക് വാഹനം ആവശ്യമാണെന്നും രണ്ട് ജില്ലകൾക്കായി ഒരു റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് എന്ന അനുപാതത്തിൽ ആർ.ഡി.ഡി. ഓഫീസുകളുടെ എണ്ണം കൂട്ടാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ വാഹനങ്ങളുടെ കുറവ് പരിഹരിക്കപ്പെടുമെന്നും സമിതി അംഗത്തിന്റെ ചോദ്യത്തിന് ചെയർമാൻ മറുപടി നൽകി.

സ്വന്തമായി സ്ഥലം ലഭ്യമാക്കാൻ കഴിയുന്ന 133 സ്കൂളുകൾ സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പദ്ധതിയിൽ ബദൽ സ്കൂളുകളായി അംഗീകരിച്ചിട്ടുണ്ടെന്നും കേന്ദ്രത്തിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് പണി തുടങ്ങുമെന്നും സമിതിയുടെ ചോദ്യത്തിന് എസ്.എസ്.എ. ഉദ്യോഗസ്ഥൻ വിശദീകരണം നൽകി. ജനപ്രതിനിധികളുമായും തദ്ദേശസ്ഥാപനങ്ങളുമായും ചർച്ചചെയ്തശേഷം സ്കൂളുകളുടെ അന്തിമ പട്ടിക തയ്യാറാക്കണമെന്നും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, ഓരോ സ്കൂളിനും ലാബാണോ കെട്ടിടമാണോ ആവശ്യമെന്ന് പരിശോധിച്ച് അതിനായി വിനിയോഗിക്കണമെന്നും ചെയർമാൻ നിർദ്ദേശം നൽകി. ആസ്തി വികസന ഫണ്ട് ഏത് പ്രവൃത്തിക്കാണോ വിനിയോഗിക്കുന്നത് അതിന് പ്രത്യേകം ഹെഡ്ഡുകളായാണ് തുടങ്ങുന്നതെന്ന് ഇത് സംബന്ധിച്ച ചോദ്യത്തിന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് കേരളത്തിൽ നിലവിൽ തിരുവനന്തപുരത്തു മാത്രമേ പരീക്ഷാ കേന്ദ്രം ഉള്ളൂ എന്നതിനാൽ വടക്കൻ മലബാറിൽ കോഴിക്കോട് സി.ഡി.എസ്സിന്റെ ഒരു പരീക്ഷാ കേന്ദ്രം തുടങ്ങണമെന്ന് സമിതി നിർദ്ദേശിച്ചു.

2013-14 അദ്ധ്യായന വർഷത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താൻ ഗവൺമെന്റ് വിമെൻസ് കോളേജ് തിരുവനന്തപുരം, ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാട്, ഗവൺമെന്റ് കോളേജ് ചിറ്റൂർ എന്നിവയെയാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി അംഗത്തിന്റെ ചോദ്യത്തിന് മറുപടി നൽകി. സർക്കാർ കോളേജുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് കേന്ദ്രവിഹിതമായ 455 ലക്ഷം രൂപയോടൊപ്പം സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായ 455 ലക്ഷം രൂപകൂടി ഉപയോഗപ്പെടുത്തിയതായി ചെയർമാൻ അറിയിച്ചു. സംസ്ഥാനത്ത് പുതിയ ഐ.ഐ.റ്റി. തുടങ്ങുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടെന്നും അതിനായി 300 ഏക്കർ സ്ഥലം സംസ്ഥാന ഗവൺമെന്റ് നൽകണമെന്നാണ് വ്യവസ്ഥയെന്നും ചെയർമാൻ അറിയിച്ചു.

സംസ്ഥാനത്ത് പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം വേണമെന്നും കെട്ടിടം സഹിതം സ്ഥലം ലഭ്യമാക്കിയാൽ മാത്രമേ പോളിടെക്നിക്കുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളുവെന്നും സമിതിയുടെ ചോദ്യത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകി.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന് അനുവദിച്ച തുകയുടെ 74 ശതമാനം സ്കോളർഷിപ്പിന് മാത്രം വരുന്നതാണെന്നും ഇനിയും അധിക തുക വേണ്ടിവരു മെന്നും മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രവേശന പരീക്ഷാ കമ്മീഷണറേറ്റ് പ്രവർത്തിച്ചുകൊണ്ടിരുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിലെ കെട്ടിടത്തിന്റെ വാടകക്കുടിശ്ശികയായ 98 ലക്ഷം രൂപ ഉൾപ്പെടെ 2,02,41,000 രൂപ വിവിധ ആവശ്യങ്ങളിലേക്കായി അനുവദിക്കണമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ അഭ്യർത്ഥിച്ചു.

ന്യൂനപക്ഷ വിഭാഗങ്ങൾക്കു വേണ്ടി പൊന്നാനിയിൽ സ്ഥാപിച്ചിട്ടുള്ള തൊഴിൽ വികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്ഥിരം കെട്ടിടം നിർമ്മിക്കാൻ 2.97 കോടി രൂപയുടെ ഭരണാനുമതി കിട്ടിയെങ്കിലും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാൻ വൈകിയെന്നും സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തി. മൊത്തം തുകയുടെയും നിക്ഷേപം കിട്ടിയതിനുശേഷം ടെൻഡർ നടപടികൾ ചെയ്താൽ മതിയെന്നുള്ള നിർദ്ദേശമാണ് കിട്ടിയിരിക്കുന്നതെന്നും ഇതിന്റെ പ്ലാൻ തീരുമാനിക്കുന്നത് പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നാണെന്നും വിശദമായ എസ്റ്റിമേറ്റ് ഒരാഴ്ചയ്ക്കുള്ളിൽ കൊടുക്കാൻ കഴിയുമെന്നും സമിതിയുടെ ചോദ്യത്തിന് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ വിശദീകരണം നൽകി. സിവിൽ സർവ്വീസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് പാലക്കാട് തുടങ്ങുമെന്നും കോഴിക്കോട് ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നതായും ഡയറക്ടർ വിശദമാക്കി. വകുപ്പുകൾക്ക് മാത്രമേ ഉടമസ്ഥാവകാശം കൈമാറുകയുള്ളൂ എന്നും ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ പാട്ടത്തിന് കൊടുക്കാൻ മാത്രമേ കഴിയുകയുള്ളൂ എന്ന റവന്യൂ വകുപ്പിന്റെ അഭിപ്രായമാണ് കോഴിക്കോട് പ്രസ്തുത സ്ഥാപനം തുടങ്ങുന്ന കാര്യത്തിൽ തടസ്സമായി നിൽക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സിവിൽ സർവ്വീസ് അക്കാദമിയിലെ അദ്ധ്യാപകരുടെ വേതന വ്യവസ്ഥയെപ്പറ്റി സമിതി ചർച്ച ചെയ്തു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ നിലവിലെ സ്ഥിതി സമിതി വിലയിരുത്തി. ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വര ശ്രദ്ധ പതിയണമെന്നും അംഗീകൃത തസ്തികകളിലെ അദ്ധ്യാപകർക്കുപോലും ശമ്പളം കൊടുക്കാനുള്ള ഫണ്ടില്ലെന്നും 2006 മുതൽ ഗവൺമെന്റിൽ നിന്നുള്ള അഡീഷണൽ ഗ്രാന്റ് ലഭിക്കുന്നി ല്ലെന്നും രജിസ്ട്രാർ സമിതി മുമ്പാകെ അറിയിച്ചു. കുസാറ്റിൽ നോൺ പ്ലാനിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. മലപ്പുറം ജില്ലയിൽ എൽ.ബി.എസ്. തുടങ്ങുന്ന സ്ഥാപനത്തെപ്പറ്റിയും ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ നിലവാരമില്ലായ്മയും സമിതി ചർച്ച ചെയ്തു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്ന തിന് പുറമെ സ്കൂൾ കുട്ടികൾക്കായി 'ഇൻകൾകേറ്റ് പ്രോഗ്രാം' നടത്തുന്നതിന് വേണ്ടിയും പരപ്പനങ്ങാടിയിലെയും ചാലക്കുടിയിലെയും സെന്ററുകൾക്കു വേണ്ടിയും കൂടുതൽ തുക വേണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. സി-ആപ്റ്റിൽ 2002-ൽ പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടെന്ന് ഡയറക്ടർ അറിയിച്ചു.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് തനതായ വരുമാനം വളരെ കുറവായതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക ശമ്പളം നൽകുന്നതിനുപോലും അപര്യാപ്തമാണെന്നും ഇ-ഗവേണൻസ് വന്നപ്പോൾ അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയല്ല എന്നു പറഞ്ഞ് സംസ്കൃത സർവ്വകലാശാലയെ ഒഴിവാക്കിയെന്നും സർവ്വകലാശാല രജിസ്ട്രാർ സമിതിയിൽ വെളിപ്പെടുത്തി.

എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 12 ബി.എഡ്. സെന്ററുകൾ നഷ്ടത്തിലാണെന്നും ശമ്പള ഇനത്തിലുള്ള ചെലവ് വരവിനത്തേക്കാൾ കൂടുതലാണെന്നും യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ സമിതി മുമ്പാകെ അഭിപ്രായപ്പെട്ടു.

തുടർന്ന് സമിതി താഴെപ്പറയുന്ന ശീർഷകങ്ങളിൽ അധിക തുക വകയിരുത്തുന്നതിനായി ശിപാർശ ചെയ്തു:

2202-02-001-85—<u>സ്കൂൾ വിദ്യാഭ്യാസം-നവീകരണം</u>

1. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടർ/ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഫോട്ടോകോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുന്നതിനും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അദ്ധ്യാപക രക്ഷാകർതൃ സമിതികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുന്നതിനുമായി ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 87 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2202-02-109-71—<u>അക്കാദമിക് എക്സലൻസ്</u>

2. സെക്കണ്ടറി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കുക, ഗുണനിലവാരമുള്ള വിദ്യാഭ്യാസം-വിദ്യാർത്ഥിയുടെ അവകാശം, സംസ്കൃത വിദ്യാഭ്യാസ വികസനം, ഗണിത ശാസ്ത്രം, സയൻസ്, സാമൂഹിക ശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തുക, പൊതുവിദ്യാഭ്യാസ വകുപ്പിലേയും അതിന്റെ കീഴിലുള്ള ഓഫീസുകളിലേയും ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, ഇംഗ്ലീഷ് ഭാഷ ജില്ലാ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക, വിഭിന്ന ശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുക, അന്തർദേശീയ ദ്രാവിഡഭാഷാ സ്ഥാപനം മികവുറ്റതാക്കുക എന്നീ പദ്ധതികളുടെ നടത്തിപ്പിനായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-109-70—<u>സ്കൂൾ വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃതം</u>

3. സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി, പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ, കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം, വികലാംഗരായ വിദ്യാർത്ഥികൾക്ക് ധനസഹായം, ബഹുതല പഠനകേന്ദ്രങ്ങൾ, പ്രീ-പ്രൈമറി വിദ്യാഭ്യാസം ക്രോഡീകരിക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പിനായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-109-69—സ്കൂൾ വിദ്യാഭ്യാസം-അടിസ്ഥാനസൗകര്യം

4. സർക്കാർ സ്കൂൾ കെട്ടിടങ്ങളിൽ ഭൂരിഭാഗവും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടാത്തതുമാണെന്ന് സമിതി നിരീക്ഷിച്ചു. കുട്ടികൾ അൺഎയ്ഡഡ് സ്കൂളുകളിലേക്ക് മാറി പോകുന്നതിന് അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത ഒരു കാരണമാണെന്നും പരിസ്ഥിതി സൗഹൃദമായ അടിസ്ഥാന സൗകര്യവികസനത്തി ലൂടെ ഈ പ്രവണത ഒരു പരിധിവരെ കുറയ്ക്കാനാകുമെന്നും വിലയിരുത്തിയ സമിതി സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിടുന്നതിനോടൊപ്പം ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്കൂളുകളിലെ വിവര വിനിമയ സാങ്കേതികവിദ്യ പദ്ധതി/എഡ്യൂക്കേഷണൽ ടെക്നോളജി സ്കീം, സർക്കാർ സ്കൂളുകളെ ആധുനികവൽക്കരിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-01-202-93—അടിസ്ഥാനസൗകര്യം-സ്കൂൾ വിദ്യാഭ്യാസം

5. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലെയും സർക്കാർ സ്കൂളുകളെ ആധുനികവൽക്കരിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയങ്ങൾ, സജ്ജീകരിച്ച ഭക്ഷണമുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ തുടങ്ങിയവ പണിയുന്നതിനായി 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-01-101-99—ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ

6. സംസ്ഥാനത്തെ 2542 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2009 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-01-101-98—ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകൾ

7. സംസ്ഥാനത്തെ 953 ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2009 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-01-102-99—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം-ടീച്ചിംഗ് ഗ്രാന്റ്

8. സംസ്ഥാനത്തെ 5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-01-104-99—പരിശോധന

9. സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-01-112-93—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

10. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണപരിപാടിയുടെ ഭാഗമായുള്ള ആഴ്ചയിൽ ഒരുമുട്ട എന്ന പദ്ധതിക്കുവേണ്ടി 2384 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-01-800-81—പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം

11. പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം യഥാക്രമം 5000, 3500 എന്ന നിരക്കിൽ സഹായധനം നൽകുന്നതിന് 677 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-001-99—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

12. വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 380 ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-001-98—മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

13. സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-001-86—സംസ്ഥാന സ്കൂൾ യുവജനോത്സവം-സമ്മാനത്തുക

14. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 2,000 രൂപ, 1,600 രൂപ, 1,200 രൂപ എന്നീ നിരക്കിലുള്ള സമ്മാനത്തുക 2013-14-ലെ സ്കൂൾ യുവജനോത്സവ വിജയികൾക്ക് നൽകുന്നതിനായി 38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-101-99—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ-പരിശോധന

15. 38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ 852 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-109-99—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ

16. സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-02-110-99—ഗവൺമെന്റേതര സെക്കണ്ടറി സ്കൂളുകൾക്കുള്ള സഹായം-അദ്ധ്യാപനത്തിനുള്ള സഹായം

17. സംസ്ഥാനത്തെ 1429 എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള 2008 മുതലുള്ള കുടിശ്ശിക നൽകുന്നതിന് 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-80-800-98—കമ്മിറ്റികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

18. ജില്ലാതലത്തിൽ 2012-13-ൽ അദ്ധ്യാപകദിനം സംഘടിപ്പിച്ചതിന്റെ കുടിശ്ശിക നൽകുന്നതിനുവേണ്ടി 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

19. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും പരിഷ്കരിച്ച ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത നേരിടുന്നതിന് പദ്ധതിയേതരയിനത്തിൽ 101.50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-001-99—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറാഫീസ്

20. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഏർപ്പെടുത്തിയ ഡി.ഡി.എഫ്.എസ്. സിസ്റ്റം എല്ലാ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുക, ഓഫീസ് നവീകരണം, പൂന്തോട്ടം,റീവയറിംഗ്, ലിഫ്റ്റ് സ്ഥാപിക്കൽ എന്നിവയ്ക്കും കോതമംഗലം റീജിയണൽ ഡയറക്ടറേറ്റിന്റെ ഓഫീസ് നവീകരണവും അറ്റകുറ്റപ്പണികളും, സങ്കേതിക പരീക്ഷാ കൺട്രോളർ ഓഫീസിലെ റിക്കാർഡുകളും ഫയലുകളും ഡിജിറ്റലൈസ് ചെയ്യുക, വെബ്സൈറ്റുകൾ അപ്ഗ്രേഡ് ചെയ്യുക, പരീക്ഷാവിഭാഗം പൂർണ്ണമായും ഇ-പ്ലാറ്റ്ഫോമിൽ പ്രവർത്തിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് 133 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-112-96—തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് വികസനത്തിന്

21. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് ആധുനിക രീതിയിലുള്ള മെഷിനറികൾ, ലബോറട്ടറി ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-003-99—ഫാക്കൽട്ടിയുടെ വികസനം

22. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽട്ടി ഡെവലപ്മെന്റ് എന്ന പദ്ധതി പ്രകാരമുള്ള ഫുൾടൈം എംടെക്./പി.എച്ച്.ഡി. കോഴ്സ് സംഘടിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കുക, അദ്ധ്യാപകരുടെ യോഗങ്ങൾ നടത്തുക, സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക എന്നീ പരിപാടികൾക്കുള്ള ചെലവുകൾക്കായി 520 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-105-99—ഗവൺമെന്റ് പോളിടെക്നിക്കുകൾ

23. സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിൽ അറ്റകുറ്റപ്പണികൾ, റീ വയറിംഗ് എന്നിവ നടത്തുന്നതിനും ജനറൽ പോളിടെക്നിക് വിഭാഗത്തിൽ വരുന്ന 27 പോളിടെക്നിക്കുകളിൽ മെഷിനറികൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും പദ്ധതിയിനത്തിൽ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-112-81—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

24. ആരംഭിച്ചിട്ട് പത്ത് വർഷത്തിലധികമായതും പിന്നാക്കാവസ്ഥയിലുള്ളതുമായ കോഴിക്കോട്, ഇടുക്കി, വയനാട്, ബാർട്ടൺഹിൽ, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ.യുടെ നിലവാരത്തിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആധുനികരീതിയിലുള്ള മെഷിനറികൾ, ഫർണിച്ചറുകൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-003-93—ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, കളമശ്ശേരി ധനസഹായം

25. 'Adjunct Faculty' എന്ന സ്കീമിന്റെ നടത്തിപ്പിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ

26. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതും അടുത്ത കാലത്ത് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചതുമായ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-112-70—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും വിവരവിനിമയ സാങ്കേതികവിദ്യ

27. വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ക്ലാസ്സ് മുറികൾ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും നിർമ്മിക്കുന്നതിനും ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, ക്യാമ്പസ് നെറ്റ്വർക്കിംഗ്, ഓൺലൈൻ കോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്നീ പ്രവർത്തനങ്ങൾ സാങ്കേതിക സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്ന തിനുമായി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-001-95—എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കു കളിലെയും ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തൽ

28. ഒരു പോളിടെക്നിക്ക് ലൈബ്രറിയുടെ നവീകരണത്തിനും ഡിജിറ്റൈസേഷനു മായി 10 ലക്ഷം രൂപ ആവശ്യമായതിനാൽ 2013-14-ൽ 20 പോളിടെക്നിക്കുകളെങ്കിലും ഈ സ്കീമിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-004-96—എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലേയും ഗവേഷണത്തിനുള്ള സ്കോളർഷിപ്പ്

29. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ് എന്ന സ്കീമിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഗേറ്റ് സ്കോളർഷിപ്പു കളില്ലാത്ത അർഹതയുള്ള സമർത്ഥരായ എല്ലാ എം.ടെക്. വിദ്യാർത്ഥികൾക്കുംകൂടി സ്കോളർഷിപ്പ് നൽകുന്നതിന് ഈ തുക അപര്യാപ്തമാണെന്നതിനാൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-112-65—രണ്ട് കോളേജുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി കേന്ദ്രം (എ.എസ്.എ.പി.)

30. തിരുവനന്തപുരത്തെയും തൃശ്ശൂരിലേയും എഞ്ചിനീയറിംഗ് കോളേജുകൾക്ക് പുറമേ കോട്ടയം ആർ.ഐ.റ്റി.-യേയും ക്യൂ.ഐ.പി. സെന്റർ ആയി എ.ഐ.സി.റ്റി.ഇ. അംഗീകരിച്ചിട്ടുള്ളതിനാൽ ഇവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി 130 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2205-00-105-99—ലൈബ്രറികൾ, ഗ്രന്ഥശാല സംഘം മുതലായവ

31. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗ ലൈബ്രറികൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും നൽകുന്നതിനായി 483.5 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2204-00-102-90—സംസ്ഥാനതല നാഷണൽ സർവ്വീസ് സ്കീം സെൽ

32. എൻ.എസ്.എസ്. വോളന്റിയർമാർക്ക് ജില്ലാതല പരിശീലന പരിപാടികൾ നടത്തുന്നതിനായി 37.38 ലക്ഷം രൂപയും വർദ്ധിച്ചുവരുന്ന മദ്യം മയക്കുമരുന്ന് ഉപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി യൂണിറ്റുതല പരിപാടികൾ നടത്തുന്നതിന് 55 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2204-00-102-99—നാഷണൽ കേഡറ്റ് കോർ

33. എൻ.സി.സി. കേഡറ്റുകൾക്കും എ.എൻ.ഒ.-മാർക്കും കൊടുക്കേണ്ട ലഘുഭക്ഷണ നിരക്ക് 2 രൂപയിൽനിന്നും 15 രൂപയിലേക്ക് 25-10-2012 മുതൽ ഉയർത്തിയ സാഹചര്യത്തിൽ ഈ ഇനത്തിലുണ്ടായ അധിക തുക നൽകുന്നതിനും കുടിശ്ശിക തീർക്കുന്നതിനുമായി 1237 ലക്ഷം രൂപ '34 മറ്റു ചെലവുകൾ' എന്ന ശീർഷകത്തിലും 15 ലക്ഷം രൂപ യാത്രാബത്ത ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-001-95—പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റ്

34. പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിന് വേതനം, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി, രഹസ്യസേവന ചെലവുകൾ, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിൽ 202.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-800-97—ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗ്രാന്റ്

35. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എഡ്യൂക്കേഷണൽ ഔട്ട്റീച്ച് പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് 100 ലക്ഷം രൂപയും ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തിക്കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ഇൻകൾക്കേറ്റ് പ്രോഗ്രാമിന്റെ കാര്യക്ഷമമായ നടത്തിപ്പിന് 130 ലക്ഷം രൂപയും കോട്ടയം റീജിയണൽ സയൻസ് സെന്ററിന്റെ 'സയൻസ് സിറ്റി' പദ്ധതിക്ക് 1700 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം

36. കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി.ആപ്റ്റ്)-ലെ പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക, നിലവിലുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങിയതിലുള്ള സബ്സെന്ററുകളിലെ ക്രെഡിറ്റേഴ്സിന്റെ കുടിശ്ശിക, സബ് സെന്ററുകളിലെ കെട്ടിട ഉടമകളുടെ വാടക കുടിശ്ശിക എന്നിവ സംബന്ധിച്ച ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 776.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

37. ബ്രെയിലിയുമായി ബന്ധപ്പെട്ട വിഭവ കേന്ദ്രം സ്ഥാപിക്കുക, ഹെഡ് ഓഫീസ് കോംപ്ലക്സുകളുടെ ശാക്തീകരണം, ഹെഡ് ഓഫീസുകളുടെയും സബ്ഓഫീസുകളുടേയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും വിപുലീകരണവും പാലായിലും കോഴിക്കോട്ടുമുള്ള സബ്സെന്ററുകളിൽ ഉൽപ്പാദന യൂണിറ്റും പാലായിലെ സബ്സെന്ററിൽ ലോട്ടറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുക, പരിശീലന വിഭാഗങ്ങളുടെ ശാക്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ യൂണിറ്റുകൾക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 22.15 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-112-60—ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

38. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിടനിർമ്മാണം, പർച്ചെയ്സ്, ആവർത്തന ചെലവുകൾ, ചാക്കയിൽ ഐ.എച്ച്.ആർ.ഡി.ക്കായി അനുവദിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണം എന്നീ ചെലവുകൾക്കുമായി 709 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-04-001-93—തുടർ വിദ്യാഭ്യാസ കേന്ദ്രം

39. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്കായി ബഹുനില കെട്ടിടനിർമ്മാണം, പാലക്കാട് സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രം ആരംഭിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, സിവിൽ സർവ്വീസ് പ്രിലിമിനറി പാസ്സാകുന്ന കേരളീയരായ വിദ്യാർത്ഥികൾക്ക് മെയിൻ പരീക്ഷയ്ക്കും ഇന്റർവ്യൂവിനും സൗജന്യ പരിശീലനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുടെ പ്രവർത്തന വിപുലീകരണം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുടെ മൂന്നാംഘട്ട കെട്ടിടനിർമ്മാണം, തൊഴിൽ സാദ്ധ്യത വിപുലീകരണ പദ്ധതിപ്രകാരം സബ്സെന്ററുകളിൽ നൈപുണ്യ വികസന സെന്ററുകൾ ആരംഭിക്കുക, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് പ്രാരംഭ പ്രവർത്തനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ, പൊന്നാനി കെട്ടിടനിർമ്മാണം എന്നീ പദ്ധതികൾക്കായി 202.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

40. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാ ചെലവുകൾ, വാടക, വൈദ്യുതി, അറ്റകുറ്റപ്പണികൾ തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 2201-04-001-93—സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള(നോൺ പ്ലാൻ)എന്ന ഹെഡ് പുനഃസ്ഥാപിച്ച് 101.8 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

41. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന പദ്ധതിക്ക് 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-800-73—വൈകല്യപഠനത്തിൽ മികവിന്റെ കേന്ദ്രങ്ങൾ

42. എൽ.ബി.എസ്. സെന്ററിന്റെ 2013-14-ലെ പദ്ധതികളായ വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള പുനരധിവാസവും അവർക്ക് പരിശീലനം നൽകുന്ന ബിരുദാനന്തര ബിരുദ ഡിപ്ലോമ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമുള്ള ഗവേഷണ സഹായങ്ങൾ, സേവന വിപുലീകരണ പരിപാടികൾ, വൈകല്യമുള്ളവരുടെ കഴിവ് വികസനത്തിനുതകുന്ന പരിപാടികൾ, കോൺഫറൻസുകളും സെമിനാറുകളും കൗൺസലിംഗ് സേവനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പൂജപ്പുരയിലെ സെന്റർ ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിലെ സ്റ്റാൾ സർവ്വീസ്, പേരന്റ് നെറ്റ്‍വർക്ക് പ്രോജക്ട്, ഫൈൻ ആർട്സ് പ്രോഗ്രാം, ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ട്, വിദ്യാർത്ഥികൾക്ക് അന്തർ വിഷയ സംബന്ധമായ പരിശീലനം, അടിസ്ഥാനസൗകര്യവികസനം, പലവിധമായ പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി 77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-800-58—കേരള ചരിത്ര ഗവേഷണ കൗൺസിൽ

43. ഗവേഷണ ഫെലോഷിപ്പുകൾ, കേരളത്തിന്റെ ചരിത്ര ഭൂപട നിർമ്മാണം, പുരാവസ്തു പര്യവേഷണവും സർവ്വേയും, കേരളത്തിന്റെ സമകാലീന ചരിത്ര ഗ്രന്ഥശേഖരം തയ്യാറാക്കുക, കേരളത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ട രേഖകളുടെ ഡിജിറ്റൈസേഷൻ, മലയാളികളുടെ കുടിയേറ്റവുമായി ബന്ധപ്പെട്ട പഠനം, ലൈബ്രറി നവീകരണം, പ്രസിദ്ധീകരണങ്ങൾ, അന്താരാഷ്ട്രതലത്തിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക, മുസിരീസ് പൈതൃക പദ്ധതി, ചരിത്രഗവേഷണ കൗൺസിലിന്റെ കെട്ടിടനിർമ്മാണം, ഓഫീസ് നവീകരണം എന്നീ പദ്ധതികൾക്കായി 41.84 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-800-73—ഉന്നതവിദ്യാഭ്യാസ കൗൺസിൽ

44. സെന്റർ ഫോർ റിസർച്ച് ഓൺ പോളിസീസ് ഇൻ ഹയർ എഡ്യൂക്കേഷൻ, സെന്റർ ഫോർ കരിക്കുലം ഡെവലപ്പ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ്, സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് എന്നിവയുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ, നിലവിലുള്ള മൂന്ന് കോളേജ് ക്ലസ്റ്ററുകൾക്ക് അധിക സാമ്പത്തികസഹായം, ഇൻസ്റ്റിറ്റ്യൂഷൻ-ഇൻഡസ്ട്രി പ്ലാറ്റ്ഫോം രൂപീകരണം, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമും ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാമും, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം, പ്രോജക്ട് ഫൈനാൻസിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്കുള്ള പരിശീലനം, സ്കോളർഷിപ്പ് വിതരണം, എറുഡേറ്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 937 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-102-98—<u>കോഴിക്കോട് സർവ്വകലാശാല</u>

45. കോഴിക്കോട് സർവ്വകലാശാല നടപ്പിലാക്കുന്ന വിവിധ അക്കാദമിക പ്രവർത്തനങ്ങൾ, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, ഊർജ്ജ/ജല സംരക്ഷണ പ്രവർത്തനം, സർവ്വകലാശാലയുടെ പുതിയ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് 8641 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

46. കോഴിക്കോട് സർവ്വകലാശാലയിലെ ശമ്പള പരിഷ്ക്കരണംമൂലമുണ്ടായ അധിക ബാധ്യത നിറവേറ്റുന്നതിന് പദ്ധതിയേതരയിനത്തിൽ 4437.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-102-99—<u>കേരള സർവ്വകലാശാല</u>

47. കേരള സർവ്വകലാശാലയിൽ ശമ്പളം, പെൻഷൻ, അലവൻസുകൾ മറ്റ് പദ്ധതിയേതര ചെലവുകൾ എന്നിവയിലുണ്ടായ വർദ്ധനവ് നേരിടുന്നതിന് 2765.82 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-102-93—<u>സംസ്കൃത സർവ്വകലാശാല</u>

48. ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം മറ്റ് സർവ്വകലാശാലകളെ അപേക്ഷിച്ച് കുറവായതിനാലും അധിക വരുമാനം ലഭിക്കുന്ന സ്വാശ്രയ കോഴ്സുകളും സ്ഥാപനങ്ങളും ഈ സർവ്വകലാശാലയിൽ ഇല്ലാത്തതിനാലും പദ്ധതിയേതര ഇനങ്ങളിലുണ്ടാകുന്ന അധിക ചെലവ്, യു.ജി.സി. ശമ്പള കുടിശ്ശിക, ആർ.ഐ.ഡി.എഫ്. സ്കീം, നിലവിലുള്ള ബാധ്യതകൾ, നാക് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവ് എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ 6037.69 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-102-92—<u>കണ്ണൂർ സർവ്വകലാശാല ധനസഹായം</u>

49. കണ്ണൂർ സർവ്വകലാശാലയിൽ ഭൂമി ഏറ്റെടുക്കുക, നിർമ്മാണപ്രവർത്തനങ്ങൾ, നിലവിലുള്ള പഠന വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, പുതുതായി പഠന വിഭാഗങ്ങൾ രൂപീകരിക്കുക, നിലവിലുള്ള പഠന ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, പുതുതായി യൂണിവേഴ്സിറ്റി സെന്ററുകളും മറ്റു വിഭാഗങ്ങളും രൂപീകരിക്കുക, ഗവേഷണ പദ്ധതികൾ, സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക, മഴവെള്ള സംഭരണി നിർമ്മാണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് 2535 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

50. കണ്ണൂർ സർവ്വകലാശാലയിൽ അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി പദ്ധതിയേതര ഇനത്തിൽ 460 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-102-97—മഹാത്മാ ഗാന്ധി സർവ്വകലാശാല

51. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ അടിസ്ഥാനസൗകര്യവികസനവും നിർമ്മാണ പ്രവർത്തനങ്ങളും, ലബോറട്ടറി/ലൈബ്രറി നവീകരണം, നിലവിലുള്ള സ്കൂൾ/ഡിപ്പാർട്ട്മെന്റ് മെച്ചപ്പെടുത്തുക, കമ്പ്യൂട്ടർവത്ക്കരണം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്ക് 900 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

52. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ശമ്പളം, പെൻഷൻ, പരീക്ഷാ ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, മറ്റ് ബാധ്യതകൾ എന്നിവ നേരിടുന്നതിന് 1015 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2203-00-102-99—കൊച്ചി യൂണിവേഴ്സിറ്റി

53. കൊച്ചി സർവ്വകലാശാലയ്ക്ക് അടിസ്ഥാനസൗകര്യ രംഗത്ത് നിലവിലുള്ള പരിമിതികളും അപര്യാപ്തതകളും പരിഹരിച്ച് ഭാവി അക്കാദമിക് പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 3230 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

54. കൊച്ചി സർവ്വകലാശാലയിൽ 2010 മുതൽ നടപ്പാക്കിയ ശമ്പള/പെൻഷൻ പരിഷ്ക്കരണം മൂലമുണ്ടായ അധിക ബാധ്യത, ധനകമ്മി നികത്തുന്നതിന് ഇതര സ്രോതസ്സുകളിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ്, പദ്ധതിയേതര ചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനവ് മൂലമുള്ള അധികബാധ്യത എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 8000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-103-89—കോഴിക്കോട് ലാ കോളേജ്

55. കോഴിക്കോട് ഗവൺമെന്റ് ലാ കോളേജിലെ ഇലക്ട്രിക്കൽ വർക്കുകൾ, ലൈബ്രറി ഡിജിറ്റൈസേഷൻ, സോളാർ പാനൽ സ്ഥാപിക്കുക, ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 30 ലക്ഷം രൂപയും 2013-14 വർഷത്തെ വർക്ക്ലോഡ് അനുസരിച്ച് ബി.ബി.എ., എൽ.എൽ.ബി. എന്നിവയ്ക്ക് അധികമായി ആവശ്യം വരുന്ന ഗസ്റ്റ് ലക്ച്ചറർമാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2202-03-103-92—തിരുവനന്തപുരം ലാ കോളേജ്

56. തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിൽ മേട്രൻ, സെക്യൂരിറ്റി സ്റ്റാഫ് എന്നിവർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 2.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-01-203-99—ലാ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിടനിർമ്മാണം

57. ലാ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-01-203-96—കോളേജുകളുടേയും ഹോസ്റ്റലുകളുടെയും കെട്ടിടനിർമ്മാണം (ആർ.ഐ.ഡി.എഫ്.)

58. നെടുമങ്ങാട് ഗവൺമെന്റ് കോളേജ് അഡീഷണൽ ഫ്ളോർ, പുല്ലൂറ്റ് കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കൽപ്പറ്റ ഗവൺമെന്റ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനും പല സർക്കാർ കോളേജുകളിലെയും ഭൗതിക സൗകര്യ വികസനം നടത്തുന്നതിനും അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പുതിയ പണികൾ ഏറ്റെടുക്കുന്നതിനായി 1500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-02-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ-കെട്ടിടങ്ങൾ

59. കുളത്തൂർ, അടിമാലി, ഉള്ളൂർ, മാനന്തവാടി, കൊടുങ്ങല്ലൂർ, ചെറുവത്തൂർ, നടുവിൽ, തിക്കോയി, ദ്വാരക, കൃഷ്ണപുരം, നന്നാമുക്ക് എന്നീ ടെക്നിക്കൽ ഹൈസ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും പുറപ്പുഴ, ഉള്ളൂർ തുടങ്ങിയ ടി.എച്ച്.എസുകളുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനുമായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-02-104-99—പോളിടെക്നിക്കുകൾ-കെട്ടിടങ്ങൾ

60. പോളിടെക്നിക്കുകളിലെ കെട്ടിടനിർമ്മാണത്തിനായി 2500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-02-104-96—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)

61. വെച്ചൂചിറ, കടുത്തുരുത്തി പോളിടെക്നിക്കുകളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും മറ്റു പല പോളിടെക്നിക്കുകളുടെയും വികസന ജോലികൾ ഏറ്റെടുക്കുന്നതിനുമായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-02-105-96—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആർ.ഐ.ഡി.എഫ്.)

62. ഇടുക്കി, വയനാട് എഞ്ചിനീയറിംഗ് കോളേജുകൾക്ക് പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും പല കോളേജുകളുടേയും വികസന ജോലികൾ ഏറ്റെടുക്കുന്നതിനുമായി 1500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

4202-02-800-86—ഐ.ടി.ഐ.കളിൽ സ്ത്രീകൾക്കായി വിശ്രമ മുറികൾ, ഡ്രെസ്സിംഗ് റൂമുകൾ, ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണം

63. ഈ ശീർഷകത്തിൽ 2013-14-ലേക്ക് തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 150 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

3425-60-200-71—സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി—ധനസഹായം

64. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള എല്ലാ ഗവേഷണ സ്ഥാപനങ്ങളും നോൺ പ്ലാൻ ഇനത്തിൽ വർഷങ്ങളായുള്ള അപര്യാപ്തമായ വിഹിതം കാരണം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും കേന്ദ്രസർക്കാരിന്റെ ശമ്പളഘടന അനുസരിച്ച് കൗൺസിലിലെ ശാസ്ത്രജ്ഞർക്ക് ശമ്പളം നൽകുന്നതിനാലും 9-ാം സംസ്ഥാന ശമ്പളപരിഷ്കരണ കമ്മീഷൻ നടപ്പിലാക്കിയതിൽ കുടിശ്ശിക നൽകാനുള്ളതിനാലും നടപ്പുസാമ്പത്തിക വർഷത്തിൽ 4246.35 ലക്ഷം രൂപയുടെ അധിക ബാധ്യത വരുന്നതിനാൽ 4246.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

3425-60-200-60—ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, പാമ്പാടി

65. ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2013-14 വർഷത്തെ പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപ ആവശ്യമാണെങ്കിലും ബഡ്ജറ്റിൽ 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി വൈകുന്നേരം 4.50 മണിക്ക് യോഗം പിരിഞ്ഞു.

## 24-4-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI—(വിദ്യാഭ്യാസം) 2013 ഏപ്രിൽ 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 നിയമസഭാ കോംപ്ലക്സിലെ 'VD' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും (പ്രത്യേക ക്ഷണിതാവ്) താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

1. ശ്രീ. എം. എ. ബേബി, എം.എൽ.എ.
2. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
3. ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.
4. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, സ്പോർട്സ് വകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ഡോ. ദേവേന്ദ്ര കുമാർ ധോതാവത്, സെക്രട്ടറി, യുവജനകാര്യ വകുപ്പ്
4. ഡോ. അമിത് മല്ലിക്, ഡയറക്ടർ, സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. ജെ. റജികുമാർ, ഡയറക്ടർ ഓഫ് ആർക്കൈവ്സ്
6. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ
7. ഡോ. എം. ആർ. തമ്പാൻ, ഡയറക്ടർ, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
8. ഡോ. ജി. പ്രേംകുമാർ, ഡയറക്ടർ, ആർക്കിയോളജി വകുപ്പ്
9. ശ്രീ. എസ്. നജുമുദ്ദീൻ, അഡീഷണൽ ഡയറക്ടർ, ഒ.എസ്.വൈ.
10. ശ്രീമതി കെ. ആർ. സോനാ, രജിസ്ട്രാർ, സി.എച്ച്.എസ്. തൃപ്പൂണിത്തുറ.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച XVII-ാം നമ്പർ ധനാഭ്യർത്ഥനയിൻകീഴിലുള്ള വിവിധ ശീർഷകങ്ങൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

നാഷണൽ ഗെയിംസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക പൊതുവായി ഒരു ഹെഡ്ഡിൽ നീക്കിവച്ചിരിക്കുന്ന തുകയിൽ നിന്നും ലഭ്യമാക്കണമെന്ന് ആസൂത്രണ ബോർഡ് തീരുമാനിച്ചിട്ടുള്ളതാണെന്നും ഒളിമ്പിക് അസോസിയേഷന്റെ ഒരു ടീം സംസ്ഥാനത്ത് സന്ദർശനം നടത്തി ഇവിടത്തെ സാദ്ധ്യത വിലയിരുത്തിയതിനുശേഷം നാഷണൽ ഗെയിംസിന്റെ തീയതി നിശ്ചയിക്കുമെന്നും ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് കായിക യുവജനകാര്യവകുപ്പ് ഡയറക്ടർ മറുപടി നൽകി. അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെ കാര്യവട്ടത്ത് ഇതിനായി ഒരു പുതിയ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം സ്വകാര്യസംരംഭകരുടെ സഹായത്തോടെ ഡിസംബറിന് മുമ്പുതന്നെ ചടങ്ങ് നടക്കത്തക്ക രീതിയിൽ നിർമ്മാണം പുരോഗമിക്കുന്നുവെന്നും

കണ്ണൂർ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം, വട്ടിയൂർക്കാവ് സ്റ്റേഡിയം എന്നിവിടങ്ങളിലെ പണികളും നടക്കുന്നുവെന്നും കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തി. തിരുവമ്പാടി, മഞ്ചേശ്വരം എന്നിവിടങ്ങളിലെ സ്റ്റേഡിയം പണിയുമായി ബന്ധപ്പെട്ട് പ്രത്യേക യോഗം ചേരുമെന്ന് സമിതി ചെയർമാൻ അറിയിച്ചു. തുടർന്ന് കേരള യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള യുവശക്തി പദ്ധതിയുടെ ഭാഗമായി നിയോഗിക്കപ്പെടുന്ന കോ-ഓർഡിനേറ്റർമാരെ പഞ്ചായത്തുതലത്തിലുള്ള സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ പ്രവർത്തനങ്ങളിൽകൂടി ഉൾപ്പെടുത്തുന്ന കാര്യം സമിതി ചർച്ച ചെയ്തു.

വയനാട് മ്യൂസിയം തുടങ്ങാൻ ഭരണാനുമതി കിട്ടിയിട്ടുണ്ടെന്നും കോഴിക്കോട് നിലവിലുള്ള മ്യൂസിയം പുതുക്കി പണിയുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരത്ത് രാജാ രവിവർമ്മയുടെ ആർട്ട് ഗ്യാലറി സ്ഥാപിക്കാൻ അധിക തുക വകയിരുത്തണമെന്നും മ്യൂസിയവും കാഴ്ചബംഗ്ലാവുകളും വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു.

കേരള സാഹിത്യ അക്കാഡമിയുമായി ബന്ധപ്പെട്ട് നോൺ പ്ലാൻ ഇനത്തിലുള്ള വർദ്ധനവും അപ്പൻ തമ്പുരാൻ മ്യൂസിയത്തിന്റെ ഗ്രാന്റ് ഇനത്തിലുള്ള വർദ്ധനവും ജവഹർ ബാലഭവനുകളിൽ പദ്ധതി പദ്ധതിയേതര ഇനത്തിൽ വർദ്ധനവും തിരുവന്തപുരം ബാലഭവനുകളിൽ ഓപ്പൺ എയർ ഓഡിറ്റോറിയവും ജവഹർലാൽ നെഹ്റുവിന്റെ പ്രതിമയും സ്ഥാപിക്കുന്നതിനായി അധിക തുക വകയിരുത്തുന്ന കാര്യവും സമിതി ചർച്ച ചെയ്തു.

വൈലോപ്പിള്ളി സംസ്കൃതി ഭവനിന്റെ നവീകരണം, കമ്പ്യൂട്ടറൈസേഷൻ, ഓപ്പൺ-സ്കൂൾ വിദ്യാർത്ഥികൾക്കായി ജില്ലാതല ക്ലാസ് സംഘടിപ്പിക്കൽ, കലാകാരൻമാർക്ക് അർഹമായ പ്രതിഫലം നൽകൽ, കേരള ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ അച്ചടി, പുസ്തകങ്ങളുടെ വിറ്റഴിക്കൽ, മൊബൈൽ ഷോറൂമിനുവേണ്ടി വാഹനം വാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾക്കായി അധിക തുക വകയിരുത്തുന്ന കാര്യം സമിതി ചർച്ച ചെയ്തു. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ എന്ന സ്ഥാപനത്തിൽ ഇപ്പോൾ ഓരോ മാസവും ഓരോ പ്രോഗ്രാം നടത്തുന്നുണ്ടെന്നും ഡിസംബറിൽ നടത്തുന്ന ദേശീയോത്സവത്തോടനുബന്ധിച്ച് തുക അധികമായി ആവശ്യമുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു.

തിയേറ്ററുകളുടെ നവീകരണത്തിനും ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനുമായി അധിക തുക വകയിരുത്തണമെന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള നവീകരണത്തിന്റെ ഭാഗമായി അധികഫണ്ട് അനുവദിച്ചു നൽകണമെന്നും കെട്ടിട നിർമ്മാണത്തിനായുള്ള തുക ക്യാരി ഓവർ ചെയ്തു നൽകണമെന്നും അസിസ്റ്റന്റ് എഡിറ്റർ സമിതിയിൽ അഭ്യർത്ഥിച്ചു.

ലളിതകലാ അക്കാഡമിയുടെ നടപ്പുസാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കും അടുത്ത ബിനാലെ നടത്തിപ്പിനുമായി അധിക ഫണ്ട് അനുവദിക്കണമെന്നും കാർട്ടൂൺ അക്കാഡമിക്കും ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ ഭരത മുനിയുടെ പ്രതിമ നിർമ്മാണത്തിനും കേരള സംഗീത നാടക അക്കാഡമിയുടെ അന്താരാഷ്ട്ര നാടകോൽസവത്തിനും മാർഗി, കേരള ഫോക്ക്ലോർ അക്കാഡമി, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങൾക്കും അധികതുക വകയിരുത്തണമെന്ന ആവശ്യം സമിതി ചർച്ച ചെയ്തു.

മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ വിദ്യാഭ്യാസ വകുപ്പിന്റെ പാഠ്യേതര ഗ്രന്ഥങ്ങൾക്കായി നൽകികൊണ്ടിരുന്ന തുക ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിവഴി വീണ്ടും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. താഴെപ്പറയുന്ന ശീർഷകങ്ങളിൽ അധിക തുക വകയിരുത്തുന്നതിനായി സമിതി ശിപാർശ ചെയ്തു:

**മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മാണം**

മലപ്പുറം മഞ്ചേരിയിലെ സ്റ്റേഡിയത്തിന്റെയും സ്പോർട്സ് കോംപ്ലക്സിന്റെയും നിർമ്മാണത്തിന് 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ ശമ്പളം, സർവ്വീസ് പെൻഷൻ, ഡി.എ., ഡി.എ. കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**യൂത്ത് വെൽഫെയർ ബോർഡ്**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളായ കേരളോത്സവം, യുവശക്തി, ബ്ലോക്ക് യൂത്ത് റിസോഴ്സ് കേന്ദ്രങ്ങളുടെ സ്ഥാപനം, സ്റ്റേറ്റ് യൂത്ത് ഭവൻ (തലസ്ഥാനത്ത് ആസ്ഥാനമന്ദിരം) നിർമ്മാണം, യുവജനസംഗമം എന്നിവയ്ക്കായി 35 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 175 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കേരള സാഹിത്യ അക്കാഡമി**

കേരള സാഹിത്യ അക്കാഡമി വിഭാവനം ചെയ്തു മുന്നോട്ട് വെച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ദേശീയ സാഹിത്യസമ്മേളനം, ലോക കാവ്യോത്സവം പോലുള്ള പദ്ധതികൾ നടത്തുന്നതിനും മലയാളം ശ്രേഷ്ഠഭാഷാ പദവിയിൽ എത്തുന്നതോടെ പ്രാചീന ഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ

ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി ത്വരിതപ്പെടുത്തുന്ന തിനും കമലാസുരയ്യ സാംസ്കാരിക സമുച്ചയം പണി പൂർത്തിയാക്കുന്നതിനുമായി 70 ലക്ഷം രൂപയും സാഹിത്യ അക്കാഡമിയിലെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് സ്ഥാപന ചെലവുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 52.16 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**ജവഹർ ബാലഭവൻ**

തിരുവനന്തപുരം ജവഹർ ബാലഭവന്റെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിയി ട്ടുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെയും കുട്ടികളുടെ താമസത്തിനായി 200 കിടക്കകളുള്ള ഡോർമെട്രിയുടെയും നിർമ്മാണത്തിനും ജവഹർലാൽ നെഹ്റുവിന്റെ അർദ്ധകായ പ്രതിമ സ്ഥാപിക്കുന്ന തിനും പദ്ധതിയിനത്തിൽ 280 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരളത്തിലെ അഞ്ച് ജവഹർ ബാലഭവനുകളിലേയും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണംമൂലമുണ്ടായിട്ടുള്ള അധിക ബാധ്യത നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 236 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**വിവിധോദ്ദേശ സാംസ്കാരിക സമുച്ചയ സംഘം**

മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റി (വൈലോപ്പിള്ളി സംസ്കൃതി ഭവൻ)യുടെ പദ്ധതികളായ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുക, പ്രതിവാര പരിപാടികളിൽ കൂടുതൽ കലാകാരന്മാരെ പങ്കെടുപ്പിക്കുകയും അവർക്ക് പ്രതിഫലം വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുക, ഓഫീസ് കമ്പ്യൂട്ടർവൽക്കരണം, ഫർണിച്ചർ വാങ്ങുക, ലൈബ്രറി വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ, വനിതാ കൂട്ടായ്മ, വിദേശികൾക്കായി കൾച്ചറൽ ടൂറിസം, മഴയിൽ തകർന്ന സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം, കൂത്തമ്പലത്തിലെ രംഗമണ്ഡപത്തിന്റെ മേൽക്കൂര നിർമ്മാണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 99 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിലേക്കായി പദ്ധതിയേതര ഇനത്തിൽ 21 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപ്പു പദ്ധതികളായ കുട്ടികൾക്കുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, തളിര് ബാലമാസിക പ്രസിദ്ധീകരണം, തളിര് വായനാമത്സരം, ബാലസാഹിത്യ അവാർഡുകൾ, വർക്ക്ഷോപ്പ്/ സെമിനാർ, ഓൺലൈൻ പ്രവർത്തനങ്ങൾ, പരസ്യം, ബുക്ക് എക്സിബിഷൻ, ബാലസാഹിത്യ രചയിതാക്കൾക്കുള്ള ഗ്രാന്റ്, പദ്ധതി നടത്തിപ്പ് എന്നിവയ്ക്കും

പുതിയ പദ്ധതികളായ ഇന്റർനാഷണൽ പുസ്തക പ്രദർശനം, പാലാ കെ. എം. മാത്യു അവാർഡ്, പുസ്തകശാല, സഞ്ചരിക്കുന്ന പുസ്തകശാല എന്നിവയ്ക്കായി പദ്ധതി യിനത്തിൽ 89 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 136.04 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ**

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ കൾച്ചറൽ ടൂറിസം & ടൂറിസ്റ്റ് അമിനിറ്റീസ് സെന്റർ, നാഷണൽ മ്യൂസിയം ഓഫ് ഹെറിറ്റേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് ആന്റ് ഡെവലപ്പ്മെന്റ്, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ഇന്റർനാഷണൽ ലൈബ്രറി, ലിവിംഗ് ആതേഴ്സ്, സെന്റർ ഫോർ സ്റ്റഡി ഓഫ് ഇന്ത്യൻ ആർട്സ് എന്നിവ നടപ്പാക്കുന്നതിന് 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (മൂലധനവിഹിതം)**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൈരളി/ശ്രീ തിയേറ്റർ കോഴിക്കോട്, കൈരളി/ശ്രീ തിയേറ്റർ, ചിത്രാഞ്ജലി തിയേറ്റർ നോർത്ത് പറവൂർ, ചിത്രാഞ്ജലി തിയേറ്റർ ചേർത്തല എന്നീ നാല് തിയേറ്ററുകളുടെ നവീകരണത്തിനും ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനും പദ്ധതിയിനത്തിൽ 1000 ലക്ഷം രൂപയും മലയാള ചലച്ചിത്രങ്ങൾക്കുള്ള സബ്സിഡി ഉയർത്തുന്നതിനായി പദ്ധതിയേതരയിനത്തിൽ 330 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കേരള കലാമണ്ഡലം**

കേരള കലാമണ്ഡലത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളായ മാനവവിഭവശേഷി വികസിപ്പിക്കൽ, കലാസാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വരും തലമുറയ്ക്ക് പകർന്നുനൽകുന്നതിനും പരമ്പരാഗത കലാരൂപങ്ങൾ പ്രചരിപ്പിക്കുന്നതിനും വേണ്ടിയുള്ള ഡോക്യുമെന്റേഷൻ, ലൈബ്രറിയുടെ ശാക്തീകരണം, പുതിയ 10 കളരികളുടെ നിർമ്മാണം, കൂത്തമ്പലത്തിന്റെ നവീകരണം, വിവിധ കെട്ടിട നിർമ്മാണപ്രവർത്തനം തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 870 ലക്ഷം രൂപയും കൽപ്പിത സർവ്വകലാശാലയാക്കിയതിന്റെ ഭാഗമായുള്ള ശമ്പളപരിഷ്കരണം, അലവൻസുകൾ, സ്റ്റൈപ്പന്റ് തുടങ്ങിയ പദ്ധതിയേതര ഇന ചെലവുകൾക്കായി 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപ്പുവർഷത്തെ പദ്ധതികളായ കെട്ടിടനിർമ്മാണം, പുസ്തക നിർമ്മാണം, ഓഫ്സെറ്റ് മെഷീൻ, കട്ടിംഗ് മെഷീൻ, ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ എന്നിവ വാങ്ങൽ, വെബ്സൈറ്റും നളന്ദ ബുക്ക്ഷോപ്പും നവീകരിക്കൽ, കൊച്ചിയിൽ

പുതിയ ഷോറൂം ആരംഭിക്കൽ, ബുക്ക് ഫെയർ, ലൈബ്രറി ഓട്ടോമേഷൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് കേന്ദ്രത്തിനുവേണ്ടി വാഹനം വാങ്ങൽ എന്നിവയ്ക്ക് പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 171 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പുതിയനിയമനം, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതി യേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**ലളിതകലാ അക്കാഡമി**

കേരള ലളിത കലാ അക്കാഡമിയുടെ കലാഗ്രാമം നിർമ്മിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപയും കിളിമാനൂരിൽ രാജാ രവിവർമ്മ സ്മാരകത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 200 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയിനത്തിൽ ആകെ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**തിരുവനന്തപുരം ഭാരത് ഭവൻ**

ഭാരത് ഭവന്റെ പദ്ധതികളായ അതിഥി ദേവോഭവ, ദേശീയോദ്ഗ്രഥന പരിപാടികൾ, കേരളത്തനിമ, ഭാഷാ ന്യൂനപക്ഷ സംഗമം, മറുനാടൻ ഭാഷാ പരിചയം, അഫിലിയേറ്റഡ് അസോസിയേഷൻ പരിപാടികൾ, നാഷണൽ ട്രാൻസ്ലേഷൻ ക്യാമ്പ്, അറേബ്യൻ സാംസ്കാരിക മേളകൾ, മറുനാടൻ ആയോധന ഉത്സവം എന്നിവയുടെ നിർവ്വഹണത്തിന് പദ്ധതിയിനത്തിൽ 98 ലക്ഷം രൂപയും ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ പദ്ധതിയേതര ഇനത്തിലുള്ള ചെലവുകൾക്കായി 31.57 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**ഗുരു ഗോപിനാഥ് നടനഗ്രാമം**

ഗുരു ഗോപിനാഥ് നടന ഗ്രാമത്തിന്റെ ദേശീയ നൃത്ത മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ പ്രധാന കവാടം കലാപരമായി മോടിപിടിപ്പിക്കൽ, പ്രവേശന കവാടം മുതൽ മ്യൂസിയം വരെയുള്ള പാതയിൽ ഇന്റർലോക്ക് പാകൽ, ദേശീയ നൃത്ത മ്യൂസിയത്തിന് മുൻ ഭാഗത്ത് കുളം നിർമ്മിച്ച് അതിന് മദ്ധ്യഭാഗത്തായി ഭരതമുനിയുടെ 20 അടി ഉയരമുള്ള പ്രതിമ സ്ഥാപിക്കൽ, റോഡ് വശത്തെ പ്രവേശന കവാടം നിർമ്മാണം, ഗാർഡനിംഗ് പ്രവർത്തനം ഉദ്ഘാടനം സംബന്ധിച്ച ചെലവുകൾ എന്നിവയ്ക്കും ദേശീയ നൃത്ത മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 53 ലക്ഷം രൂപയും ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 15 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**പുരാവസ്തു ഗവേഷണ വകുപ്പ്**

പുരാവസ്തു ഗവേഷണ വകുപ്പിൽ സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസവേതനക്കാരെ നിയോഗിച്ചതുകൊണ്ടും ശമ്പളം,

ഡീസൽവില, വിവിധ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും ഓഫീസ് ചെലവുകൾ തുടങ്ങിയവ വർദ്ധിപ്പിച്ചതുകൊണ്ടും പദ്ധതിയേതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

**സംസ്ഥാനത്തെ പുരാതന ഗ്രന്ഥശേഖരം**

കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം, താളിയോലകളുടെ മ്യൂസിയം, സിഗ്നേച്ചർ മ്യൂസിയം, ഫ്രീഡം മെമ്മോറിയൽ എന്നിവയ്ക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**മുസ്സിരസ് കൊച്ചി ബൈയനയൽ**

കൊച്ചിൻ ബിനാലെ ഓരോ രണ്ടു വർഷം കൂടുമ്പോഴും സംഘടിപ്പിക്കുന്നതിന് രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബിനാലെ നടത്തിപ്പിനായി രണ്ട് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം**

സാംസ്കാരിക ഡയറക്ടറേറ്റു മുഖേന നൽകിവരുന്ന നിർദ്ധന കലാകാരന്മാർക്കുള്ള പെൻഷൻ, നിർദ്ധനരായ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം, പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കുള്ള ആശ്രിത ധനസഹായം, ജവഹർ ബാലഭവനുകൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്, പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 106.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**മ്യൂസിയം കാഴ്ചബംഗ്ലാവുകളുടെ വികസനം**

മ്യൂസിയം മൃഗശാലാവകുപ്പിന്റെ പദ്ധതികളായ വയനാട്ടിലെ കുങ്കിച്ചിറയിൽ ഹെറിറ്റേജ് മ്യൂസിയവും മൃഗങ്ങളുടെ പുനരധിവാസ കേന്ദ്രവും സ്ഥാപിക്കുക, തൃത്താലയിൽ ഗ്ലാസ് മ്യൂസിയം സ്ഥാപിക്കുക, തൃശ്ശൂരിൽ വാക്സ് മ്യൂസിയം സ്ഥാപിക്കുക, മൂന്നാറിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുക, കോഴിക്കോട് പുതിയ ആർട്ട് ഗ്യാലറി സ്ഥാപിക്കുക, ശ്രീചിത്രാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുക എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**പൈതൃക പഠന കേന്ദ്രം**

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ലൈബ്രറി കോംപ്ലക്സ് നിർമ്മാണം, പൈതൃക പ്രദേശങ്ങളുടെ പ്രാമാണീകരണം, പബ്ലിക്കേഷനുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയുടെ പദ്ധതികളായ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവെൽ, തലസ്ഥാന നഗരിയിൽ തിയേറ്റർ കോംപ്ലക്സ്, ഇന്റർനാഷണൽ ഫിലിം സെന്റർ, ഫിലിം സൊസൈറ്റികളുടെ പോഷണവും ഉന്നമനവും, ലൈബ്രറി, ഫെല്ലോഷിപ്പും റിസർച്ചും, ചലച്ചിത്രാസ്വാദന കോഴ്സ്, പ്രസിദ്ധീകരണം, കുട്ടികൾക്കു വേണ്ടി ദൃശ്യ-ശ്രവ്യ പരിശീലന പദ്ധതി, അക്കാദമി വെബ്സൈറ്റിന്റെയും, പോർട്ടലിന്റെയും നിർമ്മാണം, അന്താരാഷ്ട്ര ചലച്ചിത്ര മേളകൾക്കുള്ള മലയാളം സിനിമകൾക്കായുള്ള പാക്കേജ്, ദേശീയ ചലച്ചിത്ര മേളയും, അനുബന്ധമേളകളും, ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ഡോക്യുമെന്റേഷൻ, മലയാള സിനിമയുടെ ഉന്നമനത്തിനുള്ള പ്രവർത്തനം എന്നിവയുടെ നിർവ്വഹണത്തിന് പദ്ധതിയിനത്തിൽ 3510 ലക്ഷം രൂപയും തിയേറ്റർ, ക്ലാസിഫിക്കേഷൻ, വെബ്മാഗസിൻ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 47.88 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**സംഗീത നാടക അക്കാഡമി**

കേരള സംഗീത നാടക അക്കാഡമിയുടെ അന്തർദേശീയ നാടകോത്സവം, നാടകങ്ങൾക്കും കഥാപ്രസംഗങ്ങൾക്കും നൽകുന്ന സബ്സിഡി എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 201 ലക്ഷംരൂപയും ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിന് പദ്ധതി യേതര ഇനത്തിൽ 49 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കഥകളി വിദ്യാലയം (തെക്കൻ കളരി)**

മാർഗിയുടെ കഥകളി കലാകാരന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ശനി, ഞായർ ദിവസങ്ങളിൽ സ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്ക് കഥകളി വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസ്സുകൾ നടത്തുന്നതിനും പരമ്പരാഗത രീതിയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ കലാകാരന്മാർക്കുള്ള ഉഴിച്ചിൽ മുതലായവ നടത്തുന്നതിനും കൂടിയാട്ട വിഭാഗത്തിൽ ക്ലാസുകൾ നടത്തുന്നതിനും, സ്റ്റൈപ്പന്റ് നൽകുന്നതിനും, ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനും വർണ്ണാഭമായ വേഷവിധാന ങ്ങൾ, കിരീടം, ആടയാഭരണങ്ങൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവയ്ക്കും ഇതര ഇനങ്ങൾക്കുള്ള ചെലവുകൾക്കുമായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**നാടൻകല അക്കാഡമി**

കേരള ഫോക്‌ലോർ അക്കാഡമിയുടെ പദ്ധതികളായ അക്കാഡമിയുടെ ട്രാവൻകൂർ ഫോക് വില്ലേജ്, വാദ്യോപകരണങ്ങളുടെ പഠന ഗവേഷണ കേന്ദ്രം, വാദ്യോപകരണങ്ങളുടെയും ഉപകരണ സംഗീതത്തിന്റെയും മ്യൂസിയം, ഫോക്‌ലോറിന്റെ

പ്രസാരത്തിനും സംരക്ഷണത്തിനും വൈവിധ്യവൽക്കരണത്തിനും വേണ്ടി പുതിയ ഭരണ സമിതി ആവിഷ്ക്കരിച്ചിട്ടുള്ള നൂതനമായ പദ്ധതികൾ, ലോക ഫോക് ഉത്സവം എന്നിവയ്ക്കായി 6.18 കോടി രൂപ പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായി 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം**

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പദ്ധതികളായ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക, സഞ്ചരിക്കുന്ന രണ്ട് പുസ്തകശാല, വാഹനങ്ങൾ വാങ്ങുക, കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക എന്നിവയ്ക്കായി 88 ലക്ഷം രൂപയും പദ്ധതിയേതര ചെലവുകൾക്കായി 67.92 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം**

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സ്മാരകങ്ങൾ**

പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

**നിർദ്ധനരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ധനസഹായം**

കേന്ദ്ര സംസ്ഥാന നിർദ്ധന കലാകാര പെൻഷൻ നൽകുന്നതിനുവേണ്ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഈ വർഷം നൽകേണ്ടിവരുന്നതിനാൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം**

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടി-ന് നടപ്പുവർഷം പദ്ധതിയിനത്തിൽ. 120 ലക്ഷം രൂപയ്ക്ക് പുറമേ 46.40 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാടക, വാഹന ഇന്ധനം തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായി 500 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി വൈകുന്നേരം 4.15-ന് യോഗം പിരിഞ്ഞു.

## 7-5-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2013 മേയ് 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. കെ. ടി. ജലീൽ, എം.എൽ.എ.
3. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ഡോ. ദേവേന്ദ്ര കുമാർ ധോതാവത്, സെക്രട്ടറി, യുവജനകാര്യ വകുപ്പ്
4. ഡോ. അമിത് മല്ലിക്, ഡയറക്ടർ, സ്പോർട്സ് & യൂത്ത് അഫയേഴ്സ്
5. ശ്രീ. കേശവേന്ദ്ര കുമാർ, ഡയറക്ടർ, ഡി.എച്ച്.എസ്.ഇ.
6. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
7. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
9. ശ്രീ. എം. ഷെരീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
10. ഡോ. ജെ. ലത, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ
11. പ്രൊഫ. കെ. എ. ഹാഷിം, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം
12. പ്രൊഫ. സജിത്ത് വിജയരാഘവൻ, എം.ഡി., സി-ആപ്റ്റ്
13. ഡോ. പി. കെ. വേലായുധൻ, അഡീഷണൽ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിൽ 36-ാം പേജിൽ 95-ാം ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ശിപാർശ ചേർക്കുക:

"മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിള കലാ അക്കാദമി ആയി ഉയർത്തിയ സാഹചര്യത്തിൽ 2013-14 വർഷത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

31-ാമത്തെ പേജിൽ 83-ാം ഖണ്ഡികയിൽ 5-ാമത്തെ വരിയിൽ '50 ലക്ഷം രൂപ' എന്നതിന് പകരം 'ഒരു കോടി രൂപ' എന്ന് മാറ്റുക.

31-ാം പേജിൽ 83-ാമത്തെ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ശിപാർശ ഉൾപ്പെടുത്തുക.

'കൊച്ചിൻ ബിനാലെ ഓരോ രണ്ടു വർഷം കൂടുമ്പോഴും സംഘടിപ്പിക്കുന്നതിന് രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബിനാലെ നടത്തിപ്പിനായി ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ രണ്ട് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.'

2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ താഴെപ്പറയുന്ന ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച വിശദീകരണ കുറിപ്പുകൾ സമിതി പരിശോധിക്കുകയും എസ്.ആർ.ഒ.-കൾക്ക് സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:

1. ദി കേരള സ്റ്റേറ്റ് കൊളിജീയറ്റ് എഡ്യൂക്കേഷൻ (മ്യൂസിക് കോളേജസ്) സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്-2011.

(എസ്.ആർ. ഒ. നമ്പർ 260/2011)

2. ദി കേരള കൊളിജീയറ്റ് എഡ്യൂക്കേഷൻ (മ്യൂസിക് കോളേജസ്) സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്-2011.

(എസ്.ആർ.ഒ. നമ്പർ 261/2011)

(ഫയൽ നമ്പർ 929/സബ്.സി.ഇ1/2012/ലെജി.)

3. കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2012.

(എസ്.ആർ.ഒ. നമ്പർ 728/2012)

4. കേരള കോളീജിയറ്റ് എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ്, 2012

(എസ്.ആർ.ഒ. നമ്പർ 729/2012)

(ഫയൽ നമ്പർ 1762/സബ്.സി.ഇ1/2013/ലെജി.)

തുടർന്ന് സമിതിയുടെ വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2000-2001)

(ഫയൽ നമ്പർ 11048/സബ്.സി.ഇ1/2000/ലെജി.)

ഖണ്ഡിക നമ്പർ 8, 9, 10, 11, 12, 13, 48 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക നമ്പർ 2 (പൊതുവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക നമ്പർ 42, 44 (സാംസ്കാരികകാര്യ വകുപ്പ്)

2. സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2002-03)

(ഫയൽ നമ്പർ 18424/സബ്.സി.ഇ1/2010/ലെജി.)

ഖണ്ഡിക 29, 30, 31, 32, 33 (കായിക യുവജനകാര്യ വകുപ്പ്)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

(ഫയൽ നമ്പർ 11306/സബ്.സി.ഇ1/2003/ലെജി.)

ഖണ്ഡിക 5, 9 (പൊതു വിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 33 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

4. സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

(ഫയൽ നമ്പർ 18424/സബ്.സി.ഇ1/2010/ലെജി.)

ഖണ്ഡിക 14,16 (കായിക യുവജനകാര്യ വകുപ്പ്)

5. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2004-05)

(ഫയൽ നമ്പർ 9801/സബ്.സി.ഇ1/04/ലെജി.)

ഖണ്ഡിക 1, 4 (പൊതുവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 13, 21 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 18, 19 (കായിക യുവജനകാര്യ വകുപ്പ്)

ഖണ്ഡിക 25 (സാംസ്കാരികകാര്യ വകുപ്പ്)

6. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

(ഫയൽ നമ്പർ 12176/സബ്.സി.ഇ1/06/ലെജി.)

ഖണ്ഡിക നമ്പർ 21, 25 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

7. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

(ഫയൽ നമ്പർ 13523/സബ്.സി.ഇ1/2007/ലെജി.)

ഖണ്ഡിക 31, 32 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 3, 14, 15 (പൊതുവിദ്യാഭ്യാസ വകുപ്പ്)

8. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

(ഫയൽ നമ്പർ 15475/സബ്.സി.ഇ1/2008/ലെജി.)

ഖണ്ഡിക 19, 20 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

ഖണ്ഡിക 5 (പൊതുവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 63, 64, 66 (സാംസ്കാരികകാര്യ വകുപ്പ്)

9. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

(ഫയൽ നമ്പർ 15676/സബ്.സി.ഇ1/09/ലെജി.)

ഖണ്ഡിക 4, 5, 6, 22, 23, 24 (പൊതുവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 77 (സാംസ്കാരികകാര്യ വകുപ്പ്)

ഖണ്ഡിക 27, 29, 34, 39, 40, 42, 43 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

10. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

(ഫയൽ നമ്പർ 5230/സബ്.സി.ഇ1/2011/ലെജി.)

ഖണ്ഡിക 5, 6, 12, 13, 14, 15, 16, 18 (പൊതുവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 58, 59 (ശാസ്ത്രസാങ്കേതിക വകുപ്പ്)

11. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

(ഫയൽ നമ്പർ 4888/സബ്.സി.ഇ1/2011/ലെജി.)

ഖണ്ഡിക 23 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 45, 47, 48, 49, 50, 51, 52, 54, 55, 57, 64 (സാംസ്കാരികകാര്യ വകുപ്പ്)

ഖണ്ഡിക 40, 41 (കായിക യുവജനകാര്യ വകുപ്പ്)

12. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

(ഫയൽ നമ്പർ 3078/സബ്.സി.ഇ1/2012/ലെജി.)

ഖണ്ഡിക 12, 13, 14, 15, 21 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 46, 49, 53, 54, 55, 58, 59, 62 (സാംസ്കാരികകാര്യ വകുപ്പ്)

തുടർന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന താഴെപ്പറയുന്ന ഫയലുകളിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി വിശദീകരണം ആരാഞ്ഞു:

1. കേരള വിദ്യാഭ്യാസ(ഭേദഗതി) ചട്ടങ്ങൾ 2004

(ഫയൽ നമ്പർ 10607/സബ്.സി.ഇ1/04/ലെജി.)

കരട് ചട്ടം 9-2-2005-ൽ സമിതി അംഗീകരിച്ച വിവരം 7-11-2005-ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചെങ്കിലും എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. രണ്ടാഴ്ചയ്ക്കുള്ളിൽ വിജ്ഞാപനം പുറപ്പെടുവിക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

2. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസ്

(ഫയൽ നമ്പർ 18616/സബ്.സി.ഇ1/08/ലെജി.)

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസ് പി.എസ്.സി. അംഗീകരിച്ചെങ്കിലും കുറച്ച് തസ്തികകൾകൂടി ഉൾപ്പെടുത്തി നിയമനചട്ടങ്ങളിൽ മാറ്റം വരുത്തിയശേഷം പ്രസിദ്ധീകരിച്ചാൽ മതിയെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു.

3. 1959-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ചട്ടങ്ങൾ

(ഫയൽ നമ്പർ 1414/സബ്.സി.ഇ1/12/ലെജി.)

സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ പ്രസ്തുത ചട്ടങ്ങൾക്കൊപ്പം സമിതിയിൽ സമർപ്പിക്കേണ്ട വിശദീകരണക്കുറിപ്പ് ഭേദഗതി വരുത്തുന്നതിനുമുമ്പ് നിലവിലുള്ള ചട്ടത്തിന്റെ പ്രസക്തഭാഗം എന്നിവ ഉടൻ ലഭ്യമാക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അറിയിച്ചു.

തുടർന്നുനടന്ന ചർച്ചയിൽ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ താഴെപ്പറയുന്ന വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ

സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും വിശദീകരണം തേടുകയും മറുപടി ഉടൻ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**പൊതുവിദ്യാഭ്യാസ വകുപ്പ്**

1. 2002-03-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 7
2. 2003-04-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 11
3. 2004-05-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 7, 8
4. 2005-06-ലെ അഞ്ചാമത് റിപ്പോർട്ട് — ഖണ്ഡിക 1, 5, 11
5. 2006-07-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 12
6. 2008-09-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 1, 9, 13, 14, 15, 17
7. 2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 7, 9, 21
8. 2010-11-ലെ അഞ്ചാമത് റിപ്പോർട്ട് — ഖണ്ഡിക 1, 4, 7, 8, 10, 17
9. 2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 9, 24, 26 (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം)

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

1. 2008-09-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 46
2. 2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 39, 40

**സാംസ്കാരികകാര്യ വകുപ്പ്**

1. 2008-09-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 60, 61
2. 2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 79, 82
3. 2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 42, 44, 56, 63 (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം).

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

1. 2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 25
2. 2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 17 (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം)

സമിതി ഉച്ചയ്ക്കുശേഷം 12.15-ന് യോഗം പിരിഞ്ഞു.

## 20-6-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2013 ജൂൺ 20-ാം തീയതി വ്യാഴാഴ്ച രാവിലെ 12.15-ന് നിയമസഭാ കോംപ്ലക്സിലെ '5ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.
2. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. ശ്രീ. ദേവേന്ദ്ര കുമാർ ധോതാവത്, സെക്രട്ടറി, യുവജനകാര്യ വകുപ്പ്
3. ഡോ. ജെ. ലത, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ
4. ശ്രീമതി കെ. സുജാത, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
5. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
6. ശ്രീ. സയിദ് റഷീദ്, ഡയറക്ടർ, എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി.
7. ശ്രീ. എസ്. അജികുമാരൻ, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
8. ശ്രീമതി പത്മിനിതോമസ്, പ്രസിഡന്റ്, കേരള സ്പോർട്സ് കൗൺസിൽ.

കാര്യപരിപാടി പ്രകാരമുള്ള ഇനങ്ങൾ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

I. 29-10-2012-ൽ സർക്കാർ പുറപ്പെടുവിച്ച സ്പോർട്സ് നയം, സ്പോർട്സ് വകുപ്പിന്റെ ചുമതല ഇപ്പോൾ നിർവ്വഹിക്കുന്ന ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിശദമായി പിന്നീട് ചർച്ചചെയ്യാമെന്ന് സമിതി തീരുമാനിച്ചു.

II. സമിതിയുടെ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ചുവടെ ചേർത്തിട്ടുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചനടത്തുകയും ലഭിച്ച മറുപടികൾ അംഗീകരിക്കുകയും ചെയ്തു:

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

(ഫയൽ നമ്പർ 15475/സബ്.സി.ഇ1/2008/ലെജി.)

ഖണ്ഡിക 60 (സാംസ്കാരികകാര്യ വകുപ്പ്)

ഖണ്ഡിക 1, 14, 15 (പൊതുവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 46 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

(ഫയൽ നമ്പർ 15676/സബ്.സി.ഇ1/2009/ലെജി.)

ഖണ്ഡിക 7, 9, 21 (പൊതുവിദ്യാഭ്യാസ വകുപ്പ്)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

(ഫയൽ നമ്പർ 5230/സബ്.സി.ഇ1/2011/ലെജി.)

ഖണ്ഡിക 24, 25, 26, 27, 43 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 4, 7, 8, 10, 17 (പൊതുവിദ്യാഭ്യാസ വകുപ്പ്)

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

(ഫയൽ നമ്പർ 4888/സബ്.സി.ഇ1/2011/ലെജി.)

ഖണ്ഡിക 43, 63 (സാംസ്കാരികകാര്യ വകുപ്പ്)

5. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

(ഫയൽ നമ്പർ 3078/സബ്.സി.ഇ1/2012/ലെജി.)

ഖണ്ഡിക 15 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

ഖണ്ഡിക 40, 41, 42, 44, 45, 47, 51, 52, 56, 57, 60, 61, 64 (സാംസ്കാരികകാര്യ വകുപ്പ്)

III. 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേൽ ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൺ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ലഭ്യമായ താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിക്കുകയും ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു:

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

ഖണ്ഡിക 16, 23

**ശാസ്ത്രസാങ്കേതിക വകുപ്പ്**

ഖണ്ഡിക 25, 26, 27

**കായിക യുവജനകാര്യ വകുപ്പ്**

ഖണ്ഡിക 28, 30 മുതൽ 39 വരെ

**സാംസ്കാരികകാര്യ വകുപ്പ്**

ഖണ്ഡിക 40, 41, 42, 44

IV. വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച മറുപടി ലഭ്യമാക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ചചെയ്യുകയും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു:

**പൊതുവിദ്യാഭ്യാസ വകുപ്പ്**

2002-03-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 7

2003-04-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 11

2004-05-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 7, 8

2005-06-ലെ അഞ്ചാമത് റിപ്പോർട്ട് — ഖണ്ഡിക 1, 5, 11

2006-07-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 12

2008-09-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 9, 13, 17

2010-11-ലെ അഞ്ചാമത് റിപ്പോർട്ട് — ഖണ്ഡിക 1

2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 9, 24, 26

2012-13-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 1 മുതൽ 11 വരെ

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 39, 40

2012-13-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 16 മുതൽ 20 വരെ, 22, 23

**സാംസ്കാരികകാര്യ വകുപ്പ്**

2008-09-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 61

2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 79, 82

2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 44, 56

2012-13-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 43, 48, 50, 63, 65

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 25

2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 17

സമിതി ഉച്ചയ്ക്കുശേഷം 1.00 മണിക്ക് യോഗം പിരിഞ്ഞു.

## 10-9-2013-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2013 സെപ്തംബർ 10-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. എസ്. അനസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ശ്രീ. ബിജു പ്രഭാകർ, ഡയറക്ടർ, ഡി.പി.ഐ.
4. ശ്രീ. ജി. അരുൾ ജെറാൾഡ് പ്രകാശ്, ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം
5. ശ്രീ. സി. കെ. മോഹനൻ, ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ
6. ശ്രീ. പി. കെ. വേലായുധൻ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
7. ശ്രീ. കെ. പി. നൗഫൽ, ഡയറക്ടർ, സി.സി.ഇ.കെ.
8. ഡോ. പി. പുകഴേന്തി, ഡയറക്ടർ, കായിക യുവജനകാര്യ ഡയറക്ടറേറ്റ്
9. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു:

ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2013.

(ഫയൽ നമ്പർ 4119/സബ്.സി.ഇ1/2013/ലെജി.)

(സർക്കാർ കത്ത് നമ്പർ 26199/ജെ3/11/പൊ.വി.വ. തീയതി 23-8-2013)

ചട്ടം 2-ൽ അവസാനത്തെ ഖണ്ഡിക ചുവടെ പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"Such teachers shall, within the period of probation, pass short term computer course having a duration of not less than 45 hours approved by the Govt., if they have not already acquired such or higher qualification".

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു:

ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2012.

എസ്.ആർ.ഒ. നമ്പർ 101/2012, 102/2012

(ഫയൽ നമ്പർ 1414/സബ്.സി.ഇ1/2012/ലെജി.)

സർക്കാർ കത്ത് നമ്പർ:

1. 48710/ജെ2/2011/പൊ.വി.വ. തീയതി 8-3-2012.
2. 27014/ജെ2/2013/പൊ.വി.വ. തീയതി 12-6-2013.

തുടർന്ന് സമിതി വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും വിശദമായ ചർച്ചയ്ക്കുശേഷം അംഗീകരിക്കുകയും ചെയ്തു:

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2004-05)

   (ഫയൽ നമ്പർ 9801/സബ്.സി.ഇ1/2004/ലെജി.)

   ഖണ്ഡിക നമ്പർ 7, 8 (പൊതുവിദ്യാഭ്യാസ വകുപ്പ്)

   (സർക്കാർ കത്ത് നമ്പർ 76626/എസ്.സി3/2011/പൊ.വി.വ. തീയതി 20-6-2013)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

   (ഫയൽ നമ്പർ 7440/സബ്.സി.ഇ1/2005/ലെജി.)

   ഖണ്ഡിക നമ്പർ 5 (പൊതുവിദ്യാഭ്യാസ വകുപ്പ്)

   (സർക്കാർ കത്ത് നമ്പർ 2668/പി2/2010/പൊ.വി.വ. തീയതി 13-6-2013)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

(ഫയൽ നമ്പർ 12176/സബ്.സി.ഇ1/2006/ലെജി.)

ഖണ്ഡിക നമ്പർ 12 (പൊതുവിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 18708/പി2/2010/പൊ.വി.വ. തീയതി 13–6–2013)

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

(ഫയൽ നമ്പർ 15475/സബ്.സി.ഇ1/2008/ലെജി.)

ഖണ്ഡിക നമ്പർ 61 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 1771/ബി2/2010/സാം.കാ.വ. തീയതി 3–8–2013)

5. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

(ഫയൽ നമ്പർ 15676/സബ്.സി.ഇ1/2009/ലെജി.)

ഖണ്ഡിക നമ്പർ 25 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 15357/ഇ1/2012/പ്ലാനിംഗ് തീയതി 11–6–2013)

ഖണ്ഡിക നമ്പർ 79 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 7210/ബി2/2010/സാം.കാ.വ. തീയതി 29–7–2013)

6. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

(ഫയൽ നമ്പർ 15029/സബ്.സി.ഇ1/2010/ലെജി.)

ഖണ്ഡിക നമ്പർ 1 (പൊതുവിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 27147/ജെ1/2013/പൊ.വി.വ. തീയതി 27–6–2013)

7. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

(ഫയൽ നമ്പർ 4888/സബ്.സി.ഇ1/2011/ലെജി.)

ഖണ്ഡിക നമ്പർ 9, 24, 26 (പൊതുവിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 76071/പി2/2012/പൊ.വി.വ. തീയതി 18–7–2013)

ഖണ്ഡിക നമ്പർ 42 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 7439/സി1/2011/സി.എ.സി. തീയതി 29–5–2013)

ഖണ്ഡിക നമ്പർ 56 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 7278/ബി3/2011/സാം.കാ.വ. തീയതി 22–7–2013)

8. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

(ഫയൽ നമ്പർ : 3078/സബ്.സി.ഇ1/2012/ലെജി.)

ഖണ്ഡിക നമ്പർ 18, 19 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ : 23296/കെ.2/12/ഉ.വി.വ. തീയതി 18-6-2013)

ഖണ്ഡിക നമ്പർ 48 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ : 6606/ബി.2/12/സാം.കാ.വ. തീയതി 19-6-2013)

ഖണ്ഡിക നമ്പർ 50 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ : 6603/ബി.3/12/സാം.കാ.വ. തീയതി 19-7-2013)

ഖണ്ഡിക നമ്പർ 65 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ : 5177/ബി.2/12/സാം.കാ.വ. തീയതി 7-6-2013)

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണനാവേളയിൽ, തലസ്ഥാന നഗരിയിൽ ചലച്ചിത്ര അക്കാഡമിയുടെ ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്താമെന്നും ബാലഭവനിൽ ഒരു തീയറ്റർ പണിയുന്നുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി.

മൾട്ടി ഗ്രേഡിംഗ് ലേണിംഗ് സെന്ററുകളു(എം.ജി.എൽ.സി.)-മായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ഗവൺമെന്റ് അംഗീകരിച്ച 250 എം.ജി.എൽ.സി.-കളിൽ 108 എം.ജി.എൽ.സി.-കൾ ഉൾപ്പെടുന്ന ആദ്യഘട്ടത്തിന്റെ ശിപാർശ ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ടെങ്കിലും അതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് ധനകാര്യവകുപ്പ് ഫയൽ തിരിച്ചയച്ചെന്നും ആവശ്യപ്പെട്ട കാര്യങ്ങൾക്ക് വ്യക്തത നൽകിക്കൊണ്ട് ഫയൽ വീണ്ടും ധനകാര്യവകുപ്പിന് അയയ്ക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയിൽ വെളിപ്പെടുത്തി. അംഗീകാരമില്ലാത്ത സ്കൂളുകൾ അടുത്ത അദ്ധ്യയനവർഷം ഉണ്ടാകാൻപാടില്ലെന്ന വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് കുറച്ച് എം.ജി.എൽ.സി.-കൾ ഉയർത്തി എൽ.പി. സ്കൂളുകൾ ആക്കിയാൽ ബാക്കിയുള്ള സ്കൂളുകളുടെ കാര്യത്തിൽക്കൂടി തീരുമാനമെടുക്കേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞു. ഇപ്പോൾ കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലാണ് നിലവിലുള്ള എം.ജി.എൽ.സി.-കൾ പ്രവർത്തിക്കുന്നതെന്നും പുതുതായി ഒരു സ്കൂൾ തുടങ്ങിയാൽ അത് നടത്തിക്കൊണ്ടുപോകാൻ പ്രായോഗിക ബുദ്ധിമുട്ടുകളുള്ള പ്രദേശങ്ങളുണ്ടെന്നും എന്നാൽ അടുത്ത പത്ത് വർഷത്തേക്കെങ്കിലും വിദ്യാർത്ഥികൾ ഉണ്ടാകും എന്ന് ഉറപ്പുള്ളിടത്ത് മറ്റ് വകുപ്പുകളിൽനിന്നും സ്ഥലം ലഭിക്കുമെങ്കിൽ എം.ജി.എൽ.സി.-കൾ തുടങ്ങാനാകുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മറുപടി നൽകി. 108 എം.ജി.എൽ.സി.-കൾക്ക് പുറമേയുള്ളവയുടെ കാര്യത്തിൽ എന്ത് തീരുമാനമെടുക്കാൻ കഴിയുമെന്നത് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന്, കോളേജ് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് വിവിധതരം സ്കോളർഷിപ്പുകളുടെ തുകയും വരുമാനപരിധിയും വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച വിഷയം സമിതി ചർച്ചചെയ്തു. സ്കോളർഷിപ്പ് തുക 125 രൂപയും വരുമാനപരിധി 18,000 രൂപയും ആയിരുന്നത് ഉയർത്താൻവേണ്ടി ഗവൺമെന്റിന് കത്ത് നൽകിയെങ്കിലും ബഡ്ജറ്റ് വിഹിതം 6 ലക്ഷമായി ഉയർത്തിയതല്ലാതെ വരുമാനപരിധി ഇപ്പോഴും 18,000 രൂപയായിത്തന്നെ നിലനിൽക്കുന്നതുമൂലം 125 രൂപ സ്കോളർഷിപ്പ് വാങ്ങാൻ വിദ്യാർത്ഥികളില്ലാത്ത സാഹചര്യമാണുള്ളതെന്നും വാർഷിക വരുമാന പരിധി രണ്ടരലക്ഷം രൂപയെങ്കിലുമാക്കി ഉയർത്തിയാൽ മാത്രമേ വർദ്ധിപ്പിച്ച ബഡ്ജറ്റ് വിഹിതം ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതിനുള്ള പ്രോപ്പോസൽ ധനകാര്യവകുപ്പിന് അയച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. ഇതു സംബന്ധിച്ച ഫയൽ മേയ് മാസത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയതായും ഈ പ്രൊപ്പോസൽ ധനകാര്യവകുപ്പിൽ ഇപ്പോഴും പെന്റിംഗിലാണെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് വടക്കൻ ജില്ലകളിൽ എൽ.എസ്.എസ്., യു.എസ്. എസ്. സ്കോളർഷിപ്പ് കിട്ടിയ കുട്ടികൾക്ക് നൽകിവരുന്ന 150 രൂപ വർഷങ്ങളായി ലഭിക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. സ്കോളർഷിപ്പ് തുക 500 രൂപയായി വർദ്ധിപ്പിക്കണമെന്നും കൃത്യസമയത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഡി.ഡി.-മാരെയോ ഡി.ഇ.ഒ.-മാരെയോ വിളിച്ച് ഓരോ ജില്ലയിലും ഏതു വർഷംവരെയുള്ള കുടിശ്ശിക കൊടുത്തിട്ടുണ്ടെന്ന് അന്വേഷിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

തുടർന്ന്, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന ചുവടെപ്പറയുന്ന ഫയലുകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

1. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സ്പെഷ്യൽ റൂൾസ് നിശ്ചിതമാതൃകയിൽ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 18616/സബ്.സി.ഇ1/2008/ലെജി.)

(സർക്കാർ കത്ത് നമ്പർ 6000/ബി.1/03/സി.എ.ഡി. തീയതി 29-10-2008)

2008-ൽ സ്പെഷ്യൽ റൂൾസ് പി.എസ്.സി. അംഗീകരിച്ചെങ്കിലും ആയത് സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് നിശ്ചിത മാതൃകയിൽ തയ്യാറാക്കുമ്പോൾ നിയമനചട്ടങ്ങളിൽ വരാത്ത മൂന്ന് നാല് തസ്തികകൾകൂടി ഉൾപ്പെടുത്തി ചട്ടം പുതുക്കണമെന്ന് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ആവശ്യപ്പെട്ടെന്നും അതിൻപ്രകാരം ഫയൽ നിയമം, പി. & എ.ആർ.ഡി., ധനകാര്യം എന്നീ വകുപ്പുകൾക്ക് അയച്ചെന്നും 2008-ലെ ചട്ടം ഇപ്പോൾ അംഗീകരിക്കുന്നതിലെ അപാകത ധനകാര്യവകുപ്പ് ചൂണ്ടിക്കാട്ടുകയും വീണ്ടും പുതിയ തസ്തികകൾകൂടി ഉൾപ്പെടുത്തി പുതുക്കിയശേഷം ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് പി.എസ്.സി.-യുടെ അംഗീകാരത്തോടെ ഉടൻതന്നെ സമിതിയിൽ സമർപ്പിക്കാമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

2. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട്ടും എറണാകുളത്തും സിവിൽ സർവ്വീസ് അക്കാഡമിയുടെ പ്രാദേശിക സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 12607/സബ്.സി.ഇ1/2008/ലെജി.)

(സർക്കാർ കത്ത് നമ്പർ 2123/എൽ.1/08/ഉ.വി.വ. തീയതി 7-2-2012)

കോഴിക്കോട് സിവിൽ സർവ്വീസ് അക്കാഡമി പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 54 സെന്റ് സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച ഉത്തരവ് റവന്യൂ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അറിയിച്ചു. സി.ഇ.ടി.-യുടെ ഭാഗത്തുനിന്നും നൽകിയ 50 സെന്റ് സ്ഥലത്ത് എ.ഐ.സി.റ്റി. പ്രാദേശിക കേന്ദ്രത്തിന് വേണ്ടിയുള്ള കെട്ടിടനിർമ്മാണം നടക്കുന്നുണ്ടെന്നും ഡിസംബർ മാസത്തോടെ പണികൾ പൂർത്തിയാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ക്യാബിനറ്റ് തീരുമാനമനുസരിച്ചാണ് സ്ഥലം നൽകിയതെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കണമെന്നും പ്രസ്തുത ഭൂമി മറ്റൊരു വകുപ്പിന് കൊടുക്കാൻ കഴിയില്ല എന്നുമുള്ള നിലപാടിലാണ് റവന്യൂ വകുപ്പെന്നും അദ്ദേഹം തുടർന്നറിയിച്ചു. കോഴിക്കോട് സിവിൽ സർവ്വീസ് അക്കാഡമിയുടെ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് പൊതുമരാമത്ത് നൽകിയിട്ടുള്ള സ്ഥലം സൗജന്യമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. ഫണ്ടും അദ്ധ്യാപകരുമെല്ലാം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഉടൻതന്നെ ക്ലാസുകൾ ആരംഭിക്കാൻ കഴിയുമെന്നും താൽക്കാലിക അനുമതി ലഭിച്ചാൽ പൊതുമരാമത്ത് വകുപ്പുകെട്ടിടത്തിന്റെ ഒരു മുറി മോടിപിടിപ്പിച്ച് നവംബറിൽ തന്നെ പരിശീലനം തുടങ്ങാൻ സാധിക്കുമെന്നും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കി. എറണാകുളത്ത് മൂവാറ്റുപുഴയിൽ ഡി.പി.ഐ.-യുടെ അനുമതിയോടെ പരിശീലനകേന്ദ്രം ആരംഭിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും പാലക്കാട് പരിശീലനകേന്ദ്രത്തിന്റെ ഭൂരിഭാഗം പണിയും പൂർത്തിയായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ ചുവടെപ്പറയുന്ന വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ നാളിതുവരെ മറുപടി ലഭിക്കാത്തവയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുകയും ഉടൻതന്നെ മറുപടി ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു:

**പൊതുവിദ്യാഭ്യാസ വകുപ്പ്**

2002-03-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 7

2003-04-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 11

2005-06-ലെ അഞ്ചാമത് റിപ്പോർട്ട് — ഖണ്ഡിക 1

2008-09-ലെ മൂന്നാമത് റിപ്പോർട്ട് — ഖണ്ഡിക 9, 13, 17

2012-13-ലെ രണ്ടാമത് റിപ്പോർട്ട് — 2 മുതൽ 11 വരെ (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം).

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

2005-06-ലെ അഞ്ചാമത് റിപ്പോർട്ട് — ഖണ്ഡിക 11

2012-13-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 17, 20 (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം)

**സാംസ്കാരികകാര്യ വകുപ്പ്**

2009-10-ലെ നാലാമത് റിപ്പോർട്ട് — ഖണ്ഡിക 82

2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 44 (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം)

2012-13-ലെ രണ്ടാമത് റിപ്പോർട്ട് — ഖണ്ഡിക 43, 63 (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം)

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

2011-12-ലെ ഒന്നാമത് റിപ്പോർട്ട് — ഖണ്ഡിക 17 (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം)

സമിതി, കരട് സ്പോർട്സ് നയം 2012 സംബന്ധിച്ച വിഷയം ചർച്ചചെയ്തു. കായിക നയത്തിന്റെ കരടിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്പോർട്സ് കൗൺസിൽ സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും ആയവ കായിക നയത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സമിതി മുമ്പാകെ വെളിപ്പെടുത്തി. കായിക നയത്തിലുൾപ്പെട്ട വ്യവസ്ഥകൾ കായികവകുപ്പും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും സെക്രട്ടറിതലത്തിൽ ചർച്ച ചെയ്തശേഷം മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിശദമായ ചർച്ചയാവാമെന്ന് സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 3.45 മണിക്ക് യോഗം പിരിഞ്ഞു.

## 5-12-2013-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2013 ഡിസംബർ 5-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. എസ്. അനസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ശ്രീ. കേശവേന്ദ്ര കുമാർ, ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം ആന്റ് എസ്.പി.ഡി., ആർ.എം.എസ്.എ.
4. ശ്രീമതി രൂപകല ജഗത്, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
5. പ്രൊഫ. സജിത് വിജയരാഘവൻ, മാനേജിംഗ് ഡയറക്ടർ, സി.ആപ്റ്റ്
6. ഡോ. ഗീത സജീവ്, ഡയറക്ടർ, കെ.എസ്.എൽ.എം.എ.
7. പ്രൊഫ. കെ. എ. ഹാഷിം, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
8. ശ്രീമതി വി. കെ. സരളമ്മ, അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ
9. ശ്രീ. എസ്. അജികുമാരൻ, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
10. ശ്രീ. എൽ. രാജൻ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
11. ഡോ. ഇ. വൽസല കുമാർ, ഡയറക്ടർ, സീമാറ്റ്.

സമിതി വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

I. 2002-03-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 7-ാം ഖണ്ഡികയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, നാടാർ മുസ്ലീം കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുകയും വരുമാനപരിധിയും ഉയർത്തുന്നത് സംബന്ധിച്ച തീരുമാനം എന്തായി എന്ന് ആരാഞ്ഞു. വാർഷിക വരുമാനപരിധി രണ്ടര ലക്ഷം രൂപയായും സ്കോളർഷിപ്പ് സ്കൂൾതലത്തിലുള്ള കുട്ടികൾക്ക് 500 രൂപയായും പ്ലസ് ടു വിദ്യാർത്ഥികൾക്ക് 2,000 രൂപയായും അണ്ടർ ഗ്രാഡുവേഷൻ വിദ്യാർത്ഥികൾക്ക് 3,000 രൂപയായും അതിനു മുകളിലുള്ളവർക്ക് 3,500 രൂപയായുമാണ് ശിപാർശ ചെയ്തിട്ടുള്ളത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഉയർന്ന റേറ്റ് നിശ്ചയിക്കുന്ന സമയത്ത് ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള അഭിപ്രായം വാങ്ങണമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശം ഉണ്ടായിരുന്നുവെന്നും ഡി.പി.ഐ. ഒഴികെയുള്ള എല്ലാ ഡിപ്പാർട്ട്മെന്റിന്റേയും റിമാർക്സ് കിട്ടിയെന്നും ഡി.എച്ച്.എസ്.ഇ. ജോയിന്റ് ഡയറക്ടർ അറിയിച്ചു.

ഗ്രാന്റിനായുള്ള വ്യവസ്ഥകൾ കാലഘട്ടത്തിനു യോജിച്ചവയല്ലെന്നും കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിനായി ഡി.പി.ഐ.-യുടെ റിപ്പോർട്ട് കാലവിളംബമില്ലാതെ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

II. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 44-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സാംസ്കാരികകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, 2011-12 വർഷം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി 1.33 കോടി രൂപ അധികം വേണമെന്ന് ആവശ്യപ്പെടുകയും അതിനാവശ്യമായ പ്രൊപ്പോസൽ കൊടുക്കാതിരിക്കുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞു. 2011-12 വർഷം ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കാത്തതുകൊണ്ട് സർക്കാരിന് അനന്തരനടപടി ഒന്നും സ്വീകരിക്കുവാൻ കഴിഞ്ഞില്ല എന്നും അതിനടുത്തവർഷം പ്രൊപ്പോസൽ കൊടുത്തെങ്കിലും സാമ്പത്തികസ്ഥിതി അനുകൂലമല്ലാത്തതിനാൽ അത് പരിഗണിച്ചില്ല എന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു.

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടേത് ഏത് തരത്തിലുള്ള ജോലിയാണെന്നും ബുക്കുകൾ അവർ പുറത്താണോ സ്ഥാപനങ്ങൾക്കാണോ കൊടുക്കുന്നതെന്നും സമിതി ആരാഞ്ഞതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ചിൽഡ്രൻസ് ലിറ്ററേച്ചർ, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യകേന്ദ്രം മുതലായ സ്ഥാപനങ്ങൾക്കാവശ്യമായ ബുക്കുകൾ വാങ്ങി മാർക്കറ്റു ചെയ്യുകയാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ചെയ്യുന്നതെന്നും സ്ഥാപനങ്ങൾക്ക് മാത്രമല്ല പ്രത്യേക ഓർഡർ അനുസരിച്ച് സ്കൂളുകൾക്കും കൊടുക്കുന്നുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ഈ വർഷം അവർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ എന്ന് സമിതി ചോദിച്ചപ്പോൾ ഇത് നേരത്തേ ഉള്ള പ്രൊപ്പോസൽ ആണെന്നും ഈ വർഷത്തേത് ശിപാർശ അനുസരിച്ച് ചോദിക്കാമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി തുടർന്നറിയിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 17-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി 2011-12 സാമ്പത്തികവർഷം അവസാനിച്ചതിനാൽ ആ വർഷത്തേക്ക് സി.ഡി.എസ്.-ന് അധികതുക അനുവദിക്കുവാൻ കഴിയുകയില്ല എന്ന് പറഞ്ഞിരിക്കുന്നതിന്റെ കാരണം എന്താണെന്ന് ആരാഞ്ഞു. അതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ടെന്നും ഇതുവരെ അനുകൂലമായ ഒരു തീരുമാനം ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടില്ലെന്നും ധനകാര്യ വകുപ്പുമായുള്ള കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക അലോട്ട് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം എന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ 11-ാം ഖണ്ഡികയിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, എം.ജി.എൽ.സി.കളിൽ ജോലി ചെയ്യുന്നവർക്ക് ഇപ്പോൾ 3,000 രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും അതുപോലും യഥാസമയം ലഭ്യമാകുന്നില്ല എന്ന പരാതി നിലനിൽക്കുന്നതായും മൂന്ന് മാസംവരെ തുക ലഭിക്കാത്തവർ ഉണ്ടെന്നും അറിയിക്കുകയും ഇതു സംബന്ധിച്ച് വകുപ്പിന്റെ മറുപടി ആരായുകയും ചെയ്തു. ഡി.പി.ഐ.-യിൽ നിന്നും ഡി.ഡി. ഓഫീസിലേക്ക് ഫയൽ പോകുകയും അവിടെനിന്നും എ.ഇ.ഒ.-വഴിയാണ് എം.ജി.എൽ.സി.-കൾക്ക് പണം നൽകുന്നതെന്നും മൂന്ന് മാസത്തോളം തുക ലഭിക്കാത്തത് സംബന്ധിച്ച് അന്വേഷിച്ചാൽ മാത്രമേ അത്തരം കേസുകൾ ഉണ്ടോയെന്ന് പറയാൻ സാധിക്കൂ എന്നും അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ മറുപടി നൽകി. ആയത് അന്വേഷിച്ച് മറുപടി നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ഉച്ചഭക്ഷണ പദ്ധതിക്കായി ഡി.പി.ഐ.-യിൽ നിന്നും പണം കൊടുത്തിട്ടുണ്ടെങ്കിലും പല ജില്ലകളിലേയും സ്കൂളുകൾക്ക് തുക കിട്ടിയിട്ടില്ലെന്നുള്ളത് വലിയ ആക്ഷേപമാണെന്നും സമിതി അറിയിച്ചു. സ്കൂളിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കിട്ടാൻ താമസിക്കുന്നതാണ് ഇതിനു കാരണമെന്നും ഏതെങ്കിലും ഒരു സ്കൂളിൽനിന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കിട്ടാതെ വന്നാൽ ആ ജില്ലയിലേക്ക് പണം കൊടുക്കുവാൻ കഴിയുകയില്ല എന്നും അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (എ.ഡി.പി.ഐ.) അറിയിച്ചു.

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കിട്ടിയില്ലെന്ന കാരണത്താൽ കുട്ടികളെ ബുദ്ധിമുട്ടിക്കാൻ പാടില്ല എന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹെഡ്മാസ്റ്ററിൽ നിന്നും പിന്നീട് വാങ്ങിയാലും മതി എന്നും അഭിപ്രായപ്പെട്ട സമിതി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരാൻ അലംഭാവം കാണിക്കുന്ന ഹെഡ്മാസ്റ്റർമാർക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് പരിശോധിക്കുവാനും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള അരിയും സാധനങ്ങളും കൊടുക്കുന്നതിൽ താമസം വരാൻ പാടില്ല എന്നും നിർദ്ദേശിച്ചു. ഇക്കാര്യം പരിശോധിച്ച് അറിയിക്കാമെന്ന് എ.ഡി.പി.ഐ. അറിയിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 63-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സാംസ്കാരികകാര്യ വകുപ്പ് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിൽ ധനപുനഃക്രമീകരണ നിർദ്ദേശങ്ങൾ ലഭിക്കാത്തത് കൊണ്ട് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല എന്ന് പറയുവാൻ കാരണമെന്താണെന്നും സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിൽ മുടങ്ങി കിടക്കുന്നത് നിർമ്മാണ പ്രവർത്തനങ്ങൾ ആണോ എന്നും ആരാഞ്ഞു. 2012-13 സാമ്പത്തികവർഷം ചെലവ് നിയന്ത്രണ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 4 കോടി 21 ലക്ഷം രൂപ അനുവദിക്കാൻ കഴിഞ്ഞില്ല എന്നാണ് പറഞ്ഞിരിക്കുന്നതെന്നും റീ-അപ്രോപ്രിയേഷൻ അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചെങ്കിലും അത് കിട്ടിയില്ല എന്നും ആവശ്യപ്പെട്ട അധിക തുക ഈ വർഷവും തരാൻ കഴിയില്ലെന്നാണ് ധനകാര്യ വകുപ്പ് ഇപ്പോൾ അറിയിച്ചിട്ടുള്ളതെന്നും ഹെറിറ്റേജുമായി ബന്ധപ്പെട്ട പഠനങ്ങൾ,

റിസർച്ച് വർക്ക്, അക്കാഡമിക് കോഴ്സുകൾ, അവരുടെ ലൈബ്രറി സൂക്ഷിക്കുക ഇതൊക്കെയാണ് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് ചെയ്യുന്ന കാര്യങ്ങളെന്നും ഇതിനാവശ്യമായ ഫണ്ടാണ് ചോദിച്ചിട്ടുള്ളതെന്നും സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് നൽകിയ 3 കോടി രൂപയുടെ പ്രൊപ്പോസൽ ഈ വർഷം ടേക്ക്-അപ് ചെയ്തെങ്കിലും സാമ്പത്തിക നടപടികളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ അധിക ഫണ്ട് തരാൻ കഴിയില്ലെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു.

തുടർന്ന് സമിതി വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അംഗീകരിച്ചു:

1. 2002-03-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

    (ഫയൽ നമ്പർ 9146/സബ്.സി.ഇ1/02/ലെജി.)

    ഖണ്ഡിക നമ്പർ 7 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

    (സർക്കാർ കത്ത് നമ്പർ 18009/സി2/13/ഉ.വി.വ. തീയതി 13-9-2013)

2. 2003-04-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

    (ഫയൽ നമ്പർ 11306/സബ്.സി.ഇ1/03/ലെജി.)

    ഖണ്ഡിക നമ്പർ 11 (പൊതു വിദ്യാഭ്യാസ വകുപ്പ്)

    (സർക്കാർ കത്ത് നമ്പർ 63233/പി2/13/പൊ.വി. തീയതി 9-9-2013)

3. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

    (ഫയൽ നമ്പർ 7440/സബ്.സി.ഇ1/05/ലെജി.)

    ഖണ്ഡിക നമ്പർ 1 (പൊതു വിദ്യാഭ്യാസ വകുപ്പ്)

    (സർക്കാർ കത്ത് നമ്പർ 58914/ഡി3/12/പൊ.വി. തീയതി 7-9-2013)

    ഖണ്ഡിക നമ്പർ 11 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

    (സർക്കാർ കത്ത് നമ്പർ 18009/സി2/13/ഉ.വി.വ. തീയതി 13-9-2013)

4. 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

    (ഫയൽ നമ്പർ 15475/സബ്.സി.ഇ1/08/ലെജി.)

    ഖണ്ഡിക നമ്പർ 9, 13 (പൊതു വിദ്യാഭ്യാസ വകുപ്പ്)

    (സർക്കാർ കത്ത് നമ്പർ 27016/പി2/10/പൊ.വി. തീയതി 9-9-2013)

    ഖണ്ഡിക നമ്പർ 17 (പൊതു വിദ്യാഭ്യാസ വകുപ്പ്)

    (സർക്കാർ കത്ത് നമ്പർ 52286/എഫ്1/13/പൊ.വി. തീയതി 30-11-2013)

5. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15676/സബ്.സി.ഇ1/2009/ലെജി.)

ഖണ്ഡിക നമ്പർ 82 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 7210/ബി2/10/സാം.കാ.വ. തീയതി 18-10-2013).

6. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15029/സബ്.സി.ഇ1/2010/ലെജി.)

ഖണ്ഡിക നമ്പർ 14 (പൊതു വിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 56737/എസ്2/10/പൊ.വി. തീയതി 6-11-2013).

7. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4888/സബ്.സി.ഇ1/11/ലെജി.)

ഖണ്ഡിക നമ്പർ 44 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 7439/സി1/2011/സാം.കാ.വ. തീയതി 1-10-2013)

ഖണ്ഡിക നമ്പർ 17 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 15427/ഇ1/2012/പ്ലാനിംഗ് തീയതി 21-10-2013).

8. 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3078/സബ്.സി.ഇ1/2012/ലെജി.)

ഖണ്ഡിക നമ്പർ 2 മുതൽ 11 വരെ (പൊതുവിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 37422/പി2/12/പൊ.വി. തീയതി 29-11-2013)

ഖണ്ഡിക നമ്പർ 17 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 24363/കെ3/13/ഉ.വി.വ. തീയതി 27-11-2013)

ഖണ്ഡിക നമ്പർ 20 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 14246/ഇ1/2012/പ്ലാനിംഗ് തീയതി 13-11-2013)

ഖണ്ഡിക നമ്പർ 43 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6014/സി1/2012/സാം.കാ.വ. തീയതി 21-10-2013)

ഖണ്ഡിക നമ്പർ 63 (സാംസ്കാരികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 5719/ബി1/2012/സാം.കാ.വ. തീയതി 26-9-2013).

തുടർന്ന്, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന ചുവടെ പറയുന്ന ഫയൽ പരിഗണനയ്ക്ക് എടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സ്പെഷ്യൽ റൂൾസ് നിശ്ചിത മാതൃകയിൽ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 18616/സബ്.സി.ഇ1/2008/ലെജി.)

(സർക്കാർ കത്ത് നമ്പർ 6000/ബി1/2003/സി.എ.ഡി. തീയതി 29-10-2008).

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസ് നിശ്ചിത മാതൃകയിൽ ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതെന്താണെന്ന് സമിതി ആരാഞ്ഞു.

സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസിനെ സംബന്ധിച്ച ഫയൽ അംഗീകാരത്തിനായി പി.&എ.ആർ.ഡി.-യിലും നിയമ വകുപ്പിലും അയച്ചുവെങ്കിലും അതിന് അപ്രൂവൽ ലഭിച്ചില്ല എന്നും പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ കരട് നിയമന ചട്ടങ്ങളിലുള്ള തസ്തിക മാത്രം ഉൾപ്പെടുത്തി പരിഷ്കരിച്ച് കൊടുക്കണമെന്ന് ആവശ്യപ്പെട്ടെന്നും അതുപ്രകാരം റിവൈസ്ഡ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അത് പരിശോധിച്ചതിനുശേഷം പി.എസ്.സി.-യുടെ റിമാർക്സുകൂടി ലഭ്യമാക്കിയശേഷം സമിതിയിൽ സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

തുടർന്ന് സമിതി, കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം '2013-14 സാമ്പത്തിക വർഷത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ സംബന്ധിച്ച അവലോകനം' എന്ന വിഷയത്തിന്മേൽ ചർച്ച നടത്തി.

പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ അവലോകന റിപ്പോർട്ട് സമിതി വിശദമായി ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു:

ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന വിഭാഗത്തിനുപുറമേ 11, 12 ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഹയർ സെക്കന്ററി, 11, 12 ക്ലാസ്സുകളിൽ പൊതുവിദ്യാഭ്യാസത്തോടൊപ്പം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി, അനൗപചാരിക വിദ്യാഭ്യാസം നൽകുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, എല്ലാവിഭാഗങ്ങൾക്കും സഹായ സേവനം നൽകുന്ന സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) ഐ.ടി.@സ്കൂൾ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്(സീമാറ്റ്), കേന്ദ്രസഹായത്തോടെ 6 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പിന് 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ബജറ്റ് വിഹിതവും പദ്ധതികളുടെ വിശദവിവരവും ചുവടെ ചേർക്കുന്നു:

**സ്കൂൾ വിദ്യാഭ്യാസം (ഡി.പി.ഐ.)**

സംസ്ഥാന പദ്ധതിയിനത്തിൽ 13070 ലക്ഷം രൂപയും, 100% കേന്ദ്രാവിഷ്കൃത പദ്ധതി ചെലവുകൾക്കായി മൂലധന ചെലവിൽ 13051.82 ലക്ഷം രൂപയും 90% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 17000 ലക്ഷം രൂപയും 75% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 8700 ലക്ഷം രൂപയും 50% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 3000 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| *ശീർഷകവും പദ്ധതിയും* | *പദ്ധതിയുടെ ലക്ഷ്യങ്ങൾ* | *മൊത്തം വകയിരുത്തിയ തുക* | *നിലവിലെ സ്ഥിതി* |
|---|---|---|---|
| (1) | (2) | (3) | (4) |
| I. 2202-02-109-69 സ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന സൗകര്യം | | | |
| (1) ഗവ. സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കൽ, ഹോസ്റ്റൽ നവീകരണം, ടോയ്‌ലറ്റുകൾ, മെസ്സ്, അടുക്കള എന്നിവയുടെ വിപുലീകരണം, ചുറ്റുമതിൽ നിർമ്മാണം, അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം, ആയ, മേട്രൺ തുടങ്ങിയവയാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് | 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 92.34 ലക്ഷം രൂപ നൽകി |
| (2) സ്കൂളുകളിലെ വിവരവിനിമയ സാങ്കേതിക വിദ്യാപദ്ധതികൾ/എഡ്യൂക്കേഷണൽ ടെക്നോളജി സ്കീം | സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുക, വിവര സാങ്കേതിക വിദ്യാഭ്യാസത്തിനായി ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുക, അദ്ധ്യാപകരെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭാഷയും മറ്റു ശാസ്ത്ര സാമൂഹിക ശാസ്ത്രവിഷയങ്ങളും പഠിപ്പിക്കാൻ പ്രാപ്തരാക്കുക, ബ്രോഡ് ബാന്റ് പരിപാടികൾ, ഹാർഡ് വേയർ ക്ലിനിക്, ഐ.റ്റി. മേളകൾ നടത്തുകയും അവാർഡുകൾ നൽകുകയും ചെയ്യുക, | 2000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ഭരണാനുമതി നൽകി കഴിഞ്ഞു. ഡിസംബർ-ജനുവരി മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | ഇ-ഗവേണൻസ് പരിപാടികൾ, ഉള്ളടക്കത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കൽ എന്നിവയാണ് ടി പദ്ധതിയുടെ ലക്ഷ്യം | | |
| (3) സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തുക | അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, വിദ്യാഭ്യാസ മേഖലയിൽ ഭരണ പരിഷ്കാരങ്ങൾ ആരംഭിക്കുക, വിദ്യാഭ്യാസ മേഖലയിലെ പുരോഗതി, കലാകായിക വിനോദങ്ങളിലും വിവര സാങ്കേതിക വിദ്യയിലൂടെയും പലതരം നൈപുണ്യം വികസിപ്പിച്ചെടുക്കുകവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പരിപാടികളാണ് ആധുനികവൽക്കരണത്തിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. | 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ഭരണാനുമതി നൽകി കഴിഞ്ഞു. ഡിസംബർ-ജനുവരി മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ് |
| II. 4202-01-202-93 സ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന സൗകര്യം | സർക്കാർ സ്കൂളുകളെ ആധുനീകരിച്ച് നിലവാരം ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ഓഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ഭക്ഷണമുറികൾ, ലൈബ്രറി തുടങ്ങിയ സംവിധാനങ്ങളോട് കൂടിയ ലബോറട്ടറി (ഐ.ടി.-യും, ഭാഷാ ലാബുകളും ഉൾപ്പെടെ), കായിക കളരി ആർട്ട്സ് മുറികൾ/ഹാളുകൾ, കാര്യനിർവ്വഹണത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. | 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | 390 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. |
| III. 2202-02-109-71 സ്കൂൾ വിദ്യാഭ്യാസം-വിദ്യാഭ്യാസ പരിപാടികളുടെ മികവ് | | | |
| (1) സെക്കന്ററി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കൽ | സംസ്ഥാനതല, റവന്യൂ ജില്ലാതല, വിദ്യാഭ്യാസ ജില്ലാതല മോണിറ്ററിംഗ്, QIP സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി, അദ്ധ്യാപക പരിശീലനം, അദ്ധ്യാപക തുടർ പരിശീലനത്തിനായുള്ള SRG പരിശീലനം, | 50 ലക്ഷം രൂപ അനുവദിച്ചു. | 6.66 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | ചോദ്യപേപ്പർ തയ്യാറാക്കൽ, DEO മാർക്കുള്ള QIP ഫണ്ട്, പരിശീലന സാമഗ്രികളുടെ വികസനം, അറബിക് പ്രോഗ്രാമുകൾ, OSS പരിപാടികൾ, പരിശീലകരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ എന്നിവ ഈ പദ്ധതിയിൽ നടപ്പിലാക്കിവരുന്നു. | | |
| (2) ഗുണനിലവാരമുള്ള വിദ്യാഭ്യാസം-വിദ്യാർത്ഥിയുടെ അവകാശം | സ്കൂൾ, ജില്ല, സംസ്ഥാനതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക, അദ്ധ്യാപക പരിശീലനം, മോണിറ്ററിംഗും സഹായപരിപാടികളും, 104 സ്കൂളുകളിൽ പ്രത്യേക പരിപാടികൾ, പ്രത്യേക ഉച്ചഭക്ഷണ പരിപാടികൾ, ദ്രുതകർമ്മ പരിപാടികൾ, സഹവാസ ക്യാമ്പുകൾ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ | 100 ലക്ഷം രൂപ അനുവദിച്ചു. | 3.19 ലക്ഷം രൂപ ചെലവഴിച്ചു. |
| (3) സംസ്കൃത വിദ്യാഭ്യാസ വികസനം | സംസ്കൃത ഭാഷ സംസാരിക്കുന്നതിന് പരിശീലനം, സംസ്കൃത സ്കോളർഷിപ്പും സർട്ടിഫിക്കറ്റും, സംസ്കൃതദിനാചരണം, ശുദ്ധസംസ്കൃത സ്കോളർഷിപ്പ്, അധികപഠന സഹായിയുടെ നിർമ്മാണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കായുള്ള ചോദ്യപേപ്പർ തയ്യാറാക്കലും വിതരണം ചെയ്യലും, സംസ്കൃത കൗൺസിൽ സെക്രട്ടറിമാർക്കായുള്ള ഏകദിന പരിശീലനം, സംസ്കൃത പുസ്തകങ്ങൾ വാങ്ങൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന പരിപാടികൾ | 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 36.43 ലക്ഷം രൂപ ചെലവഴിച്ചു. |
| (4) ഗണിത ശാസ്ത്രം, സയൻസ്, സാമൂഹിക ശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ | വിദ്യാർത്ഥികളിൽ ശാസ്ത്രീയവബോധം സൃഷ്ടിക്കുക, സയൻസ്, ഗണിതശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നിവ മികച്ച രീതിയിൽ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സയൻസ് സെമിനാറുകൾ, ക്വിസ് മൽസരങ്ങൾ, സയൻസ് ഫെയർ, | 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 42.27 ലക്ഷം രൂപ ചെലവഴിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | കമ്പ്യൂട്ടർ ഫെയർ, വിദ്യാർത്ഥികൾക്കായുള്ള സയൻസ് നാടക മത്സരങ്ങൾ, ഉപന്യാസ മത്സരം തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്നു. ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സയൻസ് ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്ന പരിപാടിയും ഈ പദ്ധതിയുടെ ഭാഗമാണ്. | | |
| (5) പൊതു വിദ്യാഭ്യാസ വകുപ്പിലേയും അതിന്റെകീഴിൽ പ്രവർത്തിക്കുന്ന കാര്യാലയങ്ങളിലേയും ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ | പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. | 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | 3.93 ലക്ഷം രൂപ ചെലവഴിച്ചു. |
| (6) ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ | ഇംഗ്ലീഷ് ഭാഷ പ്രായോഗികമായി സ്വായത്തമാക്കുക, ഭാഷയുടെ ശരിയായ ഉപയോഗം, ഭാഷയോടുള്ള നവീനമായ സമീപനം എന്നിവയിലൂടെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകരെ വിദഗ്ദ്ധരാക്കുവാൻ പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം | 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 18 ലക്ഷം രൂപ ചെലവഴിച്ചു. |
| (7) പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ (വിഭിന്നശേഷിയുള്ള കുട്ടികൾക്ക്) | ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ദ്വിവൽസര ഡിപ്ലോമ കോഴ്സ് സർക്കാർ സ്പെഷ്യൽ സ്കൂളുകളിൽ ആരംഭിക്കുന്നതാണ്. ഒരു ബാച്ചിൽ 25 കുട്ടികൾക്ക് പ്രവേശനം നൽകുന്നതാണ്. കോഴ്സുകൾ നടത്തുന്നതിനും കെട്ടിട നിർമ്മാണത്തിനും വേതനത്തിനും മറ്റു ചെലവുകൾക്കും ആയി പ്രസ്തുത തുക ഉപയോഗിക്കുന്നു. | 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. |

| (1) | (2) | (3) | (4) |
|---|---|---|---|
| (8) അന്തർദേശീയ ദ്രാവിഡഭാഷാ സ്ഥാപനം | ദ്രാവിഡ പഠനങ്ങളുമായി ബന്ധപ്പെട്ട തനത് സൃഷ്ടികൾ ഏറ്റെടുക്കുകയും സംഘടിപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതോടൊപ്പം ദ്രാവിഡഭാഷ, കല, വാസ്തുവിദ്യ, ചരിത്രം, ഫിലോസഫി, സംസ്കാരം, മതം, പട്ടികവർഗ്ഗ സംസ്കാരം എന്നീ മേഖലകളിൽ നൂതന ഗവേഷണങ്ങൾ നടത്തുക എന്നിവയാണ് ഈ പദ്ധതികളുടെ പ്രധാനലക്ഷ്യങ്ങൾ. ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങളും ജേർണലുകളും വാങ്ങുന്നതിനും കമ്പ്യൂട്ടർ അപ്ഗ്രഡേഷൻ, ഡാറ്റാ ബാങ്ക്, ശില്പശാല, ഓറിയന്റേഷൻ കോഴ്സ്, സെമിനാർ തുടങ്ങിയവയ്ക്കായി ടി തുക വിനിയോഗിക്കുന്നത്. | 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | 15 ലക്ഷം രൂപ ചെലവഴിച്ചു. |
| (9) അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സൗകര്യം മെച്ചപ്പെടുത്തൽ | സംസ്ഥാനത്തെ 24 സർക്കാർ അദ്ധ്യാപന പരിശീലന സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികളും, സംരക്ഷണ പ്രവർത്തനം ലബോറട്ടറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ഫിസിയോളജിക്കൽ ലാബ്, എഡ്യൂക്കേഷൻ ടെക്നോളജി/വിവര സാങ്കേതികവിദ്യ, കലാകായിക ഉപകരണങ്ങൾ, ലൈബ്രറി വികസനം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന പരിപാടികൾ. | 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ജനുവരി മാസത്തോടെ പദ്ധതി പൂർത്തിയാകുന്നതാണ്. |
| IV. 2202-02-109-70 സ്കൂൾ വിദ്യാഭ്യാസം വിദ്യാർത്ഥി കേന്ദ്രീകൃതം | | | |
| (1) സെക്കന്ററി സ്കൂളുകളുടെ പ്രവൃത്തി പരിശീലന പരിപാടി. | വിദ്യാർത്ഥികളുടെ കഴിവ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഉപകരണങ്ങളും അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കാൻ പരിശീലനം നൽകുക, കായികാദ്ധ്വാനത്തിന് മാന്യമായ സ്ഥാനം | 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ഡിസംബർ മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. എല്ലാ വർഷവും സയൻസ് മേളയോടൊപ്പം പ്രവൃത്തി പരിചയ മേളയും ഉപജില്ല, വിദ്യാഭ്യാസ ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. | | |

പ്രവൃത്തിപരിചയ പരിശീലനം നൽകുന്നതിന് ആവശ്യമായ സംവിധാനവും സ്പെഷ്യൽ ടീച്ചർമാരുമില്ലാത്തത് വലിയൊരു പോരായ്മയാണെന്ന് സമിതി അംഗം ചൂണ്ടിക്കാട്ടി. 'ആശ്വാസ്' സ്കൂളുകൾ വരുന്നതോടുകൂടി അടുത്ത അദ്ധ്യയനവർഷം മുതൽ അതിന്റെ പരിധിയിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് ഒരു ടൈം ഷെഡ്യൂൾ വച്ച് പരിശീലനം നൽകാനാകുമെന്ന് സമിതി ചെയർമാൻ അറിയിച്ചു. ആശ്വാസ് സ്കൂളുകൾ വരുന്നതോടുകൂടി കായിക പരിശീലനം നൽകുന്നതിനും സ്പെഷ്യലൈസ്ഡ് അദ്ധ്യാപകരെ നിയമിക്കുന്നതിനും കഴിയുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

| | | | |
|---|---|---|---|
| (2) പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോൽസാഹിപ്പിക്കൽ | 7-ാംക്ലാസ്സിൽ 75 ശതമാനവും അതിൽ കൂടുതലും മാർക്ക് വാങ്ങി വിജയിച്ച് 8-ാം തരത്തിൽ പഠിക്കുന്ന പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. | 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 38.14ലക്ഷം രൂപ ചെലവഴിച്ചു. |
| (3) കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം. | 75,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികളിൽ നിന്നും പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപ വരെ ധനസഹായം നൽകുന്നതാണ്. സബ് ജില്ലാ കലോത്സവത്തിലെ വിദ്യാർത്ഥികളുടെ മികവ് കണക്കിലെടുത്താണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. | 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 49.5 ലക്ഷം രൂപ ചെലവഴിച്ചു. |

വിദ്യാർത്ഥികൾക്ക് 10,000 രൂപ വരെ ധനസഹായം ചില ഐറ്റങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മാത്രം വീതിച്ചുകൊടുക്കാൻ പാടില്ലെന്നും അർഹരായ എല്ലാ കുട്ടികൾക്കും ഒരുപോലെ വിതരണം ചെയ്യേണ്ടതാണെന്നും ഏത് വിഭാഗത്തിന് എത്ര രൂപവീതം നൽകി എന്നറിഞ്ഞാൽ മാത്രമേ അപാകതകൾ വന്നിട്ടുണ്ടോ എന്നറിയാൻ കഴിയൂ എന്നും അഭിപ്രായപ്പെട്ട സമിതി ചെലവഴിച്ചു എന്നു പറയുന്ന 49.5 ലക്ഷം രൂപ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ സ്കൂളുകളിലെ കുട്ടികൾക്ക് എത്ര രൂപവീതം വിതരണം ചെയ്തു എന്നുള്ള വിശദവിവരം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

| (1) | (2) | (3) | (4) |
|---|---|---|---|
| (4) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം | മാനസികമായി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയാണ് ഇത്. ഈ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും മറ്റു അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിനുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. ബഡ് സ്കൂളുകളുടെ പ്രവർത്തനത്തിനും തുക ഉപയോഗിക്കുന്നതാണ്. | 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. ഡിസംബർ ജനുവരി മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (5) വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം (പ്രത്യേകശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾ | ഒന്നു മുതൽ എട്ടാം ക്ലാസ് വരെയുള്ള പ്രത്യേകശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പുസ്തകങ്ങൾക്കും സ്റ്റേഷനറിക്കുമായി 400 രൂപയും യൂണിഫോം അലവൻസായി 200 രൂപയും യാത്രാ അലവൻസായി 500 രൂപയും പ്രതിവർഷം നൽകുന്നു. കൂടാതെ അംഗവൈകല്യമുള്ള കുട്ടികൾക്ക് എസ്കോർട്ട് അലവൻസായി 750 രൂപയും കാഴ്ചയില്ലാത്തവർക്ക് വായന അലവൻസായി 500 രൂപയും പ്രതിവർഷം നൽകി വരുന്നു. | 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ഭരണാനുമതി നൽകി കഴിഞ്ഞു. ഡിസംബർ മാസത്തോടെ തുക അനുവദിക്കുന്നതാണ്. |

പ്രസ്തുത സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി സാമ്പത്തികവർഷവും അദ്ധ്യയന വർഷവും അവസാനിക്കാറായിട്ടും അലോട്ട് ചെയ്ത തുകയ്ക്ക് ഭരണാനുമതി നൽകിയതല്ലാതെ ആർക്കും ഇതുവരെ തുക നൽകാത്തത് എന്തുകൊണ്ടെന്ന സമിതിയുടെ ചോദ്യത്തിന് മെഡിക്കൽ ക്യാമ്പ് നടത്തിയതിന് ശേഷമേ തുക നൽകാൻ കഴിയുകയുള്ളൂവെന്നും മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി സ്പെഷ്യൽ ഡോക്ടർമാരെ കിട്ടാതെ വരുന്നതുകൊണ്ടാണ് താമസം നേരിടുന്നതെന്നും അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ മറുപടി നൽകി. ബഡ്ജറ്റിൽ അനുവദിച്ച തുക ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് വന്ന് ഭരണാനുമതിയും ലഭിച്ചുവരുമ്പോൾ സാമ്പത്തികവർഷത്തിന്റെ അവസാന ക്വാർട്ടറാകുകയെന്നത് ഒരു പ്രശ്നമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

| | | | |
|---|---|---|---|
| (6) ബഹുതല പഠനകേന്ദ്രങ്ങൾ (എംജിഎൽസി) | പ്രാന്തപ്രദേശങ്ങളിലെയും വനവാസ മേഖലയിലെയും കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ബഹുതല പഠനകേന്ദ്രങ്ങൾ അഥവാ | 275 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 183.9 ലക്ഷം രൂപ ചെലവഴിച്ചു |

| (1) | (2) | (3) | (4) |
|---|---|---|---|
| | നൂതന വിദ്യാഭ്യാസ കേന്ദ്രങ്ങൾ. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനും ഗ്രാന്റിന്റെ സംരക്ഷണം, പഠനോപകരണങ്ങൾ വാങ്ങുന്നതിലേക്കും, ഉച്ചഭക്ഷണത്തിലുള്ള അനിശ്ചിതാവസ്ഥ മാറ്റുക എന്നിവയ്ക്കായി ടി തുക വിനിയോഗിക്കുന്നു. | | |
| (7) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ നവീകരിക്കുക | പ്രീ-പ്രൈമറി ക്ലാസ്സുകളുടെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ടുകൊണ്ട് 2012-13-ൽ ആരംഭിച്ച പദ്ധതിയാണിത്. കുട്ടികൾക്ക് അനുയോജ്യമായ ക്ലാസ്സ് മുറികൾ, വിനോദ ഉപാധികൾ തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിലൂടെ കൂടുതൽ കുട്ടികളെ ക്ലാസ്സുകളിലേക്ക് ആകർഷിക്കുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. | 87 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ഡിസംബർ മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ്. |

കേരളത്തിൽ എത്ര പ്രീ-പ്രൈമറി സ്കൂളുകൾ ഉണ്ട് എന്നുള്ള ജില്ലതിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

| | | | |
|---|---|---|---|
| V. 2202-01-112-92 വിദ്യാർത്ഥികൾക്ക് പാൽ വിതരണം | വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യവും എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉച്ചഭക്ഷണ പദ്ധതിയിൽ അംഗങ്ങളായ 8-ാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപ് 150 മില്ലീലിറ്റർ തിളപ്പിച്ച് പഞ്ചസാരയിട്ട പാൽ നൽകുന്നതാണ്. 28 ലക്ഷത്തിലധികം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. | 7400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | 1704.01 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| VI. 2202-02-001-85 സ്കൂൾ വിദ്യാഭ്യാസ നവീകരണം | | | |
| (1) വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണം | പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടറേറ്റ് , ടെസ്റ്റ് ബുക്ക് ഓഫീസുകൾ, ടെസ്റ്റ് ബുക്ക് ഡിപ്പോകൾ, സൂപ്പർ ചെക്ക് | 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ജനുവരി മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | ഓഫീസുകൾ എന്നിവ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടുകൂടി നവീകരിക്കാൻ ഉദ്ദേശിക്കുന്നു. | | |
| (2) പരീക്ഷാ ഭവന്റെ വിപുലീകരണം | നിലവിലുള്ള പരീക്ഷാഭവൻ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ 3 പരീക്ഷാബോർഡുകളും സംയോജിപ്പിച്ച് ഒരു പൊതു പരീക്ഷാ ബോർഡിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നു. പരീക്ഷാഭവനിൽ ഇപ്പോഴുള്ള ഭൗതിക സാഹചര്യങ്ങളെല്ലാം ഇതിനു വേണ്ടി ഉപയോഗിക്കുന്നതാണ്. പരീക്ഷാ ഭവനുവേണ്ടി അധികമായി നിർമ്മിച്ച കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനമാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. | 103 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | |
| (3) ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾ ശക്തിപ്പെടുത്തൽ | 38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും മതിയായ കമ്പ്യൂട്ടറുകൾ, ഫോട്ടോ കോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഫർണീച്ചറുകൾ, ഓഫീസ് സാമഗ്രികൾ, വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, അറ്റകുറ്റപ്പണികൾ എന്നിവ ഏർപ്പെടുത്താനുള്ളതാണ് ഈ പദ്ധതി. | 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | പദ്ധതി ഡിസംബർ മാസത്തിൽ നടപ്പിലാക്കുന്നതാണ്. |
| (4) അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്കുള്ള പ്രോത്സാഹന സമ്മാനങ്ങൾ | അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അദ്ധ്യാപകരക്ഷാകർതൃ സമിതികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഉപജില്ലാ തലത്തിൽ 10,000 രൂപാ ക്രമത്തിലും (163 എണ്ണം) ജില്ലാ തലത്തിൽ 25,000 രൂപാ ക്രമത്തിലും (38 എണ്ണം) റവന്യൂ ജില്ലാ തലത്തിൽ ഒരു ലക്ഷം രൂപാ ക്രമത്തിലും (14 എണ്ണം) പ്രോത്സാഹന സമ്മാനം നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു. | 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 90 ലക്ഷം രൂപയും ചെലവഴിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | സംസ്ഥാനതലത്തിൽ ഒന്നാം സമ്മാന മായി 5 ലക്ഷം രൂപയും രണ്ടാം സമ്മാന മായി 4 ലക്ഷം രൂപയും മൂന്നാം സമ്മാന മായി 3 ലക്ഷം രൂപയും നാലാം സമ്മാ നമായി 2 ലക്ഷം രൂപയും അഞ്ചാം സമ്മാനമായി 1 ലക്ഷം രൂപയും നൽകു ന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. | | |
| VII. 2204-00-800-98-36 ഭാരത സ്കൗട്ട്സ് ആന്റ് ഗൈഡ്സ് | ഭാരത സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ പതിവ് പരിശീലന പരിപാടികൾ നടത്തു ന്നതിന് ടി തുക വിനിയോഗിക്കുന്നു. | 30 ലക്ഷം രൂപ അനുവദിച്ചു. | 30 ലക്ഷം രൂപയും ചെലവഴിച്ചു. |
| VIII. 2204-00-800-90 കായിക പ്രവർത്തനങ്ങൾക്കായി ധനസഹായം | ദേശീയ സ്കൂൾ കായിക മേളയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് പ്രോത്സാഹനമായി 25,000 രൂപ 20,000 രൂപ 15,000 രൂപ എന്ന ക്രമത്തിൽ അവാർഡുകൾ ടി പദ്ധതിയി ലൂടെ നൽകിവരുന്നു. | 40 ലക്ഷം രൂപ അനുവ ദിച്ചു. | ഡിസംബർ മാസത്തോടെ പദ്ധതി നട പ്പിലാക്കുന്ന താണ്. |

**100% കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| | | | |
|---|---|---|---|
| 2204-00-800-90 വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ജില്ലാതല ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക | ഓരോ റവന്യൂ ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് എഡ്യൂക്കേഷണൽ ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനുള്ള കേന്ദ്ര സഹായം. | 2222 ലക്ഷം രൂപ വകയി രുത്തിയിട്ടു ണ്ട്. | 507.93 ലക്ഷം രൂപ ചെലവ ഴിച്ചു. |

507 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് ചൂണ്ടിക്കാട്ടിയ സമിതി അതിന്റെ കാരണം ആരാഞ്ഞു. ശമ്പള ഇനത്തിലുള്ള 9 കോടി രൂപ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് എന്ന് ഉദ്ദേശിക്കുന്നത് DIET ആണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി. ശമ്പളംകൂടി ഉൾപ്പെടുത്തിയാലും ചെലവഴിച്ച തുക വളരെ കുറവാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

| | | | |
|---|---|---|---|
| (2) 2235-02-101-95 വികലാംഗർക്കുള്ള ഏകീകൃത വിദ്യാഭ്യാസം | ദേശീയ വിദ്യാഭ്യാസനയത്തിൽ വിഭാവന ചെയ്തിരിക്കുന്നവിധം ഉപകരണങ്ങൾ വാങ്ങി വികലാംഗരായ കുട്ടികൾക്ക് വിതരണംചെയ്യുക, നഴ്സറി വിദ്യാഭ്യാസം ആരംഭിക്കുക, മാതാപിതാക്കൾക്ക് | 2904.82 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. | 947.94 ലക്ഷം രൂപയും ചെലവഴിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | ഉപദേശം നൽകുക, അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുക എന്നിവയാണ് ടി പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ 400 രൂപാ നിരക്കിൽ പുസ്തകങ്ങളും സ്റ്റേഷനറി സാധനങ്ങളും വാങ്ങുന്നതിനുള്ള അലവൻസ്, 200 രൂപാ നിരക്കിൽ യൂണിഫോം അലവൻസ്, അകമ്പടി പോകുന്നവരുടെ ചെലവിലേക്ക് 750 രൂപാ നിരക്കിലും 500 രൂപ നിരക്കിൽ യാത്രാ ചെലവ്, 500 രൂപ നിരക്കിൽ റീഡിംഗ് അലവൻസ് എന്നിവയും നൽകിവരുന്നു. | | |

ഫണ്ട് ചെലവഴിക്കുന്നതിനുള്ള കാലാവധി അവസാനിക്കാറായിട്ടും 9 കോടി രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു.

| | | | |
|---|---|---|---|
| (3) 2202-80-800-75 മദ്രസ വിദ്യാഭ്യാസം നവീകരിക്കൽ | 439 മദ്രസ്സകളിലെ 2 പ്രൈമറി അദ്ധ്യാപകരിൽ ഒരാൾക്ക് 3,000 രൂപ വച്ച് ഒരു വർഷത്തേക്കുള്ള ശമ്പളത്തിനും ബുക്ക് ബാങ്കുകൾ സജ്ജമാക്കുകയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. | 3928 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 3181.66 ലക്ഷം രൂപയും ചെലവഴിച്ചു |
| (4) 2202-02-107-92 മീൽസ്-കം-മെരിറ്റ് സ്കോളർഷിപ്പിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും | അർഹത നേടുന്ന വിദ്യാർത്ഥിക്ക് പ്രസ്തുത സ്കോളർഷിപ്പ് 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെ ലഭിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ടിലേക്ക് പ്രതിവർഷം 6000 രൂപ എന്ന ക്രമത്തിൽ (1500×4) ആകെ 24,000 രൂപ ഒരു വിദ്യാർത്ഥിക്ക് ആനുകൂല്യമായി ലഭിക്കുന്നു. സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന ലിസ്റ്റിൽ നിന്നും ഉയർന്ന മാർക്കുള്ള കുട്ടികളെ പ്രതിവർഷം ഇതിനായി തിരഞ്ഞെടുക്കുന്നു. അർഹരായ വിദ്യാർത്ഥികൾക്കുള്ള ഈ തുക കേന്ദ്ര മാനവശേഷി വികസന വകുപ്പ് നേരിട്ട് അവരവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. | 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | |

| (1) | (2) | (3) | (4) |
| --- | --- | --- | --- |

സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ എന്ന് ആരാഞ്ഞതിന് ഡയറക്ട് പേയ്മെന്റാണെന്നും കേന്ദ്ര മാനവശേഷി വികസന വകുപ്പ് നേരിട്ട് കുട്ടികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി. ഡി.പി.ഐ. നൽകുന്ന കുട്ടികളുടെ ലിസ്റ്റിൽ നിന്നും എത്ര കുട്ടികൾക്ക് എം.എച്ച്.ആർ.ഡി. തുക കൊടുത്തുവെന്നും അവർക്ക് നൽകിയ തുക എത്രയാണെന്നും എത്ര രൂപ ചെലവഴിച്ചു എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

| | | | |
| --- | --- | --- | --- |
| (5) 2202-02-107-91 സെക്കണ്ടറി വിദ്യാഭ്യാസതലത്തിൽ വിദ്യാർത്ഥിനികൾക്കുള്ള ഇൻസെന്റീവ് | ഒൻപതാം സ്റ്റാന്റേർഡിൽ പഠിക്കുന്ന വിവാഹിതരാകാത്ത 16 വയസ്സിന് താഴെയുള്ള എല്ലാ എസ്.സി./എസ്.ടി. പെൺകുട്ടികൾക്കും, കസ്തൂർബാഗാന്ധി വിദ്യാലയത്തിൽ നിന്നും 8-ാം ക്ലാസ് പാസ്സായശേഷം ഈ അധ്യായന വർഷത്തിൽ ഏതെങ്കിലും ഗവ./എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥിനികൾക്കും എസ്.സി./എസ്.ടി. ഭേദമന്യേ ഈ സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ ഓരോ വിദ്യാർത്ഥിനിയുടേയും പേരിൽ സ്കോളർഷിപ്പ് തുകയായ 3,000 രൂപ ബാങ്കിൽ നിക്ഷേപിക്കുകയും 18 വയസ്സ് പൂർത്തിയാകുകയും പത്താം ക്ലാസ്സ് വിജയിക്കുകയും ചെയ്യുമ്പോൾ ഈ തുക തിരിച്ചെടുക്കാവുന്നതുമാണ്. വിദ്യാർത്ഥിനികൾക്കുള്ള ഈ തുക കേന്ദ്ര മാനവശേഷി വികസന വകുപ്പ് നേരിട്ട് അവരവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. | 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | |

സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി 16 വയസ്സിൽ വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം ഉള്ളപ്പോൾ വിവാഹിതരാകാത്ത 16 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾ എന്ന് നോട്ടിൽ പറഞ്ഞിരിക്കുന്നത് ശരിയല്ലെന്നും ആ പരാമർശം മാറ്റണമെന്നും നിർദ്ദേശിച്ചു.

| | | | |
| --- | --- | --- | --- |
| (6) 2202-02-800-51-35 സ്വകാര്യ എയ്ഡഡ്/ അൺഎയ്ഡഡ് ന്യൂനപക്ഷ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം (IDMI) | ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന അംഗീകൃത എയിഡഡ് അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനമാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്. | 3047 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | |

| (1) | (2) | (3) | (4) |
|---|---|---|---|

കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്ന പദ്ധതികൾക്ക് അയയ്ക്കുന്ന അപേക്ഷകൾ സംസ്ഥാന തലത്തിൽ ആവശ്യമുള്ള പരിശോധന നടത്താതെ പോകുന്നത് ശരിയല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കൊന്നും തുക ചെലവഴിച്ച വിശദാംശങ്ങൾ നൽകിയിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു.

**90% കേന്ദ്രാവിഷ്കൃത പദ്ധതി**

| | | | |
|---|---|---|---|
| (1) 2202-01-101-81 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം | വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്ന വിദ്യാഭ്യാസ അവകാശം ആക്ട് 2009 അനുസരിച്ച് 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസമാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത് | 17000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | |

**75% കേന്ദ്രാവിഷ്കൃത പദ്ധതി**

| | | | |
|---|---|---|---|
| (1) 2202-02-107-93-12 ന്യൂനപക്ഷ വിഭാഗത്തിലെ പ്രീമെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരും കഴിഞ്ഞ വാർഷിക പരീക്ഷയിൽ 50 ശതമാനമോ അതിനു മുകളിലോ മാർക്ക് ലഭിച്ച വിദ്യാർത്ഥികളിൽനിന്നുമാണ് ഈ സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. ഒരു കുട്ടിക്ക് 1,000 രൂപയാണ് സ്കോളർഷിപ്പ് തുക | 8700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ് |

**50% കേന്ദ്രാവിഷ്കൃത പദ്ധതി**

| | | | |
|---|---|---|---|
| (1) 2202-02-109-72 രാഷ്ട്രീയ മാധ്യമിക ശിക്ഷാഅഭിയാൻ (RMSA) | സെക്കന്ററി തലത്തിൽ ഗുണ നിലവാരമുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥിനികൾക്കും പ്രാപ്യവും, താങ്ങാൻ പറ്റാവുന്നതുമാക്കാനായി ആരംഭിച്ച പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, പ്രവേശനം, നീതി, ഗുണമേന്മ എന്നിവ ലഭ്യമാക്കുകയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പുതിയ സെക്കന്ററി സ്കൂളുകൾ ആരംഭിക്കുക, നിലവിലുള്ള സ്കൂളുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നിവയാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. | 3000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|

## ഹയർ സെക്കന്ററി വിദ്യാഭ്യാസം (HSE)

2013-14 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികൾക്കായി ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന് ആകെ 7190 ലക്ഷം രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഓരോ പദ്ധതിയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| (1) | (2) | (3) | (4) |
|---|---|---|---|
| 1.2202-02-109-74 വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ | ഹയർ സെക്കന്ററി സ്കൂളുകളിലെ കരിയർ ഗൈഡൻസ് യൂണിറ്റുകൾ, സൗഹൃദ ക്ലാസുകൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പരിശീലനം എന്നിവയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. | 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 314 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (2) 2202-02-105-95 ഫാക്കൽറ്റി വികസനം ഉൾപ്പെടുന്ന വിദ്യാഭ്യാസ പരിപാടി | ഹയർ സെക്കന്ററി അധ്യാപകരുടെ പരിശീലനമാണ് ടി പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. (1200 അദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം നൽകുകയുണ്ടായി) | 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 475 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. |
| (3) 2202-02-107-94 ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | പഠനത്തിൽ മികവ് പുലർത്തുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുകയാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്. 10320 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. | 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 516 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

പ്രസ്തുത സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി സ്കോളർഷിപ്പിനായി കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് ആരാഞ്ഞു. ആയതിനു മറുപടിയായി പ്രിൻസിപ്പൽ ചെയർമാനും പി.ടി.എ. പ്രസിഡന്റും മറ്റ് അംഗങ്ങളും അടങ്ങിയ ഒരു സെലക്ഷൻ കമ്മിറ്റി ഇതിനുണ്ടെന്നും ബി.പി.എൽ. കുടുംബത്തിൽപ്പെട്ട കുട്ടികളെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഈ കമ്മിറ്റി തിരഞ്ഞെടുക്കുമെന്നും അതിൽ 10320 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

| | | | |
|---|---|---|---|
| (4) 2202-02-109-73 ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ നവീകരണം | ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെയും റീജിയണൽ ഓഫീസുകളുടെയും നവീകരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. | 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| (5) 4202-01-202-91 അടിസ്ഥാന സൗകര്യ വികസനം | സംസ്ഥാനത്തെ 39 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. ടി തുക കൈകാര്യം ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിനോട് നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടങ്ങുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. | 5600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് | ഭരണാനുമതി നൽകി കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് |

**വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം (VHSE)**

2013-14 സാമ്പത്തികവർഷത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിനായി 1000 ലക്ഷം രൂപയാണ് വിവിധ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| (1) 2202-00-195-34 OC Plan | വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ഓൺ ദി ജോബ് ട്രെയിനിംഗ് (OJT) വൊക്കേഷണൽ വിഷയങ്ങളുടെ കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള ഡെവലപ്മെന്റ് ഓഫ് ഇവാലുവേഷൻ സ്ട്രാറ്റജി എന്ന പദ്ധതി വിദ്യാർത്ഥികൾക്ക് പ്രിന്റിംഗിൽ പരിശീലനം നൽകുന്നതിനും, അതിനായി പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനുള്ള മോഡേണൈസേഷൻ ഓഫ് പ്രിന്റിംഗ് ടെക്നോളജി, വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസന പരിപാടികളായ കരിയർ ഗൈഡൻസ്, ആരോഗ്യ പരിപാലനം, തുടങ്ങിയവ ഉൾക്കൊള്ളുന്ന സ്റ്റുഡൻസ് സെൻട്രിക് പ്രോഗ്രാം എന്നീ പദ്ധതികൾക്കാണ് പ്രസ്തുത പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. | 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 210 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

ഓൺ ദി ജോബ് ട്രെയിനിംഗ് എന്താണ് എന്ന സമിതിയുടെ ചോദ്യത്തിന് രണ്ടാംവർഷം അവസാനമാകുമ്പോൾ കോഴ്സിൽ പ്രാവീണ്യം നേടുന്നതിനുവേണ്ടി കൊടുക്കുന്ന 10 ദിവസം നീണ്ടുനിൽക്കുന്ന തുടർച്ചയായ സ്പെഷ്യൽ ട്രെയിനിംഗ് ആണ് ഇതെന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വേണ്ടവർക്കും ഫീൽഡ് ട്രെയിനിംഗ് വേണ്ടവർക്ക് ആയത് പ്രത്യേകം പ്രത്യേകം ആണ് നൽകുന്നതെന്നും വി.എച്ച്.എസ്.ഇ. ഡയറക്ടർ മറുപടി നൽകി.

| (1) | (2) | (3) | (4) |
|---|---|---|---|
| (1) 4202-01-202-92 Plan അടിസ്ഥാന സൗകര്യ വികസനം | വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ടി തുക വിനിയോഗിക്കുന്നു. പൊതുമരാമത്ത് വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്. | 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | ഭരണാനുമതി നൽകിക്കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

**എസ്.സി.ഇ.ആർ.ടി.**

2013-14 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികൾക്കായി എസ്.സി.ഇ.ആർ.ടി.-ക്ക് ആകെ 900 ലക്ഷം രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 2202-80-004-91-34 Plan | പാഠപുസ്തക പരിഷ്കരണം, സ്കോളർഷിപ്പ് പരീക്ഷകൾ നടപ്പിലാക്കുക, അധ്യാപകർക്കുള്ള കൈപുസ്തകങ്ങൾ, വിഭവ സിഡികൾ, അധ്യാപകപരിശീലനം, ഗണിതശാസ്ത്ര പഠനം ഫലപ്രദമാക്കുന്നതിനുള്ള ന്യൂമാത്സ് പദ്ധതി, കാഴ്ചസംബന്ധമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സോഫ്റ്റ്വെയർ തയ്യാറാക്കൽ എന്നീ പദ്ധതികൾക്കുവേണ്ടിയാണ്. എസ്.സി.ഇ.ആർ.ടി.-ക്ക് തുക വകയിരുത്തിയിരിക്കുന്നത്. | 900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 311 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

**കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി**

2013-14 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികൾക്കായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് ആകെ 1600 ലക്ഷം രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 2202-04-103-98-31 Grant-in-aid-general salary(Plan) KSLMA | ജില്ലാ സംസ്ഥാനതല തുടർവിദ്യാഭ്യാസ കലോത്സവങ്ങൾ, അദ്ധ്യാപകപരിശീലനങ്ങൾ, പ്രേരക് പരിശീലനങ്ങൾ, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ അതുല്യം പദ്ധതി, ഹയർ സെക്കന്ററി തുല്യതാ പരിപാടി, ദേശീയ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന വികസനം അക്ഷര ലക്ഷം, ആദിവാസി സാക്ഷരത എന്നിവയ്ക്കാണ്. പ്രസ്തുത പദ്ധതിയിലൂടെ തുക വകയിരുത്തിയിരിക്കുന്നത്. | 1600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | 430.62 ലക്ഷം രൂപ ടി പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|

## സർവ്വ ശിക്ഷാ അഭിയാൻ (SSA)

2013-14 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികൾക്കായി സർവ്വശിക്ഷാ അഭിയാന് സംസ്ഥാന ബജറ്റിൽ 600 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 2202-01-111-99 Plan State Budget Share | എല്ലാ ഇംഗ്ലീഷ് അദ്ധ്യാപകരേയും ബ്രിട്ടീഷ് കൗൺസിൽ മുഖേന പരിശീലിപ്പിക്കുക, സൗജന്യ പാഠപുസ്തക വിതരണം, സൗജന്യ യൂണിഫോം വിതരണം, കമ്മ്യൂണിറ്റി മൊബലൈസേഷൻ ആന്റ് ഓറിയന്റേഷൻ പ്രോഗ്രാം, കമ്പ്യൂട്ടർ എയിഡഡ് ലേണിംഗ്, പെൺകുട്ടികളുടെ വിദ്യാഭ്യാസം, ന്യൂനപക്ഷ വിദ്യാഭ്യാസം എന്നിവയാണ് സർവ്വ ശിക്ഷാ അഭിയാൻ നടപ്പിലാക്കുന്ന പദ്ധതികൾ. | 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 140 ലക്ഷം രൂപ ടി പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |

## സീമാറ്റ് (SIEMAT)

2013-14 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികൾക്കായി സീമാറ്റിന് സംസ്ഥാന ബജറ്റിൽ 250 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 2202-80-004-89 36—Plan SIEMAT | സീമാറ്റ് കേരളയെ സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രം) ആയി ഉയർത്തുന്നതിന്റെ ഒന്നാംഘട്ടം, നിയമസഭാമണ്ഡലങ്ങളിൽ സമഗ്രവികസന പദ്ധതി സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും പ്രത്യേക മാനേജ്മെന്റ് പരിശീലനം, അന്തർദേശീയ ജേർണൽ പ്രസിദ്ധീകരണം, അന്തർദേശീയ സെമിനാർ, പി.ജി./ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുക എന്നീ പദ്ധതികൾക്കാണ് ടി തുക വകയിരുത്തിയിരിക്കുന്നത്. | 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 135 ലക്ഷം രൂപ ടി പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |

സീമാറ്റിന് അനുവദിച്ച 250 ലക്ഷം രൂപയിൽ ചെലവഴിച്ചതായിപ്പറയുന്ന 135 ലക്ഷം രൂപ എന്തൊക്കെ പദ്ധതികൾക്കായി എപ്രകാരം ചെലവഴിച്ചുവെന്ന് സമിതി ആരാഞ്ഞു. വി.എച്ച്.എസ്.സി. പ്രിൻസിപ്പൽമാർക്ക് ട്രെയിനിംഗ് കൊടുത്തുകഴിഞ്ഞുവെന്നും പ്രൊമോഷൻ ലഭിച്ച് പുതിയതായി എച്ച്.എം. ആയവർക്ക് ട്രെയിനിംഗ് നടക്കുന്നുവെന്നും 45 മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പരിപാടി നടക്കുന്നുണ്ട് എന്നും പ്രൈമറി സ്കൂൾ മുതൽ ഹയർ സെക്കന്ററി വരെയുള്ളവർക്ക് ഈ പ്രോജക്ട് പരിചയപ്പെടുത്തുകയും ഇതോടൊപ്പം മാനേജ്മെന്റ് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു എന്ന് എ.ഒ. സീമാറ്റ് അറിയിച്ചു

സമിതി ഉച്ചയ്ക്ക് ശേഷം 4.00 മണിക്ക് യോഗം പിരിഞ്ഞു.

## 23-1-2014-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2014 ജനുവരി 23-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനു ശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ 'IV എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും വകുപ്പുമന്ത്രി കുമാരി പി.കെ. ജയലക്ഷ്മി പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുത്തു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. എൻ. ജയരാജ് ”
3. ശ്രീ. ജോസഫ് വാഴക്കൻ ”
4. ശ്രീ. റ്റി. വി. രാജേഷ് ”
5. ശ്രീ. പി. സി. വിഷ്ണുനാഥ് ”

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. സുബ്രതാ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, യുവജനകാര്യവകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി കോമളവല്ലി അമ്മ, അഡീഷണൽ സെക്രട്ടറി, യുവജനകാര്യ വകുപ്പ്
4. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(1)-ാം ഉപഖണ്ഡത്തിൽ

(1) "2013" എന്ന അക്കങ്ങൾക്കു പകരം "2014" എന്ന അക്കങ്ങൾ ചേർക്കുക;

(2) "രണ്ടാം" എന്ന വാക്ക് ഒഴിവാക്കുക.

തുടർന്ന് സമിതി 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം 1

(1)-ാം ഉപഖണ്ഡത്തിൽ, "2013" എന്ന അക്കങ്ങൾക്കു പകരം "2014" എന്ന അക്കങ്ങൾ ചേർക്കുക.

ഖണ്ഡം 3

(2)-ാം ഉപഖണ്ഡത്തിൽ, (ബി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(ബി) പതിമൂന്നിൽ കവിയാത്ത അത്രയും എണ്ണം അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും അവരിൽ ഒരാൾ യോഗ്യതയുള്ള ഒരു ലീഗൽ പ്രാക്ടീഷണറും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളും ആയിരിക്കേണ്ടതും മൂന്നുപേരെങ്കിലും വനിതകളും വനിതകളിൽ ഒരാൾ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ആൾ ആയിരിക്കേണ്ടതുമാണ്".

(3)-ാം ഉപഖണ്ഡത്തിൽ "നിയമിക്കപ്പെടുന്ന" എന്ന വാക്കിനുപകരം "നിയമിക്കപ്പെടുമ്പോൾ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4

(5)-ാം ഉപഖണ്ഡം ഒഴിവാക്കുകയും നിലവിലുള്ള (6) മുതൽ (9) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (5) മുതൽ (8) വരെ ആയി പുനരക്കം ചെയ്യുകയും ചെയ്യുക.

ഖണ്ഡം 9

(1)-ാം ഉപഖണ്ഡത്തിൽ,—

1. "പരിപോഷിപ്പിക്കുന്നതും" എന്ന വാക്കിനു പകരം "കഴിവുകൾ പരിപോഷിപ്പിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

2. "ചുമതലകൾ" എന്ന വാക്കിനു പകരം " മറ്റു ചുമതലകൾ" എന്നീ വാക്കുകൾ ചേർക്കുക.

(2)-ാം ഉപഖണ്ഡത്തിൽ,—

1. '(എ)', '(ബി)' എന്നീ ഇനങ്ങൾക്കു പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:

"(എ) യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഭാരതത്തിന്റെ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റുതരത്തിലും ഉള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും

ചെയ്യുക;

(ബി) യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യ വിപത്തുക്കളായ മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഏതു തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ ശിപാർശകൾ നൽകുകയും ചെയ്യുക;";

2. (ഇ) ഇനത്തിൽ "ഏറ്റെടുക്കുകയും ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "ഏറ്റെടുക്കുക" എന്ന വാക്ക് ചേർക്കുക.

3. (ഐ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക;

"(ഐ) യുവാക്കളുടെ അവകാശങ്ങളും സംരക്ഷണവ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിൻമേലും പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്ന പ്രശ്നങ്ങളിന്മേൽ സ്വമേധയായും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക;";

ഖണ്ഡം 10

(1)-ാം ഉപഖണ്ഡത്തിൽ,

(ബി) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(ബി) സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടെയോ ലോക്കൽ അതോറിറ്റികളുടെയോ അനുമതിയോടുകൂടിയും സർക്കാരിന്റെ സമ്മതത്തോടുകൂടിയും അങ്ങനെയുള്ള കോർപ്പറേഷന്റെയോ ലോക്കൽ അതോറിറ്റിയുടെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ,";

(4)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(5) തെളിവെടുപ്പിന്റെ ഭാഗമായി കമ്മീഷൻ മുമ്പാകെ ഒരാൾ അയാളെ സംബന്ധിച്ച് നൽകുന്ന പ്രസ്താവനയോ മൊഴിയോ, അത്തരം പ്രസ്താവനയോ മൊഴിയോവഴി തെറ്റായ തെളിവ് നൽകിയതിനുള്ള പ്രോസിക്യൂഷൻ നടപടിയിൽ ഒഴികെ, ഏതെങ്കിലും സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ ഉള്ള നടപടികളിൽ അങ്ങനെയുള്ള ആൾക്കെതിരായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.";

ഖണ്ഡം 11

മാർജിനൽ ശീർഷകത്തിൽ, "സംഭാവനകൾ, വിഹിതങ്ങൾ" എന്നീ വാക്കുകൾക്കു പകരം "വിഹിതങ്ങൾ, എൻഡോവ്മെന്റുകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ., ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ., ഡോ. കെ. ടി. ജലീൽ, എം.എൽ.എ. എന്നിവർ 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ എന്നിവയിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി വൈകുന്നേരം 6.00 മണിക്ക് യോഗം പിരിഞ്ഞു.

# 19-2-2014-ലെ യോഗ നടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2014 ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ :</u>

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. ജോസഫ് വാഴക്കൻ, ,,
3. ശ്രീ. ഷാഫി പറമ്പിൽ, ,,
4. ശ്രീ. എം. ഉമ്മർ, ,,
5. ശ്രീ. പി. സി. വിഷ്ണുനാഥ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
2. പ്രൊഫ. വി. എൻ. രാജശേഖരൻ പിള്ള, പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, (ഇൻ-ചാർജ്ജ്), പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. കെ. എൻ. സതീഷ്, ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ
5. ശ്രീ. വി. കെ. ബാലകൃഷ്ണൻ, സ്പെഷ്യൽ സെക്രട്ടറി ആന്റ് ഡയറക്ടർ, സി.പി.എം.യു.
6. ശ്രീ. ആർ. എസ്. പുഷ്പകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീ. എൽ. രാജൻ, അഡീഷണൽ ഡി.പി.ഐ.

8. ശ്രീ. ബി. എസ്. മാവോജി, പ്രവേശന പരീക്ഷാ കമ്മീഷണർ

9. ശ്രീ. ഇ. പി. മോഹൻദാസ്, എസ്.പി.ഡി., സർവ്വ ശിക്ഷാ അഭിയാൻ, കേരള

10. ശ്രീ. കെ. പി. നൗഫൽ, ഡയറക്ടർ, സി.സി.ഇ.കെ.

11. ഡോ. പി. എസ്. ശ്രീജിത്, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.

12. ഡോ. പി. കെ. വേലായുധൻ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം

13. ഡോ. ജെ. ലത, ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം

14. ഡോ. എ. മുജീബ്, ജോയിന്റ് ഡയറക്ടർ, എൽ.ബി.എസ്. സെന്റർ

15. ശ്രീ. ജി. അരുൾ ജെറാൾഡ് പ്രകാശ്, ഡയറക്ടർ, കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

16. പ്രൊഫ. സജിത് വിജയരാഘവൻ, മാനേജിംഗ് ഡയറക്ടർ, സി ആപ്റ്റ്

17. പ്രൊഫ. ആർ. ശശികുമാർ, ഡയറക്ടർ (ഇൻ-ചാർജ്ജ്), കെ.എസ്.എൽ.എം.എ.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള 2202, 2203, 3425, 5425 എന്നീ ശീർഷകങ്ങളിന്മേൽ പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, ശാസ്ത്ര സാങ്കേതികം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമായ ധനാഭ്യർത്ഥനകൾ സംബന്ധിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു.

ധനാഭ്യർത്ഥനകൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്യവേ എസ്.സി.ഇ.ആർ.ടി.-യുടെ ഹെഡ്ഡിൽ 2008-09 സാമ്പത്തികവർഷം മുതൽ പദ്ധതിയേതര വിഹിതം വകയിരുത്താത്തതിനാൽ പദ്ധതി വിഹിതം പദ്ധതിയേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടി വരുന്നതു കൊണ്ടാണ് അധിക തുക ആവശ്യപ്പെടേണ്ടി വരുന്നതെന്ന് സെക്രട്ടറി (ഇൻ-ചാർജ്ജ്) അറിയിച്ചു.

സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച ശീർഷകത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് തന്നെ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ പ്ലാൻ പ്രൊപ്പോസൽ നൽകിയതിനാൽ പദ്ധതിയേതര വിഹിതത്തിൽ അധിക തുക അനുവദിക്കണമെന്ന് സെക്രട്ടറി (ഇൻ-ചാർജ്ജ്) ആവശ്യപ്പെട്ടു.

111 ബദൽ സ്കൂളുകളെ എൽ. പി. സ്കൂളുകളാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ അടുത്ത അദ്ധ്യയനവർഷംമുതൽ ബാക്കിയുള്ള സ്കൂളുകളുടെ സ്ഥിതി എന്തായിരിക്കുമെന്ന് സമിതി ആരാഞ്ഞു. പത്ത് കുട്ടികളിൽ താഴെയുള്ള ഏകദേശം 170 ഓളം ബദൽ സ്കൂളുകളാണ് ഇപ്പോഴുള്ളതെന്നും അങ്ങനെയുള്ള മുഴുവൻ എം.ജി.എൽ.സി.-കളേയും എൽ. പി. സ്കൂളാക്കി മാറ്റുന്നതിനായി സ്വന്തമായി അഞ്ച് സെന്റ് സ്ഥലവും സൗകര്യവുമുള്ള 111 ലൊക്കേഷനുകൾ കണ്ടുപിടിച്ച് ക്യാബിനറ്റിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും അതിൽ 36 സ്കൂളുകൾക്കാണ് 35 സെന്റിനു മുകളിൽ സ്ഥലമുള്ളതെന്നും വളരെ കൂടുതൽ കുട്ടികളുള്ള പത്ത് സ്കൂളുകൾ തെരഞ്ഞെടുത്ത് എസ്.എസ്.എ.യുടെ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും കൃത്യമായി അടുത്ത വർഷം ആരംഭിക്കുവാൻ കഴിയുന്ന പത്ത് സ്കൂളുകളുടെ മുൻഗണനാ ലിസ്റ്റ് കൊടുത്തിട്ടുണ്ടെന്നും ബാക്കിയുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള സ്കൂളുകളിലേക്ക് പോകുന്നതിനുള്ള സൗകര്യം ഒരുക്കി കൊടുക്കുകയോ ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളുകളിലേക്ക് കുട്ടികളെ മാറ്റുകയോ ആണ് പ്രാവർത്തികമായി ചെയ്യാൻ കഴിയുന്നത് എന്നും സെക്രട്ടറി (ഇൻ-ചാർജ്ജ്) അറിയിച്ചു.

കുട്ടികൾ കൂടുതലുള്ളതും സ്വന്തമായി സ്ഥലമില്ലാത്തതുമായ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞു. സ്ഥലം ലഭ്യമല്ലാത്ത സ്കൂളുകൾക്ക് പഞ്ചായത്ത് സ്ഥലം കണ്ടു പിടിച്ച് നൽകിയാൽ മാത്രമേ അവിടെ സ്കൂൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതിനായി പഞ്ചായത്ത്, ഗവൺമെന്റ് ഭൂമി കണ്ടെത്തി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായി സെക്രട്ടറി (ഇൻ-ചാർജ്ജ്) അറിയിച്ചു. ഇതിന്മേൽ അടുത്ത അദ്ധ്യയനവർഷം തുടങ്ങുന്നതിനു മുൻപ് തീരുമാനം എടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എ.യുടെ ഭാഗമായി ഫിസിയോതെറാപ്പി നൽകുന്ന സ്കീമുണ്ടായിരുന്നത് നിർത്തി വയ്ക്കേണ്ട ആവശ്യമില്ല എന്ന് അഭിപ്രായപ്പെട്ട സമിതി എല്ലാ സ്കൂളുകളിലും ഫിസിയോ തെറാപ്പി സെന്ററുകൾ ഉണ്ടോ എന്ന് ആരാഞ്ഞു. എസ്.എസ്.എ.യിൽ ബി.ആർ.സി മുഖാന്തിരം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുമായിരുന്നു എന്നും കഴിഞ്ഞ വർഷത്തെ പ്ലാനിൽ മൂന്നു നാല് ഇനങ്ങൾ കേന്ദ്ര ഗവൺമെന്റ് കുറവ് ചെയ്തതിനാൽ ഇത് നൽകാൻ കഴിഞ്ഞില്ല എന്നും സെക്രട്ടറി (ഇൻ-ചാർജ്ജ്) അറിയിച്ചു.

കേരളമൊട്ടാകെ പരിശോധിച്ചാൽ വളരെ കുറച്ച് കുട്ടികൾ മാത്രമേ ഫിസിയോതെറാപ്പിക്കായി വരികയുള്ളൂ. ആയതിനാൽ സ്ഥിരമായി അങ്ങനെ ചെയ്യാൻ കഴിയാത്ത സെന്ററുകൾ നോക്കി എസ്.എസ്.എ.-യിൽ നിന്ന് ഫണ്ട് കിട്ടുന്നില്ല എങ്കിൽ

സ്റ്റേറ്റ് ഫണ്ടുപയോഗിച്ച് ഫിസിയൊ തെറാപ്പി ചെയ്യുവാനുള്ള ഒരു പ്രൊപ്പോസൽ കൊണ്ടു വരണമെന്നും സമിതി നിർദ്ദേശിച്ചു. ഇപ്പോഴുള്ള അദ്ധ്യാപകർക്കു തന്നെ ഇതിന്റെ ട്രെയിനിംഗ് കൊടുക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ജില്ലാ പഞ്ചായത്തുകളിലെ സ്കൂളുകൾക്ക് കൊടുക്കുന്ന ഗ്രാന്റുകൾ മുനിസിപ്പാലിറ്റിയിലെ സ്കൂളുകൾക്ക് കൊടുക്കാറില്ല എന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ എറണാകുളം കോർപ്പറേഷൻ 60 ലക്ഷം രൂപ "ഐ.ടി@സ്കൂൾ" പ്രോജക്റ്റിനു വേണ്ടി കൊടുത്തിട്ടുണ്ടെന്നും അത് മുനിസിപ്പാലിറ്റികളോ ജില്ലാ പഞ്ചായത്തുകളോ ചെയ്യാത്ത കാര്യമാണെന്നും എല്ലാ സേവനങ്ങളും മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിനു വേണ്ടിയും ഇ-ഗവേണൻസ് സർവ്വീസസ് നടത്തുന്നതിനു വേണ്ടിയുമുള്ള സ്പെഷ്യൽ പ്രോജക്ടുകൾ ഉൾപ്പെടെ പല പ്രോജക്ടുകളും മുനിസിപ്പാലിറ്റികൾ ചെയ്യുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

വിവിധ ശീർഷകങ്ങളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ ധനാഭ്യർത്ഥന കളിന്മേൽ താഴെ പറയുന്ന ശിപാർശകൾ സമിതി നിർദ്ദേശിച്ചു:

ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2010 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 2010 മുതലുള്ള യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായും 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ 2009 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത വിതരണം ചെയ്യുന്നതിനായി 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ യാത്രാബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നീ ഇനങ്ങൾക്കായി 51.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന 179 ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്കായും 'ആഴ്ചയിൽ ഒരു മുട്ട' എന്ന പദ്ധതിക്കായും വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 24 ലക്ഷം കുട്ടികൾക്കായി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി

പ്രകാരം മുട്ടയ്ക്ക് 5 രൂപ ക്രമത്തിലും കണ്ടിജൻസി ചെലവ് 40 പൈസ ക്രമത്തിലും കുട്ടികൾക്ക് 40 ആഴ്ച മുട്ട നൽകുന്നതിനായി 1300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2013-14 സാമ്പത്തിക വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ, പി.ടി.എ.-യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകളിലെ 1948 അദ്ധ്യാപകർക്കും 758 ആയമാർക്കുമുള്ള ധനസഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 725 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ (ഡി.പി.ഐ.) മോട്ടോർ വെഹിക്കിൾ റിപ്പയറിംഗിനും കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത വിതരണം ചെയ്യുന്നതിനുമായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനത്തുക നൽകുന്നതിനായി 39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉദ്യോഗസ്ഥരുടെ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ 23053 ജീവനക്കാരുടെ 2008 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് 2008 മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കെട്ടിടങ്ങളുടെ അപര്യാപ്തത രൂക്ഷമാണെന്നും ലബോറട്ടറികൾ വളരെ ശോചനീയമായ അവസ്ഥയിലാണെന്നും മനസ്സിലാക്കിയ സമിതി സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കെട്ടിട നിർമ്മാണത്തിനും ലബോറട്ടറികളുടെ പുനരുദ്ധാരണത്തിനുമായി പദ്ധതിയിനത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ 14.64 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ വർദ്ധിച്ചിരിക്കുന്നതായി വിലയിരുത്തിയ സമിതി ആയതിനായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് 1200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലേക്കും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിലേക്കും ദീർഘയാത്രകൾ ആവശ്യമുള്ളതിനാൽ അനുയോജ്യമായ വാഹനം വാങ്ങുന്നതിലേക്കായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വെള്ളക്കരം കുടിശ്ശിക ഇനത്തിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 14 ലക്ഷം രൂപ നൽകുന്നതിനായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ഹൗസിംഗ് ബോർഡ് കെട്ടിടത്തിലെ 6000 സ്ക്വയർഫീറ്റ് കൂടി ആവശ്യമായതിനാൽ വാടകയിനത്തിൽ 36 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹയർ സെക്കന്ററി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ മൂന്ന് പുതിയ മേഖലാ ഓഫീസുകൾ കൂടി പ്രവർത്തനം ആരംഭിച്ചതിനാൽ പി.ഒ.എൽ. ഇനത്തിൽ 71,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 30,000 രൂപയും ടെലഫോൺ ചെലവ് ഇനത്തിൽ 63,000 രൂപയും മറ്റ് ഇനങ്ങൾക്കായി 1.30 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണികൾ ഇനത്തിൽ 92,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷന്റെ കരിക്കുലം റിവിഷനായി 2013-14 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 5.9 ലക്ഷം രൂപയ്ക്ക് മാത്രമേ ഭരണാനുമതി ലഭ്യമായിട്ടുള്ളൂ എന്നതിനാൽ ബാക്കി 94 ലക്ഷം രൂപ 2014-15-ൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2008-09 മുതൽ നോൺ പ്ലാൻ ശീർഷകത്തിൽ എസ്.സി.ഇ.ആർ.ടി.-ക്ക് തുക ലഭ്യമല്ലാത്തതിനാൽ പ്ലാൻ വിഹിതത്തിൽ നിന്നും തുക ചെലവഴിക്കേണ്ടി വരുന്നതിനാൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് തടസ്സമുണ്ടാകുന്നതായി മനസ്സിലാക്കിയ സമിതി 400 ലക്ഷം രൂപ അധികമായി പദ്ധതിയേതരയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സീമാറ്റ്-കേരളയെ അന്തർദേശീയ നിലവാരത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ആദ്യഘട്ടമായി 2013-14-ൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്ക് പുറമേ 3,47,17,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമേ റിലീസ് ചെയ്തിട്ടുള്ളുവെന്നതിനാൽ 32.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർവ്വ ശിക്ഷാ അഭിയാന്റെ വിവിധ പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് അതുല്യം രണ്ടാംഘട്ടം അക്ഷരലക്ഷം പദ്ധതി, സാക്ഷരതാ നിരക്ക് കുറഞ്ഞ പ്രദേശങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ (അട്ടപ്പാടി) വിഭാഗങ്ങളിലെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനും വേണ്ടിയുള്ള പ്രത്യേക പദ്ധതികളുടെ നിർവ്വഹണത്തിനായി 270 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വിവിധ ശീർഷകങ്ങളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ കുറിപ്പുകൾ ചർച്ച ചെയ്യവേ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ ആരംഭിക്കുന്നതിന് സെൻട്രൽ ഗവൺമെന്റ് നിർദ്ദേശം നല്കിയിരിക്കുകയാണെന്നും സെൽഫ് ഫിനാൻസിംഗ് എന്ന് പറയുമ്പോൾ രക്ഷകർത്താക്കളിൽ നിന്ന് തുക വാങ്ങി യൂണിറ്റ് നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇത്തരത്തിൽ പണം നൽകുവാൻ കഴിയാത്ത രക്ഷകർത്താക്കൾ ഉള്ള സ്ഥലങ്ങളിൽ ഇത് എത്രത്തോളം പ്രാവർത്തികമാകുമെന്ന കാര്യത്തിൽ സംശയമുണ്ടെന്നും വകുപ്പു മേധാവി അറിയിച്ചു. ഗ്രേസ് മാർക്ക് ഉള്ളതിനാൽ പണമുള്ള രക്ഷിതാക്കൾ കുട്ടികളെ ചേർക്കുകയും പാവപ്പെട്ടവർക്ക് അതിന് കഴിയാതെ വരികയും ചെയ്യുമോ എന്നൊരു സംശയമുള്ളതിനാൽ സ്റ്റേറ്റ് അഡ്വൈസറി ബോർഡ് അതിന്മേൽ തീരുമാനമെടുക്കാതിരിക്കുകയാണെന്നും ആയതിനാൽ എൻ.എസ്.എസിന്റെ സുഗമമായ പ്രവർത്തനത്തിന് പദ്ധതിയേതര ഇനമായി കഴിഞ്ഞവർഷം അനുവദിച്ച തുക തന്നെ ഈ വർഷവും അനുവദിക്കണമെന്ന് വകുപ്പ് മേധാവി തുടർന്നറിയിച്ചു. സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ തുടങ്ങണമെന്ന് പറയുമ്പോൾ അൺ എയ്ഡഡ് ഉൾപ്പെടെയുള്ള മറ്റ് സ്കൂളുകൾ ഇതിനായി മുന്നോട്ടു വരികയും അവിടെ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്കും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുകയും അതിലൂടെ എൻ.എസ്.എസിന്റെ ശരിയായ ഉദ്ദേശ്യം ഇല്ലാതാകുകയും ചെയ്യുമെന്ന് സമിതി അഭിപ്രായപ്പെടുകയും താഴെ പറയും പ്രകാരം ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു:

കോളേജ് വികസന സമിതികൾക്ക് മാച്ചിംഗ് ഗ്രാന്റായി നൽകേണ്ടത് കോളേജുകളിലെ സി.ഡി.സി. കളക്ഷന് തുല്യമായ തുകയായതിനാലും ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ വരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഡിജിറ്റൽ ഡാറ്റാ ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഒന്നാം ഘട്ടമായി ഓഫീസിൽ ക്യാമ്പസ് അഡ്മിനിസ്ട്രേഷൻ സോഫ്റ്റ്‌വെയർ സ്ഥാപിക്കൽ,

ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സംവിധാനത്തിൽ ഡിസാസ്റ്റർ സ്റ്റോറേജ് ഉപകരണം ഘടിപ്പിക്കൽ, നെറ്റ് വർക്കിന്റെ വികസനം, സംസ്ഥാന ഡാറ്റ കേന്ദ്രത്തിലെ നിലവിലുള്ള സെർവർ മാറ്റി പുതിയത് സ്ഥാപിക്കൽ, പുതിയ കമ്പ്യൂട്ടറുകൾ വാങ്ങൽ, ഡയറക്ടറേറ്റിൽ ലിഫ്റ്റ് സ്ഥാപിക്കൽ, ടെക്നിക്കൽ ഹൈസ്കൂളിലെയും പോളിടെക്നിക്കുകളിലെയും സ്റ്റാഫുകൾക്ക് പരിശീലനം നൽകൽ, രണ്ട് മേഖലാ ഡയറക്ടറേറ്റ് ഓഫീസുകളിൽ പാർട്ടീഷ്യനിംഗ്, വാഹനഷെഡ്, ചുറ്റുമതിൽ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, പേപ്പർ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ, സോഫ്റ്റ്വെയർ ആധുനീകരണം, ഓഫീസ് ആധുനീകരണം, പരീക്ഷാകേന്ദ്രത്തിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിനായി ഫുൾടൈം എം.ടെക്./പിഎച്ച്.ഡി. കോഴ്സ് സംഘടിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കുക, അദ്ധ്യാപകരുടെ യോഗങ്ങൾ നടത്തുക, എഞ്ചിനീയറിംഗ് കോളേജുകളിൽ സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 275 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്ന പഴക്കമേറിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പോളിടെക്നിക്കുകൾക്ക് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലബോറട്ടറി ഉപകരണങ്ങളും വാങ്ങുന്നതിനും പദ്ധതിയിനത്തിൽ 230 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രവർത്തനം ആരംഭിച്ചിട്ട് 10 വർഷത്തിലധികമായ കോഴിക്കോട്, ഇടുക്കി, വയനാട്, ബാർട്ടൺഹിൽ, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ.-യുടെ നിലവാരത്തിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രത്യേക മേഖലകളിൽ പ്രഗത്ഭരായ ഫാക്കൽറ്റികളെ ഉപയോഗപ്പെടുത്തി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വിദഗ്ദ്ധ ക്ലാസുകൾ സംഘടിപ്പിക്കുന്ന Adjunct faculty സ്കീമിന്റെ നടത്തിപ്പിനും ഫാക്കൽറ്റികളുടെ വേതനം വഹിക്കുന്നതിനുമായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സ്വന്തം കെട്ടിടത്തിലേക്ക് മാറി പ്രവർത്തനം ആരംഭിച്ച ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കുമായി 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ത്രിവൽസര എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളുടെ വിവിധ എഞ്ചിനീയറിംഗ് മേഖലകളിലേയും ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിവിധ എഞ്ചിനീയറിംഗ് ട്രേഡുകളിലേയും സിലബസ് പരിഷ്കരണവും കരിക്കുലം വികസനവും നടപ്പാക്കി വരുന്ന കളമശ്ശേരി കരിക്കുലം ഡെവലപ്പ്മെന്റ് സെന്ററിന്റെ വികസനത്തിനായി 94 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിനായി 39.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് കോളേജുകളിലെ ഗേറ്റ് സ്കോളർഷിപ്പ് ഇല്ലാത്ത അർഹതയുള്ള സമർത്ഥരായ എല്ലാ എം.ടെക്. വിദ്യാർത്ഥികൾക്കും കൂടി സ്കോളർഷിപ്പ് നൽകുന്നതിനായി പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മാനസിക പരിശീലനം നൽകുക, വിനിമയ കഴിവുകൾ വികസിപ്പിക്കുക, അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയെക്കുറിച്ചുള്ള പരിശീലനം നൽകുക, വിഭവങ്ങൾ, മെഷീനുകൾ, പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കരിക്കുലം രൂപാന്തരണ വർക്ക്ഷോപ്പുകൾ, അക്കാദമിക് പരിശോധന, പുരോഗതി/അവലോകന വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ മുതലായവ നടത്തുന്നതിനുമായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ബാർട്ടൺ ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ മെച്ചപ്പെട്ട ഡിപ്ലോമ സ്വായത്തമാക്കുക, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കുക, കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ പര്യാപ്തമായ കേന്ദ്രമാക്കുക, തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ദ്വിവത്സര ട്രാൻസലേഷൻ എഞ്ചിനീയറിംഗിൽ എം.എസ്. കോഴ്സ് ആരംഭിക്കുക എന്നിവയ്ക്കായി 110 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം എഞ്ചിനീയനിംഗ് കോളേജിന് 2013-14-ൽ 50 ലക്ഷം രൂപ വൈദ്യുതി കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് കൊടുത്ത് തീർക്കുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ 2013-14-ൽ 18 ലക്ഷം രൂപ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ 20 ലക്ഷം രൂപ കുടിശ്ശിക ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ് നൽകുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗവൺമെന്റ് പോളിടെക്നിക്കുകളിൽ 5 ലക്ഷം രൂപ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് 5 ലക്ഷം രൂപയും പരീക്ഷാ നടത്തിപ്പ് ഇനത്തിൽ അദ്ധ്യാപകർക്കുള്ള വേതന ഇനത്തിൽ 50 ലക്ഷം രൂപ കുടിശ്ശിക നൽകുന്നതിന് 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ലൈബ്രറികൾക്ക് വാർഷിക ഗ്രാന്റും അലവൻസും നൽകുന്നതിന് കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് 353.15 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാരുടെ എണ്ണമനുസരിച്ച് ഗ്രാന്റ്-ഇൻ-എയ്ഡ് ഫണ്ട് വിതരണം ചെയ്യുന്നതിന് 286.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എൻ.സി.സി. കേഡറ്റുകളുടെ ലഘുഭക്ഷണ അലവൻസ് 25-10-2012 മുതൽ 2 രൂപയിൽ നിന്നും 15 രൂപയായി ഉയർത്തിയതിനാൽ പദ്ധതിയേതര വിഹിതത്തിൽ 508.12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിന് പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റിന് 2.36 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് 1930 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രത്തിൽ പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക, നിലവിലുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങിയതിലുള്ള സബ് സെന്ററുകളിലെ കുടിശ്ശിക, സബ്സെന്ററിലെ വാടക കുടിശ്ശിക എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾ നിറവേറ്റുന്നതിന് പദ്ധതിയേതര ഇനത്തിൽ 496.87 ലക്ഷം രൂപയും വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ പദ്ധതി ഇനത്തിൽ 19.7 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഐ.എച്ച്.ആർ.ഡി. ഹെഡ്ഡാഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും എ.ഐ.സി.റ്റി.ഇ. സർവ്വകലാശാല നിബന്ധനകൾക്ക് അനുസൃതമായി സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി 2080.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്കായി ബഹുനില കെട്ടിടം പണിയുക, ന്യൂനപക്ഷ വിഭാഗങ്ങൾക്കു വേണ്ടി പൊന്നാനിയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിസ്റ്റ്യൂട്ടിനായി കെട്ടിടം നിർമ്മിക്കുക, പാലക്കാട് സിവിൽ സർവ്വീസ് അക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കുക, സിവിൽ സർവ്വീസ് അക്കാഡമിയുടെ കോഴിക്കോട് ഉപകേന്ദ്രത്തിന്റെ പ്രവർത്തന വിപുലീകരണം, മൂന്നാറിലെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ വികസന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി 1345 ലക്ഷം രൂപ അധികമായും പദ്ധതിയേതര ഇനത്തിൽ 101.8 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എൽ.ബി.എസ്സ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിന്റെ വികസന പ്രവർത്തനങ്ങൾക്ക് പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യു.

എൽ.ബി.എസ്സ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ സെന്ററിനു കീഴിലുള്ള രണ്ട് എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവൃത്തി ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് പദ്ധതിയിനത്തിൽ 5245 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ചരിത്ര ഗവേഷണ കൗൺസിലിന്റെ പദ്ധതികളായ ഗവേഷണ ഫെലോഷിപ്പുകൾ, അന്തർദേശീയ ഫെലോഷിപ്പുകൾ, കേരളത്തിന്റെ ചരിത്ര ഭൂപട നിർമ്മാണം, പുരാവസ്തു പര്യവേഷണവും സർവേയും, കേരളത്തിന്റെ സമകാലീന ചരിത്ര ഗ്രന്ഥശേഖരം തയ്യാറാക്കൽ, കേരളത്തിന്റെ ചരിത്രപരവും സാമൂഹ്യ-സാംസ്കാരികപരവുമായ രേഖകളുടെയും ചിത്രങ്ങളുടേയും ശേഖരണവും ഡിജിറ്റൈസേഷനും, കുടിയേറ്റ മലയാളി കളുടെയും, കുടിയേറ്റ സമൂഹങ്ങളുടെയും ചരിത്രം ശേഖരിക്കൽ, ലൈബ്രറി സമ്പുഷ്ടീകരണം, പ്രാദേശിക ചരിത്രം, ജീവചരിത്രം, സ്ഥാപനങ്ങളുടെ ചരിത്രം എന്നിവയുടെ രചന, പ്രസിദ്ധീകരണങ്ങൾ, കെ.സി.എച്ച്.ആർ. ന്യൂസ് ലെറ്റർ/റിസർച്ച് ജേർണൽ, അന്തർദേശീയ ശിൽപ്പശാലകൾ, സെമിനാറുകൾ പരിശീലന കളരികൾ എന്നിവ സംഘടിപ്പിക്കുക മാതൃകാ ആർക്കിയോളജി പാർക്ക് സ്ഥാപിക്കുക തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 3088.81 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 76.33 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സെന്റർ ഫോർ റിസർച്ച് ഓൺ പോളിസീസ് ഇൻ ഹയർ എഡ്യൂക്കേഷൻ, സെന്റർ ഫോർ കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ്, സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സസ്സ് ഡെവലപ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ്സ് എന്നിവയുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ, നിലവിലുള്ള മൂന്ന് കോളേജ് ക്ലസ്റ്ററുകൾക്ക് അധിക സാമ്പത്തിക സഹായം, ഇൻസ്റ്റിറ്റ്യൂഷൻ-ഇൻഡസ്ട്രി പ്ലാറ്റ് ഫോം രൂപീകരണം , സ്റ്റുഡന്റ് എക്സ്ചേഞ്ച്

പ്രോഗ്രാമും ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാമും, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം, പ്രോജക്ട് ഫൈനാൻസിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്കുള്ള സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പരിശീലനം, എറുഡേറ്റ് പ്രോഗ്രാം, ഐ.റ്റി.@ കോളേജുകൾ, ഇന്റർനാഷണൽ കോൺഫറൻസ്/കൺസൾട്ടേഷൻ, ഫാക്കൽറ്റി ട്രെയിനിംഗ് അക്കാഡമി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുവാൻ 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഡിപ്പാർട്ടുമെന്റുകളുടെ നവീകരണത്തിനായി 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ശമ്പള പരിഷ്കരണംമൂലം കോഴിക്കോട് സർവ്വകലാശാലയ്ക്കുണ്ടായ അധിക ബാധ്യത തീർക്കുന്നതിന് പദ്ധതിയേതര ഇനത്തിൽ 1522.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണം, വർദ്ധിച്ചുവരുന്ന പെൻഷൻ ചെലവ്, സെക്രട്ടേറിയറ്റ് പാരിറ്റി എന്നിവമൂലം ഉണ്ടായ അധിക ചെലവ് നിറവേറ്റുന്നതിന് പദ്ധതിയേതര ഇനത്തിൽ 2575 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകുക, പി.എഫ്., പെൻഷൻ ഫണ്ട് തുടങ്ങിയവയിലേക്കുള്ള നിക്ഷേപം എന്നിവയ്ക്ക് പദ്ധതിയേതര ഇനത്തിൽ 1135.97 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ക്യാമ്പസുകളിൽ പുതുതായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, നിർമ്മാണ പുരോഗതിയിലുള്ള പ്രോജക്റ്റുകൾ, നിലവിലുള്ള പഠന വിഭവങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, പുതുതായി പഠന വിഭാഗങ്ങൾ രൂപീകരിക്കൽ, ഗവേഷണ പദ്ധതികൾ, നിലവിലുള്ള പഠന-ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, ഭൂമി ഏറ്റെടുക്കൽ, താവക്കരയിൽ നിലവിൽ ഏറ്റെടുത്ത ഭൂമിക്ക് കോടതി ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച അധിക ഭൂമി വില നൽകൽ എന്നിവയ്ക്ക് പദ്ധതി ഇനത്തിൽ 1460 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 290 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ശമ്പള പരിഷ്കകരണംമൂലം കുസാറ്റിന് ഉണ്ടായിട്ടുള്ള അധിക ബാധ്യത നികത്തുന്നതിന് പദ്ധതിയേതര ഇനത്തിൽ 2500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കുസാറ്റിന്റെ അടിസ്ഥാന സൗകര്യ പരിമിതികൾ പരിഹരിച്ച് അക്കാദമിക പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിഷൻ 2010 പ്രകാരം ഭരണാനുമതി ലഭിക്കുകയും ടെൻഡർ ചെയ്ത് പണി ആരംഭിക്കുകയും ചെയ്തിട്ടുള്ള ഗവ. പ്രൈമറി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 45 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിഷൻ 2010 പ്രകാരം ഭരണാനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്ത വിവിധ സർക്കാർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 1097.65 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1097.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ സർക്കാർ ലാ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുകയും പല പണികളും പുരോഗമിക്കുകയും ചെയ്ത സാഹചര്യത്തിൽ 5000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ കോളേജുകളിലെ ഭൗതിക സൗകര്യ വികസനം നടത്തുന്നതിനായി പുതിയ പണികൾ ഏറ്റെടുക്കുന്നതിനായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ സർക്കാർ കോളേജുകളിലെ ലാബുകളുടെയും ലൈബ്രറികളുടെയും വികസനത്തിനായി 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്തു പൂർത്തിയാക്കുവാനായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനത്തിനായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഭരണാനുമതി ലഭിച്ചിട്ടുള്ളതും പണി തുടങ്ങാറായതുമായ പോളിടെക്നിക്കുകളുടെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇടുക്കി, വയനാട്, എന്നീ എഞ്ചിനീയറിംഗ് കോളേജുകൾക്ക് പുതിയ കെട്ടിടങ്ങൾ, പല കോളേജുകളുടേയും വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വിവിധ ഐ.ടി.ഐ. കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഐ.റ്റി.ഐ.-കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഐ.ടി.ഐ.-കളിൽ സ്ത്രീകൾക്കായി വിശ്രമമുറികൾ, ഡ്രെസ്സിംഗ് റൂമുകൾ, ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സെന്റർ ഫോർ ഡെവലപ്പ്‌മെന്റ് സ്റ്റഡീസിൽ ശമ്പള പരിഷ്കരണം മൂലമുണ്ടായ അധിക ബാദ്ധ്യത, പുതിയ എം.എ. കോഴ്സ്, മറ്റു പരിശീലന പരിപാടികൾ എന്നിവയ്ക്കായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ പുതിയ ഗവേഷണ സ്ഥാപനങ്ങളായ ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, സെന്റർ-സ്റ്റേറ്റ് ടെക്നോളജി പാർട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, ക്രിട്ടിക്കൽ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കായി 2100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി വൈകുന്നേരം 4.50-ന് യോഗം പിരിഞ്ഞു.

## 24-2-2014-ലെ യോഗ നടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2014 ഫെബ്രുവരി 24-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, ,,
3. ശ്രീ. ജോസഫ് വാഴക്കൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
3. ശ്രീ. എസ്. രാജേന്ദ്രൻ നായർ, സെക്രട്ടറി, കെ.എസ്.സി.എ.
4. ശ്രീ. എം. ഉണ്ണികൃഷ്ണൻ, സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ
5. ശ്രീ. എസ്. ശ്രീനിവാസൻ, സെക്രട്ടറി, മാർഗ്ഗി, തിരുവനന്തപുരം
6. ശ്രീ. പി. എസ്. അബ്ദുൾ റസാക്, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
7. ശ്രീ. ജേക്കബ് പുന്നൂസ്, സി.ഇ.ഒ., നാഷണൽ ഗെയിംസ്
8. ശ്രീ. ആർ. ബി. സന്തോഷ് കുമാർ, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണവകുപ്പ്
9. ശ്രീമതി എൻ. ഡി. കോമളവല്ലി അമ്മ, അഡീഷണൽ സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
10. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
11. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ഡോ. എം. ഡി. സുലേഖ, ഡയറക്ടർ, സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

13. ശ്രീമതി പത്മിനി തോമസ്, പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

14. ഡോ. എം. ആർ. തമ്പാൻ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

15. ശ്രീ. ബി. ജോസഫ്, ഡയറക്ടർ, മ്യൂസിയവും മൃഗശാലയും വകുപ്പ്

16. ശ്രീ. ജെ. റെജികുമാർ, ഡയറക്ടർ, സ്റ്റേറ്റ് ആർക്കൈവ്സ് ഡിപ്പാർട്ട്മെന്റ്

17. പ്രൊഫ. നെടുമുടി ഹരികുമാർ, ഡയറക്ടർ, കെ.എസ്.ഐ.സി.എൽ.

18. ഡോ. ജി. പ്രേംകുമാർ, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജി.

സമിതി XVII-ാം നമ്പർ ധനാഭ്യർത്ഥനയിലെ കല, സംസ്കാരം, സ്പോർട്സ്, സിനിമ എന്നിവയുമായി ബന്ധപ്പെട്ട 2204, 2205 എന്നീ ശീർഷകങ്ങളിൽ അധിക ധനാഭ്യർത്ഥനയ്ക്കായി കായികയുവജനകാര്യം, സാംസ്കാരികകാര്യം, പൊതുഭരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ശീർഷകം ചർച്ച ചെയ്യവേ ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിനാവശ്യമായ പല കായിക ഉപകരണങ്ങളും സ്പോർട്സ് കൗൺസിലിനില്ലെന്നും ഫെൻസിംഗ് പോലെ നല്ല പരിശീലനം ആവശ്യമുള്ള കായിക ഇനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ടെന്നും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അറിയിച്ചപ്പോൾ തുഴച്ചിൽ പോലെയുള്ള ഗെയിമിന് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതുൾപ്പെടെയുള്ള ഒട്ടനവധി കാര്യങ്ങൾക്കായും കേരളത്തിലെ കായിക താരങ്ങളുടെ പരിശീലനത്തിനായും നാഷണൽ ഗെയിംസിൽ മലയാളി താരങ്ങളെ കേരളത്തിലേക്ക് കൊണ്ടുവന്ന് ഇവിടെയൊരു ടീമിനെ ഉണ്ടാക്കുന്നതിനു വേണ്ടിയും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാവുകയില്ല എന്ന് സമിതി അഭിപ്രായപ്പെട്ടു.

നാഷണൽ ഗെയിംസ് നടക്കുന്ന സ്ഥലങ്ങൾ മത്സരങ്ങൾ നടത്താൻ യോഗ്യമാണെന്ന് തെളിയിക്കുന്നതിനു വേണ്ടിയും സംഘാടനത്തിന്റെ പര്യാപ്തതകളെ കുറിച്ച് പരിശോധിക്കുന്നതിനു വേണ്ടിയും അതേ സ്ഥലങ്ങളിൽ വച്ച് കേരള താരങ്ങളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ഒരു സന്നാഹമത്സരം (ട്രയൽ ഗെയിംസ്) നടത്തുന്നതിനെക്കുറിച്ച് സ്പോർട്സ് കൗൺസിലിന് ഒരാലോചനയുണ്ടെന്നും ട്രയൽ ഗെയിംസ് എന്ന നിലയിൽ ഓരോ ഇവന്റിലും വരുന്ന സ്റ്റേറ്റ് ചാമ്പ്യൻഷിപ്പുകളാണ് ഈ സ്ഥലങ്ങളിൽ നടത്താനുദ്ദേശിക്കുന്നതെന്നും സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് സാധാരണ

നടത്താറുള്ളതിനാൽ അതിന് പ്രത്യേക തുക വേണ്ടി വരില്ല എന്നും അറിയിച്ച കായികയുവജനകാര്യ വകുപ്പ് സെക്രട്ടറി, ടീമിനെ തയ്യാറാക്കുന്നതിനു വേണ്ടിയും കേരളത്തിലെ എല്ലാ വിഭാഗം ആളുകളേയും കാണികൾ എന്നതിലുപരി ഗെയിംസിന്റെ ഭാഗമാക്കി ഒരു മാസ് മൊബിലൈസേഷൻ പ്രോജക്ടായി കൊണ്ടുവരുന്നതിനായി ദേശീയ ഗെയിംസിന് 100 ദിവസങ്ങൾക്ക് മുൻപ് ഒരു കൗണ്ട് ഡൗൺ പ്രോസസ്സ് ആരംഭിക്കുന്നതിനും ഒരു വലിയ തുക ആവശ്യമായി വരുമെന്ന് അറിയിച്ചു.

ജനപ്രതിനിധികൾ ഉൾപ്പെടെ കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളും നാഷണൽ ഗെയിംസിന്റെ ബാഡ്ജും വെള്ള ടീ ഷർട്ടും ധരിച്ച് ഓരോ പഞ്ചായത്തിലേയും ഓരോ വാർഡിലും ഒരു നിശ്ചിത സമയത്ത് ഒന്നര കിലോമീറ്റർ ദൈർഘ്യത്തിൽ കൂട്ടയോട്ടം സംഘടിപ്പിക്കുകയും അതിലൂടെ നാഷണൽ ഗെയിംസിന് അന്തർദേശീയതലത്തിൽ ഹൈക്കുണ്ടാക്കുവാനും യൂണിറ്റി-ഇൻ-സ്പോർട്സ് എന്ന മുദ്രാവാക്യം കൊണ്ടുവരുവാനും കഴിയുമെന്നും ഇതുമായി ബന്ധപ്പെട്ട് പ്രത്യേക തീംസോംഗ് ഉൾപ്പെടെ ധാരാളം ഇനങ്ങൾ ഉണ്ടാകുമെന്നും ജനങ്ങൾക്കിടയിൽ ദേശീയ ഗെയിംസ് എന്ന പൊതുവികാരം ഉണ്ടാക്കിയെടുക്കുവാൻ കഴിയുമെന്നും ഇതിനായി ഗവൺമെന്റിന്റെ പങ്കാളിത്തം കൂടാതെ സ്പോൺസർഷിപ്പിനുള്ള അനുവാദം കൂടി ആവശ്യപ്പെടണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഗ്രാമീണ മേഖലയിലെ സ്കൂളുകളിൽ സ്പോർട്സിന് കുറച്ചുകൂടി പ്രാധാന്യം നൽകണമെന്നും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂളിന് പ്ലേ ഗ്രൗണ്ട് ഉണ്ടാക്കുന്നതിന് കുറച്ചുകൂടി ഉദാരമായ കാഴ്ചപ്പാടുണ്ടാകണമെന്നും സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഒറ്റത്തവണ ചെലവ് ആണെങ്കിലും അവ നിലനിർത്തുന്നതിന് ആവശ്യമായ ഒരു സംവിധാനം ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്കൂൾ തലത്തിൽ സ്പോർട്സിൽ പങ്കെടുത്ത് റെക്കാർഡ് വിജയം നേടിയവർക്കും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്കും നൽകുന്ന ക്യാഷ് അവാർഡ് വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കിൻഫ്രയിൽ ഇപ്പോൾ ലഭ്യമായ രണ്ട് ഏക്കർ സ്ഥലത്ത് ഒരു ഫെസ്റ്റിവൽ കോംപ്ലക്സ് പണിയുക എന്നത് വളരെ വർഷങ്ങളായുള്ള ഒരു ആവശ്യമാണെന്ന് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ സെക്രട്ടറി ആന്റ് ഫിനാൻസ് മാനേജർ അറിയിച്ചു. ഫെസ്റ്റിവൽ കോംപ്ലക്സിനുപകരം ചിത്രാഞ്ജലിയിൽ എടുത്തിട്ടുള്ള 50 ഏക്കർ സ്ഥലത്ത് ഫേസ് 1, ഫേസ് 2, ഫേസ് 3 എന്ന നിലയിൽ സിനിമയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഒരുമിച്ച് വരത്തക്കവിധം ഒരു ഫിലിം സിറ്റി പണിയുന്നതാണ് സംസ്ഥാനത്തിന് ഗുണകരമായിട്ടുള്ളതെന്നും ഫിലിം സിറ്റിയോടനുബന്ധിച്ച് ഓഫീസ് കോംപ്ലക്സ് ഉൾപ്പെടെയുള്ളവ കൊണ്ടുവരാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഫാൽക്കെ അവാർഡിന് തുല്യമായി നൽകുന്ന ജെ. സി. ഡാനിയൽ അവാർഡിന്റെ തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വിവിധ ശീർഷകങ്ങളിന്മേലുള്ള വിശദമായ ചർച്ചകൾക്കുശേഷം സമിതി താഴെ പറയും പ്രകാരം ശിപാർശകൾ നിർദ്ദേശിച്ചു :

കായിക ഉപകരണങ്ങൾ വാങ്ങൽ, ഉദ്ഘാടന-സമാപന ചടങ്ങുകൾ, ഗെയിംസിന്റെ സംഘാടനം, താത്കാലിക നിർമ്മിതിക്കുള്ള ചെലവ്, ഗെയിംസ് വില്ലേജ് കൂടാതെ ദേശീയ ഗെയിംസിന് മുന്നോടിയായി സന്നാഹ മത്സരം (ട്രയൽ ഗെയിംസ്) എന്നിവ സംഘടിപ്പിക്കുന്നതിന് അധിക തുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് കേരള താരങ്ങളുടെ പരിശീലനത്തിനായി കായിക യുവജനകാര്യ വകുപ്പിന് 10 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

ദേശീയ ഗെയിംസിനായി ടീമുകളെ തയ്യാറാക്കുന്നതിനുമുമ്പ് 100 ദിന കൗണ്ട് ഡൗണിനായി അധിക തുക വേണമെന്ന് വിലയിരുത്തിയ സമിതി ഒരു കോടി ആളുകളെ ഉൾപ്പെടുത്തി ആയത് നടത്തുന്നതിന് 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

നിലവിലുള്ള ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണ നിർവ്വഹണ ചെലവുകൾക്കായി അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഒറ്റത്തവണയായുള്ള ചെലവ് എന്ന നിലയിൽ ഇതൊരു പ്രത്യേക കേസ് ആയി പരിഗണിച്ച് 367 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2014-15 സാമ്പത്തിക വർഷത്തെ ശമ്പളം, സർവ്വീസ് പെൻഷൻ എന്നിവ നൽകുന്നതിന് കേരള സ്പോർട്സ് കൗൺസിലിന് 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ദേശീയ സ്കൂൾ മീറ്റിൽ പങ്കെടുത്ത് വിജയിച്ചു വരുന്ന താരങ്ങൾക്ക് ഡി.പി.ഐ. വിതരണം ചെയ്തിരുന്ന ക്യാഷ് അവാർഡ് ഇപ്പോൾ സ്പോർട്സ് കൗൺസിലാണ് വിതരണം ചെയ്യുന്നത് എന്നതിനാൽ അതിനായും ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ചു വരുന്ന താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായും കേരള സ്പോർട്സ് കൗൺസിലിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാന മന്ദിര നിർമ്മാണം, കേരളത്തിന്റെ സമഗ്ര വികസനത്തിന് ക്രിയാത്മകമായി ഇടപെടുന്നതിന് അറിവും അവസരവും നൽകി യുവജനങ്ങളെ സജ്ജരാക്കുന്നതിനായുള്ള യുവശക്തി പദ്ധതി എന്നിവയ്ക്കായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

യുവജനക്ഷേമ ബോർഡിലെ ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്ക് 175 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സെമിനാർ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര യുവജന സെമിനാർ നടത്തുന്നത് ഉൾപ്പെടെ കേരള സംസ്ഥാന യുവജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന യൂത്ത് കമ്മീഷന് 2014-15 സാമ്പത്തിക വർഷത്തിൽ 12.25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി വിലയിരുത്തിയ സമിതി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന യുവജന കമ്മീഷനിലെ നിലവിലുള്ള ജീവനക്കാർക്ക് ശമ്പളം, പുതിയതായി നിയമിക്കപ്പെട്ട 10 അംഗങ്ങൾക്കുള്ള ബത്തകൾ എന്നിവ നൽകുവാൻ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പുരാവസ്തു ഗവേഷണ വകുപ്പ് സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസ വേതനക്കാരെ നിയോഗിച്ചുകൊണ്ടും ശമ്പള പരിഷ്കരണംമൂലം വേതനം വർദ്ധിച്ചുകൊണ്ടും 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഡീസൽ വിലയിലുണ്ടായ വർദ്ധനവും നിലവിലുള്ള വാഹനങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കുന്നതിനായും പുരാവസ്തു വകുപ്പിന് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും വിവിധ ചെലവുകൾ വളരെയധികം വർദ്ധിച്ചതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര ചരിത്രമ്യൂസിയവും സ്വാതന്ത്ര്യ സമര സ്മാരകവും നിർമ്മിക്കുന്നതു സംബന്ധിച്ച ജോലികൾക്കായി കേരള സ്റ്റേറ്റ് ആർക്കൈവ്സിന് വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സരസകവി മൂലൂർ സ്മാരകത്തിന് വാർഷിക ഗ്രാന്റ് 75,000 രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനാൽ 4.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിർദ്ധനരായ കലാകാരന്മാർക്കുള്ള പെൻഷൻ തുക 750 രൂപയായി

വർദ്ധിപ്പിച്ചതിനാലും പുതിയതായി 400 പേർക്ക് പെൻഷൻ നൽകേണ്ടതിനാലും നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള ധനസഹായത്തിനായി 75.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും നൽകുന്ന ധനസഹായം ഇനത്തിൽ നിന്നും പുതുതായി ഒരു വ്യക്തിക്കു കൂടി തുക അനുവദിക്കേണ്ടതുള്ളതിനാൽ 24,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ ധനസഹായം ഡി.എ. വർദ്ധനവ്, ഡി.എ. കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സുഗമമായ നടത്തിപ്പിനുമുള്ള ധനസഹായമായി പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ സമഗ്രമായി നടപ്പിലാക്കുന്നതിനും നിലവിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നതിനും 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സാഹിത്യ അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റു സ്ഥാപന ചെലവുകളും വർദ്ധിച്ചതിനാലും ശമ്പള പരിഷ്കരണംമൂലം അധിക ബാദ്ധ്യത ഉണ്ടായതിനാലും 63.38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം ജവഹർ ബാലഭവന്റെ സമ്പൂർണ്ണ വികസനം, കുട്ടികൾക്കായി 200 കിടക്കകളുള്ള ഒരു ഡോർമെട്ടിയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം, സ്ഥലം റീടെയിനിംഗ് വാൾ നിർമ്മാണം , ഓപ്പൺ ഓഡിറ്റോറിയം നവീകരണം, നേഴ്സറി സ്കൂൾ നവീകരണം, എ.എസ്.എം. ഹാൾ നവീകരണം എന്നിവയ്ക്കായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരളത്തിലെ 5 ബാലഭവനുകളിലെ ജീവനക്കാർക്ക് ഇ. പി. എഫ്. ഉൾപ്പെടെയുള്ള ശമ്പളം നൽകുന്നതിന് 236 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു

വൈലോപ്പിള്ളി സംസ്കൃതി ഭവൻ മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സിന്റെ

കെട്ടിടങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും, കൂത്തമ്പലത്തിലെ രംഗമണ്ഡപത്തിന്റെ മേൽക്കൂര നിർമ്മാണം പൂർത്തിയാക്കൽ, പ്രതിവാര പരിപാടികളിൽ പങ്കെടുക്കുന്ന കാലാകാരൻമാരുടെ പ്രതിഫലം വർദ്ധിപ്പിക്കുക, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മറ്റു സാംസ്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കുക, വിദേശികൾക്കായി സാംസ്കാരിക ടൂറിസം, സ്വരരാഗ മഹോത്സവം, അക്ഷര ശ്ലോക സദസ്സ്, രബീന്ദ്ര സംഗീതം, ചിലങ്ക നൃത്തോത്സവം എന്നീ പരിപാടികൾ നടപ്പിലാക്കുക എന്നിവയ്ക്കായി 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണച്ചെലവുകൾ എന്നിവയ്ക്കായി 155.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള അഞ്ച് തീയറ്ററുകളുടെയും ചിത്രാഞ്ജലി സ്റ്റുഡിയോയുടെയും നവീകരണത്തിനായി 400 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സബ്സിഡി തുക കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 201 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെട്ടിടനിർമ്മാണം, പുസ്തക പ്രസിദ്ധീകരണം, ലൈബ്രറി ഓട്ടോമേഷൻ, ഭാഷാ കമ്പ്യൂട്ടിംഗ്, ഭാഷാ നവീകരണം, മൺമറഞ്ഞ സാഹിത്യകാരൻമാരുടെ ശതാബ്ദി ആഘോഷങ്ങൾ, വിജ്ഞാനം ഗ്രാമങ്ങളിലേക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ക്ഷാമബത്ത കുടിശ്ശിക പി.എഫിലേക്ക് ലയിപ്പിക്കുന്നതിനുമായി 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം ഭാരത് ഭവന് അതിഥി ദേവോഭവ, കേരളത്തനിമ, ദേശീയോദ്ഗ്രഥന പരിപാടികൾ, അഫിലിയേറ്റഡ് അസോസിയേഷൻ പരിപാടികൾ

എന്നിവ നടപ്പിലാക്കുന്നതിന് 48.50 ലക്ഷം രൂപയും ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി 18.98 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള കലാമണ്ഡലത്തിന് സൗത്ത് ഇൻഡ്യൻ പെർഫോമിംഗ് ആർട്സ് മ്യൂസിയത്തിന്റെ നിർമ്മാണം, ഓഡിറ്റോറിയം, സെമിനാർ - പബ്ലിക്കേഷൻ - കഥകളി കോപ്പ് നിർമ്മാണം, ക്വാർട്ടേഴ്സ് നിർമ്മാണം, മറ്റു വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 400 ലക്ഷം രൂപയും പദ്ധതിയേതര ചെലവുകളിൽ വർദ്ധനവ് വന്നതിനാലും ശമ്പള പരിഷ്കരണ കുടിശ്ശിക നല്കേണ്ടതിനായും 570.95 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2014-15 സാമ്പത്തികവർഷത്തിൽ വാസ്തുവിദ്യാ ഗുരുകുലം നടത്തുവാനുദ്ദേശിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗുരു ഗോപിനാഥ് നടനഗ്രാമത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിർമ്മാണം, ഇതിനോടനുബന്ധിച്ച് റോഡ് വശത്തെ പ്രധാന കവാടം കലാപരമായി മോടി പിടിപ്പിക്കൽ, പ്രവേശന കവാടം മുതൽ മ്യൂസിയം വരെ പാതയിൽ ഇന്റർലോക്ക് ടൈൽ പാകൽ, ദേശീയ നൃത്ത മ്യൂസിയത്തിന് മുൻഭാഗത്ത് കുളം നിർമ്മിച്ച് അതിന് മദ്ധ്യഭാഗത്തായി ഭരതമുനിയുടെ 20 അടി ഉയരമുള്ള പ്രതിമ സ്ഥാപിക്കൽ, റോഡ് വശത്തെ പ്രവേശന കവാടം നിർമ്മാണം, ഗാർഡനിംഗ് പ്രവർത്തനം, റോഡ് ടാറിംഗ്, ഉദ്ഘാടനം എന്നീ പ്രവർത്തനങ്ങൾക്കായി 115 ലക്ഷം രൂപ അനുവദിക്കണമെന്നും ദേശീയ നൃത്ത മ്യൂസിയം ഉദ്ഘാടനവുമായി ബന്ധപ്പെട്ട സെമിനാറുകളും ശില്പശാലകളും അനുബന്ധ പരിപാടികളും നടത്തുന്നതിനായി 18 ലക്ഷം രൂപയും ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം നൽകുന്നതിന് 18.95 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്നും സമിതി ശിപാർശ ചെയ്യു.

പൈതൃക പഠനകേന്ദ്രത്തിന് കേരള പൈതൃക പ്രാമാണീകരണ പദ്ധതി, സംഗ്രഹാലയ-ഗവേഷണ ലൈബ്രറിയുടെ രൂപീകരണം, പ്രസിദ്ധീകരണ യൂണിറ്റ്, പുതിയ കോഴ്സുകൾ എന്നിവ നടപ്പിലാക്കുന്നതിന് 300 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യു.

അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകൾ, അന്തർദേശീയ ഹ്രസ്വചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ മാധ്യമം, ഫിലിം ലൈബ്രറി നവീകരണം, ടൂറിങ് ടാക്കീസ് പരിപാടി എന്നിവയ്ക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിക്ക് 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംഗീത നാടക അക്കാഡമിയുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ

വിപുലീകരിക്കുന്നതിന് 50 ലക്ഷം രൂപയും 2013-ലെ അവാർഡ്, ഫെലോഷിപ്പ്, ഗുരുപൂജ പുരസ്കാരം എന്നിവ നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനുമായി 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മാർഗിയിൽ കഥകളി കലാകാരന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും, ലക്ചർ ഡെമോൺസ്ട്രേഷൻ നടത്തുക, ക്ലാസുകൾ സംഘടിപ്പിക്കുക, സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി, വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസുകൾ നടത്തുക, കോപ്പുകളും മറ്റ് അനുബന്ധ സാധനങ്ങളും നിർമ്മിക്കുക തുടങ്ങിയവയ്ക്കും കൂടിയാട്ടത്തിന്റെ പരിപാലനത്തിനും പരിപോഷണത്തിനും വേണ്ടി സെമിനാറുകളും ക്ലാസുകളും നടത്തുക, കലാകാരന്മാർക്ക് ശമ്പളം നൽകുക, വേഷവിധാനങ്ങൾ, കിരീടം, ആടയാഭരണങ്ങൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവ വാങ്ങുക എന്നിവയ്ക്കുമായി 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള ഫോക്‌ലോർ അക്കാഡമിയുടെ ട്രാവൻകൂർ ഫോക് വില്ലേജ്, വാദ്യോപകരണങ്ങളുടെ പഠന ഗവേഷണ കേന്ദ്രം, വാദ്യോപകരണങ്ങളുടേയും ഉപകരണ സംഗീതത്തിന്റേയും മ്യൂസിയം, ഫോക്‌ലോറിന്റെ പ്രസാരണത്തിനും സംരക്ഷണത്തിനും വൈവിധ്യവൽക്കരണത്തിനും വേണ്ടിയുള്ള നൂതനമായ പദ്ധതികൾ, ലോക ഫോക് ഉത്സവം, പി.കെ. കാളൻ ആർട്ട് ഗാലറി ഒന്നും രണ്ടും നിർമ്മാണം എന്നിവയ്ക്കുമായി 300 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക, 2 സഞ്ചരിക്കുന്ന പുസ്തകശാലാ വാഹനങ്ങൾ വാങ്ങുക, കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക, പി.എഫ്. കുടിശ്ശിക അടയ്ക്കുക, ജീവനക്കാർക്ക് ശമ്പളം നൽകുക എന്നിവയ്ക്കായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾ നിർമ്മിക്കുവാൻ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും നാമധേയത്തിലുള്ള സ്മാരകങ്ങളുടെ ധനസഹായത്തിനായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേന്ദ്ര സംസ്ഥാന കലാകാര പെൻഷൻ നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. ഇതിനായി പ്രത്യേക ശീർഷകം അനുവദിച്ച് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കൊങ്കണി ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് ഉതകുന്ന പ്രോത്സാഹനം നൽകുക, മറ്റു ഭാഷകളുമായി കൊങ്കണിയിലെ കൃതികൾ ഭാഷാന്തരീകരണം നടത്തുക, വിജ്ഞാനകോശങ്ങൾ, ഗ്രന്ഥ സൂചികകൾ, സാഹിത്യ ചരിത്രങ്ങൾ തുടങ്ങിയവ തയ്യാറാക്കി പ്രസിദ്ധീകരിക്കുക, വിശിഷ്ട കൃതികൾക്കും വിശിഷ്ട വ്യക്തികൾക്കും സമ്മാനങ്ങളും അംഗീകാരങ്ങളും നൽകുക, സാഹിത്യ സമ്മേളനങ്ങൾ, കളരികൾ തുടങ്ങിയവ നടത്തുക, നാടകോത്സവം, കൊങ്കണി സിനിമാ പ്രദർശനം എന്നിവ സംഘടിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെ 2012 നവംബർ മുതൽ പ്രവർത്തനം ആരംഭിച്ച കൊങ്കണി സാഹിത്യ അക്കാദമിയുടെ പ്രവർത്തനം സമഗ്രമായി നടത്തുവാൻ ബഡ്ജറ്റിൽ 'കൊങ്കണി സാഹിത്യ അക്കാദമി ധനസഹായം' എന്ന പേരിൽ പുതിയ ഒരു ശീർഷകം അനുവദിക്കണമെന്നും അതിൽ പദ്ധതി ഇനത്തിൽ 17.02 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54.98 ലക്ഷം രൂപയും വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യു.

കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രത്തിന് കുമാരനാശാൻ നാഷണൽ മ്യൂസിയം ഓഫ് കൾച്ചറൽ ഹെറിറ്റേജ്, വിനോദസഞ്ചാര സൗകര്യ കേന്ദ്രം, ആശാന്റെ പേരിൽ സ്കൂൾ, ആശാൻ കൃതികളുടെ ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വിവർത്തനവും പുസ്തക പ്രകാശനവും, ആശാനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കൽ തുടങ്ങിയ പദ്ധതികൾക്കായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സന്ദർശകരെ സ്വീകരിക്കൽ, സാംസ്കാരിക പ്രവർത്തനങ്ങൾ നടപ്പാക്കൽ, വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, സ്ഥാപന സംരക്ഷണം എന്നിവ നടത്തുന്നതിന് ജീവനക്കാർക്ക് മിനിമം വേതന നിയമമനുസരിച്ചുള്ള വേതനം നൽകുവാൻ പദ്ധതിയേതര ഇനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

2014-15 സാമ്പത്തിക വർഷം കേരള ലളിതകലാ അക്കാദമി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുവാൻ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. ।

മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി വിഭാവനം ചെയ്യ പ്രകാരം പദ്ധതിയേതര പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പദ്ധതിയേതര

വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി ഉച്ചയ്ക്ക് ശേഷം 12.15-ന് യോഗം പിരിഞ്ഞു.

## 12-3-2014-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2014 മാർച്ച് 12-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'V ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രത്യേക ക്ഷണിതാവായ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു. യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.
3. ശ്രീ. എം. ഉമ്മർ, എം.എൽ.എ.
4. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ജെ. ലത, ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. എം. ഷെരീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
3. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

കാര്യവിവര പട്ടിക പ്രകാരമുള്ള ഇനങ്ങൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

I. **എസ്.ആർ.ഒ. സാധൂകരണം**

(ഫയൽ നമ്പർ 5758/സബ്.സി.ഇ1/2013/നി.സെ.)

(സർക്കാർ കത്ത് നമ്പർ 12961/എൽ2/06/ഉ.വി.വ. തീയതി 3-12-2013)

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ 'ദി കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2013' (എസ്.ആർ.ഒ. നമ്പർ 864/2013) പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ വിശദീകരണക്കുറിപ്പ് സമിതി അംഗീകരിക്കുകയും എസ്.ആർ.ഒ. വിജ്ഞാപനത്തിന് സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

II. 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 3 മണിക്ക് യോഗം പിരിഞ്ഞു.